
DEMOCRACY
ഒഴിവാക്കപ്പെട്ടവരുടെ ഭൂരിപക്ഷകേരളം
വിപ്ലവം
2025 ഗ്രാമപഞ്ചായത്തു
തിരഞ്ഞെടുപ്പിൽ നിന്നു
തുടങ്ങട്ടെ
ജനശബ്ദം
VOICE OF THA PEOPLE
PEOPLE'S VOICE
VP
ജനാധിപത്യം സംരക്ഷിക്കാൻ ഒന്നിക്കൂ...
പങ്കെടുക്കൂ...പ്രതികരിക്കൂ... വോട്ടു ചെയ്യൂ...
പ്രാദേശിക നേതാക്കൾ സ്വയം സംഘാടനം ഏറ്റെടുക്കുന്നു.
2025 മെയ് 10, 11 തീയതികളിൽ മൂവാറ്റുപുഴ NESTT–ൽ നടന്ന ഒഴിവാക്കപ്പെട്ടവരുടെ ഭൂരിപക്ഷകേരളം – കർഷക മഹാപഞ്ചായത്ത് തീരുമാനപ്രകാരം കേരളത്തിലെ 111 കർഷക/ജനകീയ സംഘടന നേതാക്കളിൽ നിന്നും രൂപീകരിച്ച ഉപസമിതി തയ്യാറാക്കിയ കേരളത്തെ സംബന്ധിച്ച "സാഹചര്യ വിശകലനരേഖ"
www.janasabdam.com

# ഉള്ളടക്കം


- ആരാണ് ഒഴിവാക്കപ്പെട്ടവരുടെ ഭൂരിപക്ഷ കേരളം ? എന്താണ് ജനശബ്ദം ? എന്തിനാണീ സാഹചര്യവിശകലന രേഖ ?
- സമ്പത്ത് വീതം വയ്ക്കൽ, അന്ന് ഭൂപരിഷ്ക്കരണം. ഇന്ന് അധികവരുമാനം വീതംവയ്ക്കൽ
- കൂടുതൽ ഉള്ളവരുടെ കുറയ്ക്കണം കുറച്ചു കിട്ടുന്നവരുടെ കൂട്ടണം
- ജനോന്മുഖ ഘടനാപര മാറ്റം
- സഹായവും, പങ്കാളിത്തവും കൈത്താങ്ങും
- ഏവർക്കും സ്വീകാര്യമായ സമ്പദ് വ്യവസ്ഥ
- ദരിദ്രർക്ക് നിശ്ചിത പ്രതിമാസ വരുമാനം ഉറപ്പാക്കുക
- ആരൊക്കെയാണ് ഒഴിവാക്കപ്പെട്ടവർ
- ഒഴിവാക്കപ്പെട്ടവരുടെ മഹാഭൂരിപക്ഷത്തിൽപെടുന്ന ചില ജനവിഭാഗങ്ങളും അവരുടെ ദിവസവരുമാനവും
- അതിസാഹസിക കുടിയേറ്റ കർഷകർ 19-ാം നൂറ്റാണ്ടിലെ സംരംഭകർ
- കർഷകരില്ലെങ്കിൽ ഭക്ഷണമില്ല – ജീവനുമില്ല
- 19-ാം നൂറ്റാണ്ടിൽ നവകേരളം സൃഷ്ടിച്ച യഥാർത്ഥ സാഹസിക സംരംഭകർക്കെന്തുപറ്റി
- നിർമ്മിത ബുദ്ധി ഭക്ഷണം സൃഷ്ടിക്കില്ല
- അപര നന്മ ആഗ്രഹിക്കാത്തവർ
- സാമ്പത്തിക അസമത്വം വർദ്ധിക്കുന്നു
- ജനാധിപത്യം അപകടത്തിൽ
- ജനാധിപത്യം ക്ഷീണാവസ്ഥയിൽ
- ജനാധിപത്യം ഇല്ലെങ്കിൽ വാട്ട്സ്ആപ്പ് ഇല്ല ഗൂഗിൾ ഇല്ല
- നിസ്സംഗത അർബുദം പോലെയെന്ന് മാർപാപ്പ
- ജനങ്ങളെ കേൾക്കാൻ സമയമില്ലാത്ത ജനാധിപത്യം
- പഠിക്കാത്ത ജനപ്രതിനിധികൾ
- ജനാധിപത്യം എങ്ങോട്ട്
- 1960 അല്ല 2025
- നിരന്തര ദുരന്ത ആഘാത നിസ്സംഗത മനോഭാവം
- കർഷകരെ ദുരുപയോഗം ചെയ്യുന്ന ശക്തികൾ
- ജനകീയ വിഷയങ്ങളിൽ കോടതി വ്യവഹാരങ്ങളിൽ ഇടപെടാതെ ജനവിരുദ്ധ തീരുമാനങ്ങൾ വരുമ്പോൾ കോടതിയെ പഴിചാരി രക്ഷപെടുന്ന പരിപാടി അവസാനിപ്പിക്കാനായി ജനപ്രതിനിധികളേ.
- ഇ.എം.എസിലെ കർഷക ഹൃദയം
- ഭൂമിയുടെ നടത്തുകാർ കർഷകർ എന്ന് 1937 ൽതന്നെ ഇ.എം.എസ്.
- ഭൂമിയെ നടത്തുന്നവർ ആണ് കൃഷിക്കാർ – ഇ.എം.എസ്.
- ഭൂമി, അത് കൈവശം വച്ചിരിക്കുന്നവരുടേതാണ്
- നികുതികൾ ഒഴിവാക്കുക, സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
- ഭൂമി – എന്തായിരിക്കണം നിലപാട് ?
- സംഘടിത വിഭാഗങ്ങളുടെ ചൂഷണത്തിൽ ഉടുതുണി പോലും നഷ്ടപ്പെട്ടു നിൽക്കുന്ന ദരിദ്രർ
- സാമ്പത്തിക അസമത്വം വർദ്ധിക്കുന്നു
- കർഷകരെ പിന്തുണക്കാത്തവരെ പിന്തള്ളണം
- കർഷകരും ദരിദ്രരും ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്നു
- കേരളം 'മുന്നിൽ' കർഷകർ 'പിന്നിൽ'
- പ്രതിലോമ ഗതിയിലുള്ള നികുതി, ദരിദ്രവിരുദ്ധം
- പോവർട്ടി ചീറ്റിംങ്ങ് പട്ടിണിക്കാരനെ കൊള്ളയടിക്കുന്നു
- Bureaucracy
- മന്ത്രിമാരെ സുഖവാസത്തിനായി ഊരുചുറ്റാൻ വിട്ട് ഉദ്യോഗസ്ഥർ ഭരണം കൈയ്യടക്കുന്നു.
- മന്ത്രിമാർക്ക് എന്തിന് പേഴ്സണൽ സ്റ്റാഫ്? അതുപോലുമറിയാത്ത മന്ത്രിമാർ
- നിയമനിർമ്മാണത്തിൽ വകുപ്പ് മന്ത്രിയുടെ പ്രസക്തി – രാഷ്ട്രീയ പാർട്ടികളുടെയും ഉത്തരവാദിത്വം.
- സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സ്
- മന്ത്രിമാർ, വകുപ്പുകൾ, ജീവനക്കാർ
- ഭരണസംവിധാനത്തിലെ മാമൂൽ ധാരണകളെ അട്ടിമറിച്ച ഇ.എം.എസ്
- ഐ.എ.എസുകാരും സെക്രട്ടറിമാരും കളക്ടർമാരും രാഷ്ട്രീയ നേതൃത്വത്തിന് കീഴിൽ പ്രവർത്തിക്കണം
- ഉദ്യോഗസ്ഥരെ താഴത്തേക്ക് പുനർവിന്യസിപ്പിക്കണം
- കളക്ടറാണ് രാജാവ്. 73, 74 ഭരണഘടനാ ഭേദഗതികൾ. കേരളത്തെ സംബന്ധിച്ച് പിന്നാക്കം പോക്കുതന്നെ. കളക്ടറെയും ഉദ്യോഗസ്ഥരെയും ജില്ലയുടെയഥാർത്ഥ അധിപൻമാരാക്കി – EMS
- കേരളത്തിലെ മന്ത്രിമാരും നിയന്ത്രിക്കപ്പെടുന്ന ജീവനക്കാരും
- തദ്ദേശസ്വയംഭരണ നിയന്ത്രണം ഉദ്യോഗസ്ഥരിലൂടെ സംസ്ഥാന സർക്കാരിലേക്ക് – മറ്റൊരു ഗവർണ്ണറിസമോ ?
- എസ്.ബി. സെൻ കമ്മിറ്റി റിപ്പോർട്ട്
- നിലവിൽ ജനാധിപത്യമല്ല നടക്കുന്നത്. ഉദ്യോഗസ്ഥ മേധാവിത്വമെന്ന് EMS
- അധികാരം ജനങ്ങളിലായിരിക്കണമെന്ന് EMS പക്ഷെ അധികാരം എത്തിയത് ഉദ്യോഗസ്ഥരിലും
- 2025-ൽ വരാനിരിക്കുന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പ് രണ്ടാം സ്വാതന്ത്ര്യ സമരമാകണം
- ആരാണ് ഭൂരിപക്ഷം
- വാർഡിൽ ആരാണ് ഭൂരിപക്ഷം
- വാർഡിൽ സംഘടിതർ ന്യൂനപക്ഷം, ഒഴിവാക്കപ്പെട്ടവർ ഭൂരിപക്ഷം
- ഇത് ചരിത്രവിജയം മീനച്ചിൽ ഗ്രാമപഞ്ചായത്ത് 1995
- കിഴക്കമ്പലം 2015
- അഴിമതി ജനകീയവൽക്കരണം
- മന്ത്രിമാർക്ക് നിയന്ത്രിക്കാനാവാത്ത എണ്ണം ജീവനക്കാർ
- ജനപക്ഷ വിഷയങ്ങൾ മറക്കുന്ന രാഷ്ട്രീയ പാർട്ടികൾ
- രാഷ്ട്രീയം എന്നാൽ സർവ്വത്ര അഴിമതി
- അസ്വസ്ഥത ഉണ്ടാക്കാനല്ല അന്നംമുട്ടും എന്ന് ചൂണ്ടിക്കാണിക്കാൻ മാത്രം
- സംഘടനയില്ലാത്ത ദരിദ്രരും കർഷകരും
- വരുമാനം ശമ്പളത്തിനുമാത്രം
- വിലക്കയറ്റത്തിനനുസൃതമായിരുന്നോ ശമ്പളവർദ്ധനവ്
- നമുക്ക് കേരളത്തിന്റെ 2025-ലെ ചില പച്ചയായ യാഥാർത്ഥ്യങ്ങളിലേക്ക് നോക്കിയിട്ട് ഭാവിയെപ്പറ്റി ചിന്തിക്കാം.
- കർഷകനും ഭരണകൂടവും ഇരട്ടനീതി
- കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശമ്പള വർദ്ധനവുകൾ – അക്കാലത്തെ മുഖ്യമന്ത്രിമാർ (1969-2023), ഭരിച്ച മുന്നണികൾ
- 1968-2023 കാലഘട്ടത്തിലെ കേരളത്തിലെ പ്രധാന വിളകളുടെ വിലവർദ്ധനവും സംഘടിത മേഖലയിലെ ശമ്പളവർദ്ധനവും
- 2031 രൂപാ പ്രതിദിനവരുമാനമാക്കാരനും 43 രൂപാ വരുമാനക്കാരനും
- സാമൂഹിക സുക്ഷാ പെൻഷൻ എത്രകൂടി
- 88% സർക്കാർ എൻ.ജി.ഒ. മാരും എൻ.ജി.ഒ. യൂണിയൻകാർ
- സാമൂഹിക സുരക്ഷാപെൻഷൻ വർദ്ധനവ് 1980-2025
- സർക്കാരിലെ കൈക്കൂലിക്കാർ ആരൊക്കെ
- എന്താണീ സിസ്റ്റം
- സർക്കാർ ജീവനക്കാരുടെ അവസ്ഥ – രാഷ്ട്രീയ നിരീക്ഷണം
- ജനപ്രതിനിധികൾ എവിടെ
- Separation of Powers – നിയന്ത്രിക്കപ്പെടേണ്ട സർക്കാർ ജീവനക്കാർ
- സർക്കാർ ഉദ്യോഗസ്ഥരെ ഒരു ഫയൽ ഒരു ജീവിതം ഓർമ്മിപ്പിച്ച് മുഖ്യമന്ത്രി
- സർക്കാർ ജീവനക്കാർക്ക് എവിടെയോ പിഴച്ചിട്ടുണ്ട്.
- സേവനങ്ങൾ വൈകിപ്പിക്കുന്നതും അഴിമതി – മുഖ്യമന്ത്രി
- ഭരണവേഗം പോരാ, ഫയലുകൾ ഇഴയുന്നു: മുഖ്യമന്ത്രി
- ഫയലുകൾ ജീവകാരുണ്യ മനോഭാവത്തോടെ കൈകാര്യം ചെയ്യണം
- കൈക്കൂലിക്കാരെ നമുക്കുവേണ്ടാ
- ക്ഷമ നശിക്കുന്ന വൈറ്റ് കോളർ ബെഗേഴ്സ് അലവലാതി ഡോക്ടർമാർ
- സർക്കാർ ജീവനക്കാർ വൈറ്റ് കോളർ ബെഗേഴ്സ് എന്ന് M.V. ഗോവിന്ദൻ
- അലവലാതി ഡോക്ടർമാർ എന്ന് ഗതാഗതമന്ത്രി കെ.ബി. ഗണേഷ് കുമാർ
- കേരള ധനകാര്യം ജനങ്ങളറിഞ്ഞിരിക്കണം മാറേണ്ട ഇടതുപക്ഷ ചിന്തകൾ
- കൂലി കുത്തനെകൂട്ടി കൃഷി നഷ്ടത്തിലാക്കി
- വരുമാനമില്ലാത്തതുകൊണ്ട് കടം എടുത്ത് മുടിയുന്ന കർഷകൻ
- കൊടുക്കാൻ പറ്റുന്ന കൂലിയേ അവകാശപ്പെടാവൂ
- സംസ്ഥാന വരുമാനം 85% വർദ്ധിച്ചപ്പോൾ കാർഷിക വരുമാനം 6% പിന്നോട്ട്
- തകർച്ച സഹിക്കാം, ന്യായീകരണമാണ് സഹിക്കാൻ പറ്റാത്തത്
- കൃഷി തകരുന്നെന്ന് ഇടതു സാമ്പത്തിക വിദഗ്ധർ
- സമ്പന്നന്റെ സംഘടിതന്റെ ജീവൻ കർഷകന്റെ ഔദാര്യമാണ്
- വോട്ടിലൂടെ ഉത്തരം, ഇനിയൊരു അവസരം കിട്ടണമെന്നില്ല
- സംഘടനയില്ലാത്ത ദരിദ്രരും കർഷകരും
- സമ്പന്ന പ്രഭു ശമ്പള വിഭാഗത്തെ പിന്തുണയ്ക്കുന്നത് ആരാണ്?
- ദരിദ്രരെ കൊള്ളയടിച്ച് സമ്പന്നരെ പ്രീണിപ്പിക്കുന്നവർ
- തൊഴിലാളികളെയും ദരിദ്രരെയും കൊള്ളയടിച്ച് സമ്പന്നർക്ക് പണം നൽകുന്ന പ്രതിലോമ ഗതിയിലുള്ള നികുതി, ദരിദ്രവിരുദ്ധം
- ജയിംസ് ബുക്കാനനനും റിച്ചാർഡ് മസ്ഗ്രേവും
- കിഫ്ബിയും സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയും സർക്കാർ ജീവനക്കാരുടെ ശമ്പളം മുടങ്ങാതിരിക്കാനുള്ള ഐസക്കിയൻ തന്ത്രം
- സഹകരണബാങ്ക് നിക്ഷേപങ്ങളുടെ സർക്കാർ ഗ്യാരന്റി
- കേരള ധനകാര്യത്തിലെ പ്ലാൻ ബി പാവപ്പെട്ടവരുടെ മേലുള്ള നികുതികൂട്ടി മലയാളിയെ കൂടുതൽ പിഴിയും
- Right to Recall
- എം.എൽ.എ., എം.പി. ശരിയല്ലെങ്കിൽ തിരിച്ചുവിളിക്കാമെന്നോ?
- ഗ്രാമസഭ ആകട്ടെ വിപ്ലവവേദി
- അപര നീതിക്കുവേണ്ടി പോരാടാൻ, ഭരിക്കാൻ നാളിതുവരെ നമുക്ക് സാധിച്ചിട്ടില്ല.
- ഉപാധിരഹിത സർവ്വസ്വാതന്ത്ര്യ കൃഷിഭൂമി കർഷക അവകാശം
- കേരള മോഡൽ മൃഗീയ ചൂഷണം
- വന്യജീവി മനുഷ്യ കൊലപാതകങ്ങൾ – ആധുനിക നീറോ ചക്രവർത്തിമാർ
- കർഷക വിരുദ്ധ പരിസ്ഥിതി തീവ്രവാദം
- No Farmers No Food
- പരിസ്ഥിതി സംരക്ഷണ വൈരുദ്ധ്യങ്ങൾ
- പരിസ്ഥിതി സംരക്ഷണ, വികസന മുന്നേറ്റത്തിൽ അന്യം നിന്നു പോകുന്ന ആദിവാസി ദളിത് വിഭാഗങ്ങൾ
- എന്തായിരിക്കാം പ്ലാൻ ബി?
- ദരിദ്രനെ കൊള്ളയടിക്കാൻ സെസ് / ഫീസ്
- 20 ലക്ഷം ദരിദ്രർക്ക് പുതുതായി പ്രതിമാസം 5000 രൂപ സ്റ്റാച്ചൂട്ടറി പെൻഷൻ
- പെൻഷൻ സോഷ്യലിസം
- ഭൂനികുതി കീശകീറും
- ദരിദ്രനെ കൊള്ളയടിച്ച ഭൂനികുതി
- വിപ്ലവം ഗ്രാമസഭയിലൂടെ
- ഗ്രാമസഭ എന്നാലെന്ത്?
- ഗ്രാമസഭ മെമ്പർ ആരാണ്?
- ആ ഗ്രാമസഭ സംഘടിപ്പിക്കേണ്ടത് ആരാണ്?
- ആരാണ് ഗ്രാമസഭാ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടത്?
- ഗ്രാമസഭ യോഗങ്ങൾ
- ഗ്രാമസഭാ യോഗങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും ചിട്ടയായും നടത്തുന്നതിന്
- ഗ്രാമസഭാ യോഗവും മെമ്പറുടെ അയോഗ്യതയും
- ഗ്രാമസഭയുടെ അധികാരങ്ങൾ, ചുമതലകൾ
- സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ























# ആരാണ് ഒഴിവാക്കപ്പെട്ടവരുടെ ഭൂരിപക്ഷ കേരളം ?

## എന്താണ് ജനശബ്ദം ?

## എന്തിനാണീ "സാഹചര്യ വിശകലന" രേഖ ?

## ആരാണിതിനു നേതൃത്വം നൽകേണ്ടത് ?

**www.janasabdam.com**

പ്രിയ സുഹൃത്തുക്കളെ,

കേരള സംസ്ഥാനത്ത് ആസന്നമായിരിക്കുന്ന ത്രിതല തദ്ദേശ ഭരണസമിതികളിലേക്കുള്ള തിരഞ്ഞെടുപ്പ് എന്തുകൊണ്ടും വളരെയധികം പ്രാധാന്യം അർഹിക്കുന്നു എന്ന തിരിച്ചറിവിലേക്ക് പൊതുജനങ്ങളുടെ ചിന്താധാര എത്തിയിരിക്കുകയാണ്. എല്ലാ കാര്യങ്ങളും ചേരികളായി നിന്ന് പൊരുതുന്നതായി ജനങ്ങൾക്ക് തോന്നുന്ന രീതിയിൽ  രാഷ്ട്രീയക്കാർ കയ്യടക്കി വയ്ക്കുമ്പോൾ വോട്ടു ചെയ്യുന്ന സാധാരണ പൗരന് അവന്റെ അവകാശം അനുസരിച്ചുള്ള ഭരണം അന്യമാകുന്നു.

ഈ സാഹചര്യവിശകലന രേഖയുടെ ലക്ഷ്യം പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കർഷകരും ഒഴിവാക്കപ്പെട്ടവരും അവരുടെ താല്പര്യങ്ങളും അവകാശങ്ങളും നേടാൻ ഉതകത്തക്ക വിധം നിലപാടെടുത്ത് ആദ്യഘട്ടത്തിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ നിർണ്ണായക ശക്തി ആകുക എന്നതാണ്. ഇതിലേക്ക് ജനങ്ങളെ നയിക്കണമെങ്കിൽ എന്താണ് ഇന്നത്തെ ഭരണകുടത്തിന്റെ അവസ്ഥ എന്നു കൃത്യമായും വിശദമായും വിലയിരുത്തണം. എവിടെയാണ് നാമെന്നു മനസ്സിലാക്കണം. എങ്കിലേ നിർദ്ദേശിക്കുന്ന മാറ്റങ്ങളുടെ പ്രസക്തി മനസിലാകു.

അതിന്, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽ അനിവാര്യ ചുമതലകൾ, പൊതു ചുമതലകൾ, മേഖലാ ചുമതലകൾ ഏതൊക്കെ സാധാരണക്കാരുമായി ബന്ധപ്പെട്ടതാണ് എന്ന് കണ്ടെത്തി, ഭരണ സമിതി ആ ചുമതലകൾക്ക് മുൻഗണന നൽകി നടപ്പാക്കിയാൽ എല്ലാ തദ്ദേശ ഭരണയിടത്തും പരമാവധി പുരോഗതി ഉണ്ടാക്കാനും സാധാരണക്കാരുടെ ജീവിതത്തിൽ സമ്പൂർണ്ണ അഭിവൃദ്ധി കൈവരുത്താനും കഴിയും. 1994ൽ പുതിയ പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങൾ നിലവിൽ വന്നിട്ടും ഇതുവരെയും അത്തരത്തിലുള്ള കാര്യങ്ങൾ നടക്കാത്തത് ഭരണസമിതികളിൽ ചുമതലകളെക്കുറിച്ച് അറിവുള്ളവരും ഒഴിവാക്കപ്പെട്ടവരുടെ താല്പര്യങ്ങൾ ഉൾക്കൊള്ളു ന്നവരും വേണ്ടത്ര ഇല്ലാത്തതുകൊണ്ടാണ്. അതോടൊപ്പം തന്നെ തദ്ദേശ ഭരണം രാഷ്ട്രീയക്കാർക്ക് ഏല്പിച്ചുകൊടുത്ത് ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർ കാഴ്ചക്കാരും കേവലം നോക്കുകുത്തികളും ആയി പരിണമിച്ചിരിക്കുന്നത് കൊണ്ടാണ് അത് സംഭവിക്കുന്നത്. അതുകൊണ്ട്, തദ്ദേശ ഭരണ നിയമങ്ങളും പ്രാദേശിക സർക്കാർ ആയി ഭരണഘടന ഉയർത്തിയിരിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളും കൃഷിക്കും കർഷകർക്കും ദരിദ്രർക്കും ഒഴിവാക്കപ്പെട്ടവർക്കും പ്രയോജനപ്പെടുത്തുന്നതിനു നാം നേരിട്ട് ഗ്രൗണ്ടിൽ ഇറങ്ങി കളിക്കാൻ തയാറാകണം. വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ പരമാവധി ഇടങ്ങളിൽ "ഒഴിവാക്കപ്പെട്ട സാധാരണക്കാർ" മത്സരത്തിന് ഇറങ്ങി വിജയിച്ച് തദ്ദേശ ഭരണ സമിതികളിൽ ഇടം നേടണം.

ഇന്ത്യാ മഹാരാജ്യത്ത് കേരളത്തിന് മാത്രമായി അവകാശപ്പെടാവുന്ന കാര്യങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് ലഭിക്കുന്ന തുടർച്ചയായ മഴയും ഈ നാട്ടിലെ ഫലപുഷ്ടമായ മണ്ണും. ഇതോടൊപ്പം മണ്ണിൽ കൃഷിചെയ്തു വിളവെടുപ്പ് നടത്തുന്ന മലയാളിയുടെ മനസ്സും ചേർന്നപ്പോൾ വിരചിതമായതാണ് കേരളത്തിന്റെ മനസ്സും, സംസ്കാരവും, ഭക്ഷണവും, കടൽ കടന്ന ഭക്ഷ്യസമ്പത്തും. എന്നാൽ ഇന്ന് കൃഷി ആദായമല്ല എന്ന കാരണത്താൽ കർഷകർ കൃഷി ഉപേക്ഷിക്കുന്നു, ഒപ്പം പുതിയ തലമുറക്ക് കൃഷിയിൽ താല്പര്യമില്ലാത്ത അവസ്ഥ വന്നുഭവിക്കുകയും ചെയ്തിരിക്കുന്നു.

ലോകം എന്തു പുരോഗതി കൈവരിച്ചാലും മനുഷ്യർക്ക് ഒരിക്കലും ഉപേക്ഷിക്കുവാൻ സാധിക്കാത്ത കാര്യമാണല്ലോ ഭക്ഷണം.






















കൃഷിക്ക് ഏറ്റവും അനുയോജ്യമായ കേരളത്തിൽ കൃഷി ഫലപ്രദമായ രീതിയിൽ നടത്തപ്പെടണം. ഭക്ഷണം കഴിക്കുന്ന എല്ലാവരും, നേരിട്ടോ അല്ലാതെയോ കൃഷിയിൽ പങ്കാളികൾ ആവണം. അതിനുള്ള പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന ആലോചന ശാലകൾ ആയി തദ്ദേശ സ്ഥാപനങ്ങൾ മാറണം.

ഇതോടൊപ്പം ചേർത്ത് വയ്ക്കേണ്ട മറ്റൊരു കാര്യമാണ് ഈ സുന്ദരമായ ഭൂമികയിൽ കൃഷി ചെയ്യാതെയും കാടുപിടിച്ചും കിടക്കുന്ന സ്വകാര്യ/ പൊതു സ്ഥലങ്ങൾ. കേരളത്തിൽ ഒരിറ്റു സ്ഥലം പോലും വെറുതെ കിടക്കാത്ത രീതിയിൽ, കേരളത്തെ സുന്ദരമാക്കി മാറ്റുവാൻ നമുക്ക് സാധിക്കും.

കൃഷിക്ക് യോഗ്യമായ, എന്നാൽ കൃഷി ചെയ്യാതെ കിടക്കുന്ന സ്ഥലങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ വഴി കൃഷി ചെയ്യുവാൻ താൽപ്പര്യം ഉള്ള സംഘങ്ങൾക്ക് ഭൂവുടമയുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട്, കൃഷിക്കായി വിട്ടുനൽകുന്ന പദ്ധതികൾ ഉണ്ടാവണം. ആധുനിക കൃഷി രീതികൾ ഇവിടെ ഉപയോഗിക്കപ്പെടണം. അതിനായി വിദേശ മലയാളികളുടെ അനുഭവം സമ്പത്ത് ഓരോ തദ്ദേശത്തും ഉപയോഗിക്കണം.

അതുപോലെ തന്നെ പ്രധാനപ്പെട്ട കാര്യമാണ് ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും പരിധിക്കുള്ളിൽ വരുന്ന കാടുപിടിച്ചു ഉപയോഗ ശൂന്യമായി കിടക്കുന്ന പൊതുസ്ഥലങ്ങൾ. ഈ ഇടങ്ങൾ എങ്ങനെ മനോഹരമാക്കി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ആക്കി സംരക്ഷിക്കുവാൻ സാധിക്കുമെന്ന് അതാതു സ്ഥലങ്ങളിലുള്ളവർക്ക് നിർദ്ദേശിക്കാൻ സാധിക്കും. ഇത് ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും വെബ്സൈറ്റിൽ പ്രദർശിപ്പിച്ചു പൊതുജനങ്ങളുടെ അംഗീകാരം തേടി നടപ്പിൽ വരുത്തുവാൻ സാധിക്കും.

ഇക്കാര്യത്തിൽ നമ്മുടെ യുവജനങ്ങൾ, പ്രവാസികൾ, കേരളത്തിന് പുറത്തും വിദേശ രാജ്യങ്ങളിൽ സഞ്ചരിച്ചിട്ടുള്ളവർക്കും ഒക്കെ ധാരാളം വീക്ഷണങ്ങൾ പങ്കുവയ്ക്കുവാൻ സാധിക്കും. അങ്ങനെ കേരളം മുഴുവൻ മാറുവാനും മാറ്റുവാനും ,സാധിക്കും.

നിയമവും ഭരണവും കർഷകർക്ക് പ്രയോജനപ്പെടുത്തുന്നതിനു കൃഷി സംബന്ധിച്ച സ്റ്റാൻഡിങ് കമ്മിറ്റിയുടെ ചെയർമാൻ കർഷകനായിരിക്കണം. അതിനപ്പുറം ബഡ്ജറ്റ് തയാറാക്കുന്ന ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ചെയർമാൻ ആയ വൈസ് പ്രസിഡന്റ് ഒഴിവാക്കപ്പെട്ടവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന വ്യക്തിയാകണം. അതിനും അപ്പുറം പ്രസിഡന്റ് കൂടി ജനശബ്ദത്തിന്റെ പ്രതിനിധി ആയാൽ പൂർണ പ്രയോജനം നേടാൻ കഴിയും. സംസ്ഥാന ഭരണത്തിലായാലും പ്രാദേശിക ഭരണത്തിലായാലും പണം ചെലവഴിക്കുന്നതിലെ മുൻഗണനയാണ് പുരോഗതിയുടെ ആണിക്കല്ല്. ഒഴിവാക്കപ്പെട്ടവർക്ക് മുൻഗണന ലഭിക്കണമെങ്കിൽ സാധാരണക്കാരന്റെയും ഒഴിവാക്കപ്പെട്ടവന്റെയും കർഷകന്റെയും കൃഷിയുടെയും പുരോഗതിയിൽ ആത്മാർത്ഥയുള്ള, അതിനപ്പുറം, ആവേശം കൊള്ളുന്നവർ അധികാര സ്ഥാനങ്ങളിൽ എത്തണം.

ഇത്തവണത്തെ തദ്ദേശ ഭരണ തെരഞ്ഞെടുപ്പിൽ "ഒഴിവാക്കപ്പെട്ടവർ" അരയും തലയും മുറുക്കി ഇറങ്ങി പരമാവധി പേർ ഭരണസമിതികളിൽ എത്തിച്ചേര ത്തക്കവിധം മത്സര രംഗത്തിറങ്ങണം.

തദ്ദേശ ഭരണ തെരഞ്ഞെടുപ്പിൽ കരുത്ത് തെളിയിക്കാൻ ഒഴിവാക്കപ്പെട്ടവർക്ക് കഴിഞ്ഞാൽ നിയമസഭാ തെരഞ്ഞെടുപ്പിൽ സീറ്റ് നേടാൻ കഴിയും. അതുവഴി സംസ്ഥാന ഭരണം കൂടി കൂടുതൽ ഒഴിവാക്കപ്പെട്ട ഭൂരിപക്ഷത്തിന് അനുകൂലമാക്കാൻ കഴിയും. അതിനായി നമുക്ക് ഒത്തു ചേരാം.

സംസ്ഥാനതലത്തിൽ മാസങ്ങൾ നീണ്ടുനിന്ന കൂട്ടായ പ്രവർത്തനങ്ങളുടെയും ചർച്ചകളുടെയും സംവാദങ്ങളുടെയും അടിസ്ഥാനത്തിലാണ് നാം ഈ സാഹചര്യ വിശകല രേഖ പുറത്തിറക്കിയത്. എന്നാൽ ഇനിയങ്ങോട്ടുള്ള പ്രവർത്തനം പൂർണ്ണമായും വികേന്ദ്രീകൃതമായിരിക്കും. ഇക്കാര്യത്തിൽ നമ്മളെ നയിക്കേണ്ടത് നാം തന്നെയാണ്. സമാന ചിന്താഗതിക്കാരെയും പ്രസ്ഥാനങ്ങളെയും പ്രാദേശികമായി സ്വയം സംഘടിപ്പിച്ച് ഏകീകൃത പ്രാദേശിക നേതൃത്വത്തിൻ കീഴിൽ ഒന്നിക്കുക, ജനങ്ങളെ മാതൃകപരമായി നയിക്കുക. തിരഞ്ഞെടുപ്പിൽ ഒറ്റക്കെട്ടായി മത്സരിച്ചു വിജയിക്കുക...

**എന്ന്**

**"ഒഴിവാക്കപ്പെട്ട ഭൂരിപക്ഷ കേരളത്തി"ന്റെ സംയുക്ത മുന്നേറ്റമായ "ജനശബ്ദം"**




എന്തൊക്കെ കിട്ടി എന്നല്ല എന്തുകൂടി കിട്ടാം എന്നുമാത്രം ചിന്തിക്കുന്ന തലമുറയാണിത്. ആനുകൂല്യങ്ങൾ അനുഭവിക്കുന്ന സമൂഹം കടമകൾ മറക്കുന്നു. ഈ മണ്ണിന്റെ മക്കൾക്കെല്ലാം ഒരുപോലെ നീതികിട്ടാൻ വേദനാജനകമായ ചികിത്സാവിധികൾ മാത്രമെ മുമ്പിലുള്ളൂ എന്നതാണ് പരമസത്യം. കൂടുതൽ കിട്ടിക്കൊണ്ടിരിക്കുന്നവർ അതിൽ കുറവു വരാതിരിക്കാൻ ശക്തമായി ശ്രമിക്കും. കിട്ടാത്തവർ അസംഘടിതരാണെങ്കിൽ കാര്യം കൂടുതൽ വഷളാകും. അതുകൊണ്ടുതന്നെ സമ്പത്ത് വീതം വയ്ക്കുമ്പോൾ (സർക്കാരിന്റെ ധനം അടക്കം) നേരായ വഴികളിലൂടെയും വളഞ്ഞ വഴികളിലൂടെയും സമ്പത്ത് സ്വന്തമാക്കിയ ചില വിഭാഗങ്ങൾക്ക് അതിൽനിന്നു കുറെ വിട്ടുനൽകേണ്ടി വരും. 1960-കളിൽ ഭൂരിപക്ഷ ജനക്ഷേമപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ സംസ്ഥാന സർക്കാർ അന്നത്തെ ഭൂവുടമകളായ സമ്പന്നരുടെ സമ്പത്ത് ദരിദ്രർക്ക് ലഭിക്കാൻ പല തീരുമാനങ്ങളെടുത്ത സംസ്ഥാനമാണ് കേരളം. ഭൂപരിഷ്കരണ നിയമം, കുടികിടപ്പവകാശം അങ്ങനെ നിരവധി നീക്കങ്ങൾ/ തീരുമാനങ്ങൾ. അത്തരത്തിലൊരു വിപ്ലവനീക്കമാകണം ജനോന്മുഖ സാമ്പത്തിക ഘടനാപര നയമാറ്റത്തിന്റെ ഭാഗമായി നിർദ്ദേശിക്കുന്ന സമ്പത്ത്/നികുതിപണം/വരുമാനം വീതംവയ്ക്കൽ കാര്യത്തിലും നടക്കേണ്ടത്. അന്ന് ഭൂവുടമകൾക്കായിരുന്നു സാമൂഹിക നീതിക്കായുള്ള നടപടികളിൽ നഷ്ടം സംഭവിച്ചതെങ്കിൽ ഇന്നത് സമ്പന്ന സംഘടിത സമൂഹത്തിനാണെന്ന വ്യത്യാസം മാത്രം.

## കൂടുതൽ ഉള്ളവരുടെ കുറയ്ക്കണം കുറച്ചു കിട്ടുന്നവരുടെ കൂട്ടണം

സർക്കാർ നടപടികളുടെ ഭാഗമായി കൂടുതൽ കൈപ്പറ്റുന്നവരുടേത് കുറയ്ക്കണം. കുറച്ചു നൽകിക്കൊണ്ടിരിക്കുന്നവർക്ക് കൂട്ടി നൽകണം. എല്ലാവരെയും തുല്യരാക്കണമെന്നല്ല പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള അന്തരം കുറയണം. എല്ലാവർക്കും മാന്യമായി ജീവിക്കാനുള്ള വരുമാനം/ധനസഹായം ലഭിക്കുക എന്നത് മൗലികാവകാശമാക്കണം. ശമ്പളവും പെൻഷനും സബ്സിഡികളും ആനുകൂല്യങ്ങളും നികുതി ചുമത്തലും ഒക്കെ അതിനനുസൃതമായി പുനർക്രമീകരിക്കണം. സോഷ്യലിസമാണ് കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ 2025 ലെയും അടിസ്ഥാന പ്രമാണം.

## ജനോന്മുഖ ഘടനാപര മാറ്റം

സംസ്ഥാനത്ത് ഏറ്റവും അധികം ജനങ്ങളെ ബാധിക്കുന്ന മേഖലയാണ് കാർഷിക, ഗ്രാമീണ, അസംഘടിത മേഖല. ഗ്രാമീണ മേഖലയിൽ ഏറ്റവും അധികം തൊഴിൽ നൽകുന്ന മേഖലയും ഇതുതന്നെ. രാജ്യത്തെ ജനങ്ങളെ തീറ്റിപോറ്റുന്ന ഭക്ഷ്യവസ്തുക്കൾ കൃഷി ചെയ്തു ജീവിതം തന്നെ ഹോമിച്ചു തീർക്കുന്ന ജനവിഭാഗമാണ് കർഷകർ. കൃഷിഭൂമിയുടെ വിസ്തൃതി ഘട്ടംഘട്ടമായി കുറഞ്ഞുകൊണ്ടിരിക്കുകയും ഉള്ള കൃഷിസ്ഥലത്തു നിന്നും ലഭിക്കുന്ന ഉല്പന്നങ്ങളുടെ തൂക്കവും വിലയും നിരന്തരം കുറഞ്ഞുകൊണ്ടിരിക്കുകയും കൃഷിഭൂമിയിൽ പണിയെടുക്കാൻ ആളെ കിട്ടാതെ വരുകയും ചെയ്യുന്നതിനാൽ കർഷകർ പോലും കൃഷി ഭൂമി തരിശായി ഇടുന്ന സാഹചര്യം കേരളത്തിലെ ഭക്ഷ്യസുരക്ഷയെ തന്നെ ബാധിക്കും.

## സഹായവും, പങ്കാളിത്തവും കൈത്താങ്ങും

കാർഷിക മേഖല പോലെ തന്നെ പ്രധാനപ്പെട്ട തീരമേഖല ഇപ്പോഴും പട്ടിണിയുടെയും വറുതിയുടെയും പിടിയിലാണ്. അവിടെയും ബഹുഭൂരിപക്ഷം വരുന്ന മത്സ്യതൊഴിലാളികൾ സംഘടിത, സമ്പന്ന മത്സ്യവിപണനക്കാരുടെ ദയയിൽ കിട്ടുന്നത് കൊണ്ട് കഴിയുകയാണ്. കടലിൽ നിന്നും മത്സ്യം ചന്തകളിലേക്ക് നേരിട്ട് മാത്രം എത്തിക്കാൻ മത്സ്യതൊഴിലാളികൾക്ക് കഴിയണം. കടലിൽ നിന്നും വിപണിയിലേക്ക് മത്സ്യം ഇടനിലക്കാരില്ലാതെ എത്തിക്കാനായാൽ മത്സ്യമേഖലയിൽ പ്രവർത്തിക്കുന്നവരുടെ വരുമാനം പത്തിരട്ടിയായി വർദ്ധിപ്പിക്കാനാവും. കർഷകർക്കും കാർഷിക അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും വലിയ തോതിൽ സഹായവും പങ്കാളിത്തവും കൈത്താങ്ങും ലഭിക്കുന്ന രീതിയിൽ സംസ്ഥാന നികുതി പണം വീതം വയ്ക്കുമ്പോഴാണ് സാമൂഹിക നീതി നടപ്പിലാകുന്നത്. ദരിദ്രരുടെയും അശരണരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും താല്പര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് സംസ്ഥാനത്തിന്റെ വരുമാന മാർഗ്ഗങ്ങൾ ഈ വിഭാഗങ്ങൾക്ക് അർഹമായ രീതിയിൽ വീതം വയ്ക്കുമ്പോഴാണ്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദനം, വിവിധ മേഖലകളിൽ പണിയെടുക്കുന്നവർ, വിവിധ വിഭാഗങ്ങളുടെ കുടുംബവരുമാന സ്രോതസ്സുകൾ എന്നിവയൊക്കെ വിലയിരുത്തി ആ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ സഹായവും സംരക്ഷണവും ആവശ്യമായ മേഖലകളിലേക്ക് നികുതി പണം വഴിതിരിച്ചുവിടുന്ന ഒരു ജനോന്മുഖ ഘടനാപര മാറ്റം "Democratic Structural Change നടത്തേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുന്നു.

## ഏവർക്കും സ്വീകാര്യമായ സമ്പദ് വ്യവസ്ഥ

സർക്കാർ വരുമാനം നീതിപൂർവ്വം വീതംവച്ചുകൊണ്ട് ഉല്പാദക ശക്തികളെ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് സർവ്വർക്കും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ പര്യാപ്തമായ ഒരു സാമ്പത്തിക നയമാണ് നമുക്കാവശ്യം. ചൂഷണം അവസാനിപ്പിക്കുക, ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക, എല്ലാവർക്കും സാമ്പത്തിക ഭദ്രത കൈവരുത്തുക ഇതായിരിക്കണം നമ്മുടെ ലക്ഷ്യം. യഥാർത്ഥ ദാരിദ്ര്യം അനുഭവിക്കുന്നവർക്കെല്ലാം സർക്കാർ ധനസഹായം ഇടനിലക്കാരില്ലാതെ നേരിട്ടെത്തണം. കർഷകരും ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരും അടങ്ങുന്ന അദ്ധ്വാന വർഗ്ഗത്തിന്റെ ഉന്നമനം ഉറപ്പുവരുത്തുന്ന അവരുടെ അദ്ധ്വാനത്തിനനുവദിച്ച പണം സർക്കാർ അവർക്ക് നൽകുന്ന സമ്പദ് വ്യവസ്ഥയാണുണ്ടാകേണ്ടത്. അതിന് സഹായകരമായ നയങ്ങളാണ് രൂപപ്പെടുത്തേണ്ടത്. മിച്ചഭൂമി പിടിച്ചെടുക്കലിനേക്കാൾ വിപ്ലവകരമാകണം മിച്ച വരുമാനം/മിച്ച ശമ്പളം പിടിച്ചെടുക്കൽ.

## ദരിദ്രർക്ക് നിശ്ചിത പ്രതിമാസ വരുമാനം ഉറപ്പാക്കുക

സമൂഹത്തിന്റെ താഴെതട്ടിലുള്ള കർഷകർ, കർഷതൊഴിലാളികൾ, മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്നവർ, വീട്ടമ്മമാർ, ദരിദ്രർ, വിവിധങ്ങളായ അവശതകൾ അനുഭവിക്കുന്നവർ എന്നിവർക്കൊക്കെ നിശ്ചിത പ്രതിമാസ വരുമാനം ഉറപ്പാക്കുന്ന പുതിയ പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ ധനവിഭവങ്ങൾ ജനസംഖ്യാടിസ്ഥാനത്തിൽ പങ്കുവയ്ക്കണം. അങ്ങനെ സംസ്ഥാനത്തിന്റെ നികുതിപണം ജനസംഖ്യാടിസ്ഥാനത്തിലും ഓരോ കുടും



ബത്തിന്റെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പങ്കുവയ്ക്കപ്പെടണം. ഇങ്ങനെ വീതം വയ്ക്കാൻ നയപരമായ തീരുമാനം ഉണ്ടായാൽ കാര്യങ്ങൾ എളുപ്പമായി. അങ്ങനെ സംസ്ഥാനത്തിന്റെ നികുതിപണം ജനസംഖ്യാടിസ്ഥാനത്തിലും ഓരോ കുടുംബത്തിന്റെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പങ്കുവയ്ക്കാനുള്ള വിപ്ലവകരമായ തീരുമാനത്തിന് ജനകീയ മാൻഡേറ്റ് ലഭ്യമാക്കണം. അതിനായി ജനോൻമുഖ ഘടനാപര നയമാറ്റം (Democratic Structural Change Policy) രാഷ്ട്രീയ പാർട്ടികളുടെ പ്രകടനപത്രികകളിലെ ഒന്നാം വാഗ്ദാനമാകണം. അത്തരമൊരു പ്രകടന പത്രികയെ അടിസ്ഥാനമാക്കി ജനങ്ങൾ ആ പാർട്ടിയെ/മുന്നണിയെ അധികാരത്തിലേറ്റിയാൽ ഒരു കോടതിക്കും ആ മാൻഡേറ്റിനെ എതിർക്കാനാവില്ല. അതിന് തുടക്കം കുറിക്കേണ്ടത് ഗ്രാമസഭകളിൽ ആയിരിക്കണം. വരാനിരിക്കുന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പ് അതിനുള്ള വേദിയായിരിക്കണം.




ആരൊക്കെയാണ് കേരള വികസനത്തിൽ/ വളർച്ചയിൽ ഒഴിവാക്കപ്പെട്ടവർ എന്നു നാം ആദ്യം അറിയണം.

2023-24-ലെ സംസ്ഥാന സർക്കാർ കണക്കനുസരിച്ച് കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വാർഷിക വരുമാനം 176072 രൂപയാണ്. പ്രതിമാസ വരുമാനം 14673 രൂപാ. മാസത്തിൽ 25 പ്രവൃത്തിദിവസങ്ങളെന്ന കണക്കെടുത്താൽ ദിവസ വരുമാനം 587 രൂപാ. 587 രൂപാ ദിവസ വരുമാനം കിട്ടാത്തവരൊക്കെ ഒഴിവാക്കപ്പെട്ടവരുടെ മഹാഭൂരിപക്ഷത്തിൽ പെട്ടവരാണ്.

കേരളത്തിലെ വീട്ടമ്മമാർ വീട്ടുജോലിക്കായി ചിലവഴിക്കുന്ന സമയത്തിന്റെ കണക്കൊന്നും ഒരു പുരോഗമന സ്ത്രീ സമത്വ ദേശീയ സംസ്ഥാന രാഷ്ട്രീ പാർട്ടികളുടെ സമ്മേളനങ്ങളിലോ രാഷ്ട്രീയ പഠന/ പ്രബന്ധങ്ങളിലോ കണ്ടില്ല.

ഒഴിവാക്കപ്പെട്ടവരുടെ ജനവിഭാഗങ്ങളിൽ സാമൂഹിക സുരക്ഷ പെൻഷൻ വാങ്ങുന്ന കുടുംബങ്ങളാണ് ഏറ്റവും ദരിദ്ര ജനവിഭാഗം.

**ഒഴിവാക്കപ്പെട്ടവരുടെ മഹാഭൂരിപക്ഷത്തിൽപെടുന്ന ചില ജനവിഭാഗങ്ങളും അവരുടെ ദിവസവരുമാനവും താഴെപറയുന്ന പ്രകാരമാണ്.**

| വിഭാഗം | ഏകദേശം എണ്ണം | ദിവസ വരുമാനം (രൂപാ) |
|---|---|---|
| വീട്ടമ്മമാർ (സംപൂജ്യ വരുമാനക്കാർ) | 40,00,000 | 0 |
| ആശാവർക്കർ | 25,000 | 232 |
| ചെറുകിട കർഷകർ. അതിൽ തെങ്ങ്, റബർ, നെല്ല്. | 14,52,000 | 42 |
| ദേശീയ തൊഴിലുറപ്പ് പദ്ധതികുടുംബം | 20,55,855 | 357 |
| പാസഞ്ചർ ഓട്ടോ തൊഴിലാളികൾ | 7,00,000 | 450 |
| കച്ചവട സ്ഥാപനങ്ങളിലെ സെയിൽസ് വിഭാഗം | 5,00,000 | 450 |
| സാമൂഹിക പെൻഷൻ ഗുണഭോക്താക്കൾ (പ്രതിമാസം 1600 രൂപാ മാസത്തിൽ ശരാശരി 30 ദിവസം) | 50,42,044 | 53 |




തങ്ങൾ എത്തിപ്പെട്ട പശ്ചിമഘട്ടത്തിന്റെയും ഇടനാട്ടിലെയും മലബാറിന്റെയും പൊതുവികസനത്തിന് കനത്ത സംഭാവനകൾ ചെയ്തവരാണ് കുടിയേറ്റത്തിന്റെ തലതൊട്ടപ്പൻമാരായ കുടിയേറ്റ കർഷകരും അവരെ സഹായിക്കാൻ അവർക്കൊപ്പം എത്തിയ സഹായികളും (തൊഴിലാളികൾ എന്നതിനേക്കാളുപരി കൂട്ടത്തിൽ നിന്നും പണിയെടുത്തു സഹായിച്ചവർ എന്നുപറയുന്നതാണ് ഉചിതം). അവർ വെട്ടിയ റോഡുകളും നിർമ്മിച്ച പള്ളിക്കൂടങ്ങളും ആശുപത്രികൾക്കുമപ്പുറത്ത് മറ്റൊന്നും കാണാനാവില്ല. കുടിയിറക്കിന്റെ ഭീതിയിൽ പതിറ്റാണ്ടുകൾ കഴിഞ്ഞുകൂടിയപ്പോഴും പോലീസിന്റെയും വനംവകുപ്പ് ഉദ്യോഗസ്ഥരുടെയും കിരാത നടപടികളെ ശക്തമായി എതിർത്ത് നിന്നപ്പോഴും (ഇന്നത് രാഷ്ട്രീയനേതൃത്വത്തിന്റെ ഒത്താശയോടെ ആണെന്ന് വ്യത്യാസം മാത്രം) സ്വന്തം മക്കളെല്ലാവരും കുടിയേറ്റ ഭൂമിയിൽ മരിച്ചു വീണപ്പോഴും തിരികെ പോകാത്തവരാണീ കുടിയേറ്റ കർഷകർ. ഒരു പുരുഷായുസ്സ് മുഴുവൻ മണ്ണിൽ പണിയെടുത്തിട്ടും ആവശ്യത്തിന് ഭക്ഷണം ലഭിക്കാനാവാതെ പഞ്ഞം കിടന്നും രോഗം പിടിച്ചും മരണം വരിച്ച് ആറടി മണ്ണിലേക്ക് മടങ്ങിയ മക്കളെയും മാതാപിതാക്കളെയും സ്വന്തം കൂടപ്പിറപ്പുകളെയും അടക്കാൻ ശവക്കുഴി വെട്ടാൻ പണിക്കാരെ വിളിച്ചാൽ കൊടുക്കാൻ പണമില്ലാത്തതിനാൽ നെഞ്ചുപൊട്ടി കരഞ്ഞുകൊണ്ട് സ്വന്തമായി കുത്തിയ ശവക്കുഴികളിൽ മക്കളെയും ഭാര്യയെയും സ്വന്തക്കാരെയും അടക്കിയിട്ടും ഭയപ്പെട്ടോ ഇതൊക്കെ മതിയെന്ന് ചിന്തിച്ചോ തിരിഞ്ഞോടാത്തവരാണ് കുടിയേറ്റ കർഷകർ. അവരെയാണ് നഗരവാസികളായ ചില ആധുനിക പരിസ്ഥിതി വിദഗ്ധർ കാലഹരണ

പ്പെട്ട നിയമങ്ങൾ ചൂണ്ടിക്കാട്ടി ഭയപ്പെടുത്താൻ ശ്രമിക്കുന്നത്.

അവർ നിർമ്മിച്ചതൊക്കെയാണിന്ന് മലബാറിലും പശ്ചിമഘട്ട നഗരങ്ങളിലും തലയെടുപ്പോടെ നിൽക്കുന്നത്. അവരെയാണ് എ.സി. മുറികളിലിരുന്ന് നിയമപുസ്തകത്തിന്റെയും ചില അധികാര നിയമകേന്ദ്രങ്ങളുടെയും പ്രത്യേക സംരക്ഷണത്തിലും രക്ഷകർതൃത്വത്തിലും മാത്രം ജീവിക്കുന്ന പരിസ്ഥിതി നിയമജ്ഞരും അവർക്ക് ചുറ്റും കറങ്ങുന്ന ആഗോള ദേശീയ പ്രാദേശിക പരിസ്ഥിതി എൻ.ജി.ഒ.കളും ഭയപ്പെടുത്താൻ ശ്രമിക്കുന്നത്. ആരെയും ഭയപ്പെടാതെ നാളിതുവരെ അന്തസായി ജീവിച്ച പഴയ കുടിയേറ്റ കർഷക ജനതയുടെ മുമ്പിൽ ആധുനിക സംരഭകർക്ക് ശിരസ് നമിക്കാം.

## കർഷകരില്ലെങ്കിൽ ഭക്ഷണമില്ല - ജീവനുമില്ല

നയരൂപീകരണക്കാരെ, ഐ.എ.എസുകാരെ, നിയമജ്ഞരെ, നിയമനിർമ്മാതാക്കളെ നൂതന ശാസ്ത്ര സാങ്കേതിക വിദ്യകൾക്കോ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനോ 3ഡി ടെക്നോളജിക്കോ മനുഷ്യന്റെ വിശപ്പുമാറ്റാനുള്ള ഭക്ഷണം നിർമ്മിച്ചെടുക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല. അതിന് കർഷകർ തന്നെ വേണം. ഈ ആധുനിക കാലഘട്ടത്തിലും കർഷകരാണ് നിങ്ങളുടെ ജീവൻ നിലനിർത്താനുള്ള ഭക്ഷണം സൃഷ്ടിക്കുന്നതെന്ന സത്യം അംഗീകരിച്ചുകൊണ്ട് ഏത് ദുരന്തങ്ങളെയും നേരിട്ട് ജീവിക്കുന്ന കർഷക സമൂഹത്തിന്റെ ഭാഗത്ത് നിന്നാലെ ജീവൻ നിലനിർത്താനാവൂ.


1972 ൽ വയലാർ എഴുതി.

മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു
മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു
മനുഷ്യനും മതങ്ങളും ദൈവങ്ങളും കൂടി
മണ്ണുപങ്കുവച്ചു, മനസ്സു പങ്കുവച്ചു

കേരളത്തിന്റെ 2025-ലെ പൊതു സാമ്പത്തിക സ്ഥിതി വിശകലനം ചെയ്താൽ മറ്റൊരു ഗാനമായിരിക്കും രൂപപ്പെടുക. മനുഷ്യൻ സംഘടനകളെ സൃഷ്ടിച്ചു. സംഘടനകൾ സ്ഥാപിത താല്പര്യങ്ങളെ സൃഷ്ടിച്ചു. സ്ഥാപിത താല്പര്യക്കാർ സർക്കാർ വരുമാനം കൊള്ളയടിച്ചു. കർഷകരെ ദരിദ്രരാക്കി. ഓട്ടോക്കാരെ പട്ടിണിയിലാക്കി, ആദിവാസികളെ, ആശകളെ, അസംഘടിത തൊഴിലാളികളെ പരമ ദരിദ്രരാക്കി.

2025-ലെ ചിന്ത ഇങ്ങനെ,

മനുഷ്യൻ സംഘടനകളെ സൃഷ്ടിച്ചു
സംഘടനകൾ സ്ഥാപിതതാല്പര്യങ്ങളെ സൃഷ്ടിച്ചു
സംഘടനകളും സ്ഥാപിത താല്പര്യങ്ങളുംകൂടി
ദരിദ്രരെ കൊള്ളയടിച്ചു, കർഷകരെ ദരിദ്രനാക്കി.




ഇടുക്കിയിലും വയനാട്ടിലും കണ്ണൂരിലും പത്തനംതിട്ടയിലും തമിഴ്നാട്ടിലും കർണ്ണാടകത്തിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും അതിന്റെ താഴ്‌വാരങ്ങളിലും പിന്നീട് മറ്റ് മേഖലകളിലും കേരളത്തിലെ ഇടനാട്ടിലും തീരപ്രദേശങ്ങളിലും അതിസാഹസികമായ കൃഷിപണി എന്ന സ്വയംതൊഴിൽ സംരംഭങ്ങളിലേക്ക് ഇറങ്ങാൻ പണം മുടക്കി ഭൂമി വാങ്ങി കാലാവസ്ഥയോടും കാട്ടുമൃഗങ്ങളോടും തനികാടൻമാരായ വനംവകുപ്പിനോടും ഏറ്റുമുട്ടി 1930 കളിലും 1940 കളിലും ലക്ഷക്കണക്കിന് മലയാളികളെ പട്ടിണിമരണത്തിൽ നിന്നും രക്ഷിച്ചവരാണ് കേരളത്തിലെ കർഷകർ. അവരെയാണ് ഇന്ന് സർക്കാർ ഓഫീസിലെ പ്യൂൺവരെ കാലുമടക്കി അടിക്കാനുള്ള ഭാവത്തോടെ ഇരിക്കാൻ കസേരപോലും നൽകാതെ പരമപുച്ഛത്തോടെ പെരുമാറുന്നത്. കർഷകരായ അവർക്ക് ഇതൊന്നും ഒരു വിഷയമല്ല. അവരാണ് യഥാർത്ഥ സാഹസിക സംരംഭകർ.

കുടിയേറ്റ കാലഘട്ടത്തിൽ അനുഭവിച്ചതിനേക്കാൾ മാരകമായ ഭയാനകമായ ദുരന്തങ്ങൾ 2025 ലും കർഷകർ അനുദിനം ഏറ്റുവാങ്ങുകയാണ്. സർക്കാർ ജീവനക്കാരന്റെയും ഏഴക്ക ശമ്പള സംഘടിതന്റെയും ബാഗിൽ ഉച്ചയ്ക്ക് വിശക്കാതിരിക്കാൻ വീട്ടിൽ നിന്നും ഭദ്രമായി കൊണ്ടുവന്നിരിക്കുന്ന ഉച്ച ഭക്ഷണവും രാവിലെ വയറുനിറച്ച് കഴിച്ച പ്രഭാത ഭക്ഷണവും അതിരാവിലെ കുടിച്ച കട്ടൻകാപ്പിയും പാൽചായയും ഒക്കെ ഇന്നല്ലെങ്കിൽ നാളെ കിട്ടാതാകും എന്ന കാര്യത്തിൽ സംശയമില്ല. നിങ്ങൾ ജനങ്ങളെ മുൾമുനയിൽ നിർത്തി സമരം ചെയ്ത് ജനജീവിതം സ്തംഭിപ്പിച്ച് വാങ്ങിക്കൂട്ടിയ ആറക്ക ശമ്പളത്തിൽപെട്ട നോട്ടുകൾ മുഴുവൻ നൽകിയാൽ അരിയും പാലും മുട്ടയും ഒന്നും കിട്ടാത്ത അവസ്ഥ വരും. നിങ്ങളെപ്പോലെ കർഷകരും ഒഴിവാക്കപ്പെട്ടവരും സംഘടിച്ചാൽ. ആഗോളതലത്തിൽ പശുവിനെയും മുട്ടക്കോഴിയെയും വളർത്തൽ നിർത്തിയാൽ, മത്സ്യത്തൊഴിലാളികൾ കടലിൽ പോകേണ്ടന്ന് തീരുമാനിച്ചാൽ, കൃഷിക്കാർ കൃഷി ചെയ്യേണ്ടത്ത് തീരുമാനിച്ചാൽ എന്താകും. **അവരത് ചെയ്യാത്തത് അവരുടെ പ്രവർത്തന ശൈലി സംഘടിതന്റെ പോലെ വിദ്വേഷ പ്രവർത്തന ശൈലിയല്ല എന്നതാണ്.**




അള മുട്ടിയാൽ ചേരയും കടിക്കും. ഇങ്ങനെ പോയാൽ 2026-ൽ കർഷകർ ഭക്ഷ്യ ഉൽപ്പന്ന കൃഷിയും പാൽ ഉല്പാദനവും മുട്ടക്കോഴി വളർത്തലും കടലിലെ മത്സ്യബന്ധനവും നിർത്തും.

പ്രകോപിപ്പിക്കല്ലെ, സഹകരിക്കുക, ബഹുമാനിക്കുക. നിർമ്മിതബുദ്ധി എന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് നാളിതുവരെ ഭക്ഷണം, മുട്ട, പാൽ, മത്സ്യം ഒക്കെ ഉണ്ടാക്കാനുള്ള ബുദ്ധി കിട്ടിയിട്ടില്ല.

സംഘടിത തൊഴിലാളി വർഗ്ഗവും രാഷ്ട്രീയ പാർട്ടികളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ സർവീസ് സംഘടനകളും ആരുമറിയാതെ ദരിദ്രരെ ചൂഷണം ചെയ്ത് കേരള മോഡലിലൂടെ മുതലാളിമാരായി മാറി. കേരളാ മോഡൽ പ്രവൃത്തിപഥത്തിലെത്തിയ കഴിഞ്ഞ 25 വർഷത്തിനുള്ളിൽ മലയാളി സമൂഹത്തിന്റെ ചിന്താധാരയ്ക്കുതന്നെ മാറ്റം വന്നു. സമൂഹനന്മ, സാമൂഹിക നീതി, സൗജന്യ വിദ്യാഭ്യാസം, സമ്പൂർണ്ണ സൗജന്യ ആരോഗ്യപരിപാലനം എന്നിവ ഒക്കെ ഇല്ലാതായി. വ്യക്തികളും സമൂഹങ്ങളും സ്വാർത്ഥരായി. തനിക്കും തന്റെ കുടുംബത്തിനും

എന്നതായി ഏവരുടെയും ചിന്ത. തങ്ങൾക്കും തങ്ങളുടേതു മാത്രമായ സമൂഹത്തിനും എന്നതായി സംഘടിതരുടെയും പൊതുപ്രവർത്തകരുടെയും ചിന്ത. ഏവരും അവരുടെ അംഗങ്ങളുടെ മാത്രം മുന്നേറ്റത്തിന് മാത്രമായി പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ ബഹുജനസംഘടനകൾ (കമ്മ്യൂണിസ്റ്റ് പ്രയോഗം) പൊതുസമൂഹത്തിനും അവരുടെ അവകാശങ്ങൾക്കും താല്പര്യങ്ങൾക്കും എതിരായി പ്രവർത്തിക്കാൻ തുടങ്ങി. പൊതുജനത്തിനൊഴിച്ച് എല്ലാവർക്കും സംഘടനകളും സമ്മർദ്ദഗ്രൂപ്പുകളുമായി.




അസംഘടിതരായ ബഹുഭൂരിപക്ഷത്തെ സംഘടിത ന്യൂനപക്ഷം കൊള്ളയടിക്കുന്ന ചിത്രമാണ് കേരളത്തിന്റെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്താൽ മനസ്സിലാകുക. മതം രാഷ്ട്രീയത്തിൽ ഇടപെടരുതെന്ന് കമ്മ്യൂണിസ്റ്റുകാർ പറയുന്നതുപോലെ സാധാരണ ജനങ്ങൾ സർക്കാരിന്റെ സാമ്പത്തിക കാര്യങ്ങളെപ്പറ്റി പഠിക്കരുത്, ചോദിക്കരുത് എന്നതാണ് ഭരണ വർഗ്ഗത്തിന്റെ പൊതുചിന്ത. വഗ്ഗീയത എന്നത് സമ്പത്ത് സ്വന്തമാക്കുന്ന വർഗ്ഗത്തിന്റെ താല്പര്യം എന്ന് പുനർ ആഖ്യാനം ചെയ്യണം. കേരള മോഡൽ എന്ന ഓമനപേരിൽ (സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ സിംഹഭാഗം സ്വന്തമാക്കുന്ന സംഘടിതർ നൽകിയ പേരാണിത്) അറിയപ്പെടുന്ന സാമ്പത്തിക നയത്തിന്റെ കീഴിൽ ദരിദ്രരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും കർഷകരെയും പിന്നോക്ക വർഗ്ഗക്കാരെയും ഏറ്റവും കൂടുതൽ പരിഗണിക്കുന്ന / സംരക്ഷിക്കുന്ന സംസ്ഥാനമാണ് കേരളം എന്നാണ് പുറത്തറിയപ്പെടുന്നത്. സാമൂഹിക നീതി, തുല്യ അവസരം, കർഷക സംരക്ഷണം, അധസ്ഥിതരെ ഉദ്ധരിക്കൽ ഒക്കെ കേരള മോഡലിന്റെ സവിശേഷതകളാണുപോലും. എന്നാൽ സത്യം ഇതിൽ നിന്ന് എത്രയോ അകലെയാണ്. സംഘടിതർ അസംഘടിതരെ മൃഗീയമായി ചൂഷണം ചെയ്യുന്നു. ധൈര്യപൂർവ്വം ഇതേറ്റുപറയാൻ ആരുമില്ല.




കാർഷിക ഉൽപ്പന്നങ്ങളുടെ വിലയും ദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും വരുമാനവും വിലക്കയറ്റത്തിനനുസൃതമായോ ശമ്പളവർദ്ധനവുകൾക്കനുസൃതമായോ വില കൂടാതിരിക്കുമ്പോൾ തന്നെ അവശ്യവസ്തുക്കളുടെ വില സർക്കാർ കുത്തനെ കൂട്ടിക്കൊണ്ടിരിക്കുന്നു. വൈദ്യുതി നിരക്ക്, വെള്ളക്കരം, ബസ് ചാർജ്ജ് ഇവയൊക്കെ നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ ഇത്തരം സേവന നിരക്കുകൾ അയൽ സംസ്ഥാനങ്ങളിലേതിനേക്കാൾ ഇരട്ടിയാണ്. സാമ്പത്തിക അസമത്വം പോലെയുള്ള ചില ദൗർബല്യങ്ങൾ കേരളത്തിൽ സൃഷ്ടിക്കപ്പെടുന്നുണ്ടെന്ന് ശ്രീ. തോമസ് ഐസക്ക് സി.പി.ഐ(എം) പഠന കോൺഗ്രസുകളിൽ വെളിപ്പെടുത്തിയിരുന്നെങ്കിലും പിന്നീടങ്ങോട്ട് അവരുടെ തന്നെ ഭരണത്തിൽ സാമ്പത്തിക അസമത്വം കുത്തനെ കൂടുകയായിരുന്നു. പിന്നീരൊരിടത്തു സൂചിപ്പിക്കുന്നതുപോലെ കൂലി/ശമ്പളം 435 ഇരട്ടി വർദ്ധിച്ചപ്പോൾ കാർഷിക വിളകളുടെ വില കൂട്ടിയത് 19 ഇരട്ടി മാത്രം.

സർക്കാർ ജീവനക്കാർ മാത്രമല്ല സംഘടിത മേഖലയിലെ മുഴുവൻ തൊഴിലാളികളും സർക്കാർ നികുതി പണം മറ്റാർക്കും വീതം വയ്ക്കുന്നതിനെ എതിർക്കുന്നവരാണ്. എല്ലാത്തരം കർഷകരെയും ജന്മിമാരായാണ് അവർ മുദ്ര കുത്തുന്നത്.

അവകാശ സംരക്ഷണത്തിൽ ലോകത്തിൽ തന്നെ ഏറ്റവും കൂടുതൽ സംഘടനകളുള്ള സംസ്ഥാനമാണ് കേരളം. എന്നാൽ ഈ സംഘടനകളൊക്കെ അഞ്ച് അക്കശമ്പളം പ്രതിമാസം മേടിക്കുന്ന ഉന്നത വിദ്യാഭ്യാസമുള്ള ജീവനക്കാരും സമൂഹത്തിൽ ശക്തിയുള്ളവരും കൂടുതൽ അവകാശങ്ങൾ നേടാൻ സ്വയം സംഘടിപ്പിക്കുന്നതാണ്. എന്നാൽ സംഘടിക്കാനറിയാത്ത, എന്നും ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന കേരളത്തിലെ കർഷകർക്കും ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സ്വന്തമായിട്ടൊരു സംഘടനയില്ല. ഏതു പാർട്ടിയിലും കർഷകരെ കാണാം. ഇടതിലും വലതിലും ബി.ജെ.പി.യിലും കർഷകരക്ഷക്കെന്ന് പറഞ്ഞു സംഘടിച്ച സംസ്ഥാന പാർട്ടികളിലുമായി കർഷകർ വിഘടിച്ചു പോയിരിക്കുന്നു. അതിനാൽ തന്നെ അവരുടെ പരാതികൾ ഒന്നും ആരും ചെവി കൊള്ളില്ല.




ജനങ്ങൾക്ക് ജനനേതാക്കളിൽ വിശ്വാസം നഷ്ടപ്പെടുമ്പോൾ ജനാധിപത്യം പ്രതിസന്ധിയിലാകുന്നു. പഞ്ചായത്ത് തലം തുടങ്ങി സംസ്ഥാന കേന്ദ്ര നേതാക്കൾ വരെയുള്ള നേതൃത്വ നിരയിൽ തങ്ങളുടെ കാര്യങ്ങൾ, ആവലാതികൾ, പ്രശ്നങ്ങൾ മനസ്സിലാക്കാനും ജനകീയ തീരുമാനങ്ങളെടുക്കാനും ആത്മാർത്ഥതയുള്ള, മനസാക്ഷിയുള്ള നേതാക്കളെ കണ്ടെത്താൻ പറ്റാത്ത ഒരു സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങുന്നു. രാഷ്ട്രീയ നേതാക്കളൊക്കെ സമ്മർദ്ദഗ്രൂപ്പുകളുടെ നിയന്ത്രണത്തിലായിരിക്കുന്നു. തൊഴിലാളി യൂണിയനുകൾ, അസോസിയേഷനുകൾ, മറ്റ് സമ്മർദ്ദ ഗ്രൂപ്പുകൾ എന്നിവയൊക്കെ അവരുടെ പണ സ്വാധീനത്തിന്റെയും ആൾസ്വാധീനത്തിന്റെയും ബലത്തിൽ നയതീരുമാനങ്ങളെടുക്കുന്ന രാഷ്ട്രീയ ഉദ്യോഗസ്ഥ നേതൃത്വത്തെ പൂർണ്ണമായും നിയന്ത്രിക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങുന്നു.

സംഘടിത ന്യൂനപക്ഷത്തിന്റെ നിയന്ത്രണത്തിലായ ഭരണാധികാരികൾ-രാഷ്ട്രീയ ഉദ്യോഗസ്ഥ മേഖല - അസംഘടിത ഭൂരിപക്ഷത്തെ ചൂഷണം ചെയ്യുന്നു. അഞ്ച് വർഷത്തിലൊരിക്കൽ മാത്രം ബന്ധപ്പെടേണ്ട (വോട്ടുതേടി) അസംഘടിത ഭൂരിപക്ഷത്തിനെ പൂർണ്ണമായി ഒഴിവാക്കി എന്നും കാണുന്ന രാഷ്ട്രീയ/ഉദ്യോഗസ്ഥ നേതൃത്വത്തെ കൈവിട്ടു സഹായിക്കാൻ സാധിക്കുന്ന, അഴിമതി നടത്താൻ

സഹായിക്കുന്ന സംഘടിത ന്യൂനപക്ഷത്തിനൊപ്പമായി ഭരണാധികാരികൾ.

## ജനാധിപത്യം ക്ഷീണാവസ്ഥയിൽ

ലോകത്തിലെ ഏറ്റവും പ്രമുഖ ബിസിനസ് സ്കൂളായ ഹാർവാർഡ് ബിസിനസ് സ്കൂൾ ജനാധിപത്യത്തെപ്പറ്റി നടത്തിയ ഗൗരവമേറിയ "Democracy Under Attack" എന്ന 2020 മാർച്ചിലെ "Big Idea" പരമ്പരയിൽ ജനാധിപത്യത്തെ ഉയർത്തിപ്പിടിച്ചാൽ മാത്രമെ ലോകത്തിന് നിലനിൽപ്പുള്ളൂ എന്നായിരുന്നു കണ്ടെത്തിയത്. 55% അമേരിക്കക്കാരും അവരുടെ ജനാധിപത്യം ദുർബലമാകുന്നു (Weak) എന്നാണ് ചൂണ്ടിക്കാട്ടിയത്. 68% പേർ പറയുന്നത് ജനാധിപത്യം കൂടുതൽ ദുർബലമായിക്കൊണ്ടിരിക്കുന്നു എന്നുതന്നെയാണ്. അതിഭയാനകമാണ് മറ്റൊരു കണ്ടെത്തൽ. Roughly half agree that America is in real danger of becoming a new democractic, authoritarian country – 70% say that our political system seems to only be working for the insiders with money and power.

മേൽകാണിച്ചിരിക്കുന്ന ജനാധിപത്യത്തിന്റെ ബലഹീനത അമേരിക്കയിൽ മാത്രമല്ല മിക്ക ജനാധിപത്യ രാജ്യങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്നു. ആഗോളതലത്തിൽ 55% ജനാധിപത്യത്തിൽ തകർച്ച സംഭവിക്കുന്നു എന്ന അഭിപ്രായക്കാരാണ്. 2017 നും 2018നും ഇടയിൽ ജനാധിപത്യം ദുർബലമാകുന്നു എന്ന് അഭിപ്രായപ്പെട്ടവരിൽ ഏറ്റവും അധികം പേർ ഉള്ളത് ഇന്ത്യയിലായിരുന്നു. ഒറ്റവർഷത്തിനുള്ളിൽ 22% അത്തരം അഭിപ്രായം പ്രകടിപ്പിച്ചു. തൊട്ടുപിന്നിൽ ജർമ്മനി (17%), ബ്രസീൽ (16%), റഷ്യ (13%), നെതർലാൻഡ് (12%), സ്വീഡൻ (10%). അതേസമയം ജനാധിപത്യം കൂടുതൽ ശക്തമാകുന്നു എന്നഭിപ്രായപ്പെട്ടത് ഇസ്രായേൽ (4%), ഫ്രാൻസ് (14%) എന്നീ രാജ്യങ്ങളായിരുന്നു.




പുതിയ തലമുറയ്ക്ക് ജനാധിപത്യം ഒരു ആവശ്യ സംവിധാനമല്ല (Essential). 1930കളിൽ ജനിച്ച 77% ഓസ്ട്രേലിയക്കാർക്കും 70% ബ്രിട്ടീഷുകാർക്കും 50% നെതർലാണ്ടുകാർക്കും 70% ന്യൂസിലാന്റുകാർക്കും, 78% സ്വീഡൻകാർക്കും 72% അമേരിക്കക്കാർക്കും ജനാധിപത്യം അടിസ്ഥാന അവകാശമാണ്/ ജീവിത ശൈലിയാണ്. എന്നാൽ മേൽ രാജ്യങ്ങളിൽ 1980-കളിൽ ജനിച്ച തലമുറയ്ക്ക് ജനാധിപത്യം അവശ്യ സംവിധാനമല്ല. 30% താഴെ മാത്രമാണ് ഇത്തരക്കാർ. സ്വീഡനിൽ മാത്രം 1980-കളിൽ ജനിച്ച 60% യുവാക്കളും (40 - 50 പ്രായം) ജനാധിപത്യം അവരുടെ അടിസ്ഥാന ജീവിത പ്രമാണമാണെന്ന് ഇപ്പോഴും വിശ്വസിക്കുന്നു.

## നിസ്സംഗത അർബുദം പോലെയെന്ന് മാർപാപ്പ

2024 ജൂലൈ 7-ാം തീയതി ഇറ്റാലിയൻ നഗരമായ ടിയെസ്റ്റെയിൽ റോമൻ കത്തോലിക്കാ സഭയുടെ സാമൂഹികകാര്യ സമ്മേളനത്തിൽ പ്രസംഗിച്ച ആഗോള കത്തോലിക്കാ സഭയുടെ അധ്യക്ഷൻ ആയിരുന്ന ദിവംഗതനായ ഫ്രാൻസീസ് മാർപാപ്പ ചൂണ്ടിക്കാട്ടിയതിങ്ങനെ. **ജനാധിപത്യം ക്ഷീണാവസ്ഥയിലാണ്. ഒരു വിഭാഗം ജനങ്ങളുടെ ഇംഗിതം നോക്കിയുള്ള പ്രവർത്തനം രാഷ്ട്രീയക്കാർ അവസാനിപ്പിക്കണം. പകരം കരുത്തുള്ള സമൂഹങ്ങൾ കെട്ടിപ്പടുക്കാനും വോട്ടർമാരുടെ ഉദാസീനത മറികടക്കാനും വഴി കണ്ടെത്തണം. ജനാധിപത്യത്തിൽ നിന്നു പുറത്തുനിർത്തുകയാണെന്ന് ഒട്ടേറെ പേർക്ക്, ദരിദ്രർക്കും ദുർബലർക്കും തോന്നുന്നുണ്ട്. ഇന്നത്തെ ലോകത്തിൽ ജനാധിപത്യം ക്ഷീണാവസ്ഥയിലാണ്. ആരോഗ്യകരമായ ജനാധിപത്യം പ്രത്യയ ശാസ്ത്രത്തിന്റെ നിരർത്ഥകതയെ അവഗണിക്കണം. പക്ഷപാതിത്വത്തിൽ നിന്നകന്ന് അർത്ഥപൂർണ്ണമായ സംവാദത്തെ പുണരണം. പ്രത്യയ ശാസ്ത്രങ്ങൾ പ്രലോഭിപ്പിക്കുന്നവയാണ്. ഹാംലിറ്റിലെ വൈഡ് പൈപ്പറിനോടാണ് ചിലർ അതിനെ താരതമ്യപ്പെടുത്തുന്നത്. അവ നിങ്ങളെ പ്രലോഭിപ്പിക്കും, ആത്മനിരാസത്തിലേക്ക് നയിക്കും. ജനാധിപത്യ മൂല്യങ്ങളുടെ പ്രാധാന്യം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്. ജനാധിപത്യത്തിന്റെ കാര്യത്തിൽ നിസ്സംഗത അർബുദം പോലെയാണ്. വോട്ടർമാരുടെ നിസ്സംഗതയും മറികടക്കാൻ വഴി കണ്ടെത്തണം.** മാർപാപ്പ ഓർമ്മിപ്പിക്കുന്നു (2024 ജൂലൈ 8 മാതൃഭൂമി പേജ് 1 വാർത്ത).




എത്ര വലിയ വിഷയമാണെങ്കിലും രണ്ട് മിനിട്ടിനുള്ളിൽ പറഞ്ഞു തീർക്കുകയോ ഒരു എ4 സൈസ് പേപ്പറിൽ എഴുതി നൽകുകയോ ചെയ്യണമെന്നാണ് ഇന്നത്തെ മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും പൊതുനിലപാട്. കാരണം അവർക്ക് സമയമില്ല. വോട്ട് ചെയ്ത് ജയിപ്പിച്ചുവിടുന്ന ജനങ്ങളുടെ/വോട്ടർമാരുടെ പരാതി കേൾക്കാൻ സമയമില്ല. ലക്ഷക്കണക്കിന് ജനങ്ങളെ ബാധിക്കുന്ന വിഷയങ്ങൾ ആഴത്തിൽ അറിയില്ല. അവർ എങ്ങനെ കാര്യങ്ങൾ ഗൗരവമായി പഠിക്കും.

## പഠിക്കാത്ത ജനപ്രതിനിധികൾ

ജനകീയ/ ഭരണ വിഷയങ്ങളിൽ നിയമസഭയിലെത്തുന്ന റിപ്പോർട്ടുകളിൽ ഒരു ശതമാനം പോലും മിക്ക നിയമസഭാ സാമാജികരും വായിക്കുന്നില്ല എന്നറിയാൻ എം.എൽ.എ. ഹോസ്റ്റലിലെ അവരുടെ മുറികളിൽ പോയാൽ മതി. കെട്ടുപോലും പൊട്ടിക്കാത്ത നിരവധി രേഖകൾ. ആയിരക്കണക്കിന് പേജുള്ള നിരവധി റിപ്പോർട്ടുകൾ/രേഖകൾ ഒന്നും ആരും തുറന്നു നോക്കുന്നുപോലുമില്ല.

ജനാധിപത്യം തകരുന്നിടത്ത് ആദ്യം ഉദ്യോഗസ്ഥ ആധിപത്യവും പിന്നീട് ഏകാധിപത്യവും ഉയർന്നുവരും എന്നതാണ് ചരിത്രം. വിവിധ ജനകീയ വിഷയങ്ങളിലെ മന്ത്രിമാരുടെ നിലപാടുകളും ജനകീയ ബദലുകൾ അല്ലെങ്കിൽ ജനോപകാരപ്രദമായ പദ്ധതികൾ ഉദ്യോഗസ്ഥ തലത്തിൽ നടത്തിയെടുക്കാൻ സാധിക്കാത്തതും കേരളത്തിൽ ജനാധിപത്യം ദുർബലമാകുന്നതിന്റെയും ഉദ്യോഗസ്ഥ ആധിപത്യം ഉയരുന്നതിന്റെയും ചൂണ്ടുപലകയാണ്.

ഉദ്യോഗസ്ഥ വൃന്ദത്തിന് പുറത്ത് സ്വതന്ത്ര നയങ്ങളും തീരുമാനങ്ങളും സൃഷ്ടിക്കാനായി ഭരണഘടന വിഭാവനം ചെയ്ത മന്ത്രിമാരുടെ സ്വതന്ത്ര ഓഫീസുകളും അതിലെ സ്വതന്ത്രരായ പാർട്ടിതല ബുദ്ധിജീവികളും മന്ത്രിമാരുടെ ഓഫീസ് നിയന്ത്രിച്ചിരുന്ന കാലഘട്ടത്തിൽ നിന്നും സർക്കാർ ഉദ്യോഗസ്ഥ തൊഴിലാളി യൂണിയൻ നേതാക്കളായിരുന്നവരാണ് ഇന്ന് മിക്ക മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങൾ. മന്ത്രിമാർ പോലും അറിയാതെ മന്ത്രി

മാരുടെ ഓഫീസുകൾ ഉദ്യോഗസ്ഥ ആധിപത്യത്തിലായി. (കൂടുതൽ വിശദാംശങ്ങൾ മറ്റൊരിടത്ത്)




രാജ്യത്ത് ഏറ്റവും ഒടുവിൽ നടന്ന പൊതുതെരഞ്ഞെടുപ്പ് ഡൽഹിയിലായിരുന്നു. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരായിരുന്നു ഡൽഹിയിലെ 1.50 കോടി വോട്ടർമാർ. അതിൽ 57.7% പേർ മാത്രമാണ് വോട്ടെടുപ്പിൽ പങ്കെടുത്തത്. അതായത് 90 ലക്ഷം വോട്ടർമാർ. അതിൽ 45.56% പേർ ബി.ജെ.പിക്ക് വോട്ട് ചെയ്തു. 70 സീറ്റിൽ 48 സീറ്റുകളിൽ ഭൂരിപക്ഷം നേടി ഡൽഹി ഭരിക്കുന്നു. ബി.ജെ.പിക്ക് വോട്ട് ചെയ്തത് 41 ലക്ഷം പേർ മാത്രം. ആകെ വോട്ടർമാരിലെ 26% പേരുടെ വോട്ടാണ് ഡൽഹിയെ ഭരിക്കുന്നത്. ന്യൂനപക്ഷ 26% ഭൂരിപക്ഷ 74%ത്തെ ഭരിക്കുന്നു. ഇതുകൊണ്ടൊക്കെ തന്നെയാണ് യുവജനങ്ങൾക്ക് ജനാധിപത്യത്തിൽ താല്പര്യം കുറയുന്നത്. അതുപോലെ "ജനാ"ധിപത്യത്തിൽ "ഉദ്യോഗസ്ഥ" ആധിപത്യമാണെന്ന് മിക്കയിടങ്ങളിലെയും സർക്കാർ നടത്തിപ്പ് വ്യക്തമാക്കുന്നു. പല മുന്നണികളുടെയും ഡി **(D) (Democratic)** മാറ്റി ബി **(B) (Bureaucratic)** ആക്കേണ്ട ഗതികേടിലേക്ക് ജനാധിപത്യം മാറിക്കൊണ്ടിരിക്കുന്നു.




## ലക്ഷ്യം 90% പോളിംഗ്

സർക്കാർ നികുതിപണം സ്വന്തമാക്കുന്ന സ്ഥാപിത താല്പര്യക്കാർ കൂട്ടായി എത്തി വോട്ടു ചെയ്ത് അവർക്ക് ആനുകൂല്യങ്ങൾ നൽകുന്ന വരെ വീണ്ടും വീണ്ടും തിരഞ്ഞെടുക്കുന്നു. **ഒഴിവാക്കപ്പെട്ടവർ പ്രതിഷേധ സൂചകമായി വോട്ടു ചെയ്യുന്നതിൽ നിന്നും മാറി നില്ക്കുന്നു. ഇത് ഒഴിവാക്കപ്പെട്ടവരെ കൂടുതൽ ബലഹീനരാക്കുന്നു.** ആയതിനാൽ അടുത്ത തിരഞ്ഞെടുപ്പിൽ വാർഡുതല പോളിംഗ് ശതമാനം 90% ആയി ഉയരണം. ഒഴിവാക്കപ്പെട്ടവരുടെ സാക്ഷര കേരളം ഇത് ആവശ്യപ്പെടുന്നു. തിരഞ്ഞെടുപ്പിലെ വോട്ടവകാശ വിനിയോഗം തങ്ങളുടെ പരമമായ അധികാരമാണെന്നും അത് അടുത്ത തിരഞ്ഞെടുപ്പിൽ വിനിയോഗിക്കുമെന്നു ഏവരും തീരുമാനിക്കണം. അതിനായി **ഒഴിവാക്കപ്പെട്ടവർ 100% പോളിംഗ് ബൂത്തിലെത്തണം. സംഘടിത പ്രീണനക്കാരെ ബാലറ്റിലൂടെ അധികാരത്തിൽ നിന്നും പുറത്താക്കണം. ഒഴിവാക്കപ്പെട്ടവർ ഭരണത്തിലെത്തുമ്പോൾ നഷ്ടപ്പെട്ടതെല്ലാം തിരികെ പിടിച്ചു വാങ്ങണം.**

## 1960 അല്ല 2025

1960-കളിലെ ഭൂപരിഷ്കരണ നയങ്ങളിൽ 64 വർഷം കഴിഞ്ഞിട്ടും ഊറ്റംകൊള്ളുന്ന രാഷ്ട്രീയപാർട്ടികൾ ഒരു കാര്യം മനസ്സിലാക്കണം. 1960-കളിൽ ജന്മിത്തം/സമ്പന്നത നിശ്ചയിക്കുന്ന അടിസ്ഥാന ഘടകമായിരുന്നു ഭൂമിയുടെ ഉടമസ്ഥത. അതുകൊണ്ടാണ് കൂടുതൽ ഉള്ളവനിൽ നിന്നും അധിക ഭൂമി സർക്കാർ പിടിച്ചെടുത്ത് ഭൂരഹിത ർക്ക് വിതരണം ചെയ്യുന്ന അഗ്രേറിയൻ റിഫോംസ് ഭാഗമായ കേരളത്തിലെ ഭൂപരിഷ്കരണ നിയമങ്ങൾ ആഗോള ശ്രദ്ധ പിടിച്ചുപറ്റിയത്. അത് ലോകത്തിലെ ആദ്യ തിരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ ആദ്യഭരണ തീരുമാനം. സോഷ്യലിസം ആയിരുന്നു അതിന് പിന്നിൽ. 1960-കളെ ചൂണ്ടിക്കാട്ടി/ഊതിവീർപ്പിച്ച് യഥാർത്ഥ പ്രഭു വർഗ്ഗത്തെ/ സമ്പന്നരെ രഹസ്യമായി പിന്തുണയ്ക്കുന്ന സർക്കാർ ജീവനക്കാരുടെ സർവ്വീസ് സംഘടനകളെ നിയന്ത്രിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ തനിനിറം ജനങ്ങൾ അറിഞ്ഞുകൊണ്ടിരിക്കുന്നു.

ഇന്ന് കേരളത്തിലെ സംസ്ഥാന സർക്കാർ ജീവനക്കാരിലെ ഏറ്റവും താഴ്ന്ന ജോലിയായ പ്യൂണിന്റെ അടിസ്ഥാന ശമ്പളം 23000 രൂപയാണ്. ഡി.എ. 7.5%. അങ്ങനെ ആനുകൂല്യങ്ങൾ കണക്കാക്കാതെയുള്ള പ്രതിമാസ ശമ്പളം 24725 രൂപാ. വാർഷിക വരുമാനം 296700 രൂപാ. 3 ലക്ഷം രൂപാ എന്ന് പറയാം.

1960-കളിൽ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയപ്പോൾ 15 ഏക്കർ ഒരു കുടുംബത്തിന് എന്ന് കണക്കാക്കിയത് - ആ കുടുംബത്തിന് 15 ഏക്കറിൽ കൂടുതലുണ്ടെങ്കിൽ അവൻ അക്കാലത്തെ ജന്മി അല്ലെങ്കിൽ പ്രഭു അല്ലെങ്കിൽ സമ്പന്നവർഗ്ഗം എന്ന് കണക്കുകൂട്ടിയാണ്.

ഒരേക്കർ കൃഷി ഭൂമിയിൽ നിന്നും ഒരു ഭൂമി മുതലാളി കർഷകന് 2025-ൽ ലഭിക്കുന്ന വരുമാനം. മറ്റൊരിടത്ത് വിശദീകരിച്ചിരിക്കുന്നു. ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ലഭിക്കുന്നതിന്റെ പകുതിലൊന്നുപോലും ഭൂമിയിലെ കൃഷിയിൽ നിന്നും ലഭിക്കുന്നില്ല എന്നതാണ് സത്യം.




1948 നും 2025 നും ഇടയിൽ കുടിയേറ്റ കർഷകരിൽ ഉണ്ടായിരുന്ന ഉറച്ച സ്വാശ്രയ ബോധം, ഒടുങ്ങാത്ത ധൈര്യം, അത്ഭുതകരമായ അധ്വാനശീലം തുടങ്ങിയ കഴിവുകളൊക്കെ എങ്ങനെയോ കൈമോശം വന്നുപോയി. ഉറച്ച സ്വാശ്രയ ബോധവും അവസാനിക്കാത്ത ധൈര്യവും അത്ഭുതകരമായ അധ്വാനശീലവും ഉള്ള കർഷകർ. "Continuous disaster impacted indifference mentality syndrome" (നിരന്തര ദുരന്ത ആഘാത, നിസ്സംഗതാ മനോഭാവം) എന്ന് സൈക്കോളജിക്കലായി വിളിക്കാൻ സാധിക്കുന്ന ഒരു പ്രത്യേക മാനസികാവസ്ഥയിലേക്ക് കേരളത്തിലെ കർഷകർ വീണുപോയോ എന്ന സംശയം.

ഇന്ത്യയിൽ ദുരന്ത നിവാരണ നിയമം "Disaster Management Act" നിലവിൽ വരുന്നത് 2025-ൽ ആണ്. കേരളത്തിലും ദുരന്തനിവാരണ നിയമവും ചട്ടങ്ങളും 2006-2008 കാലഘട്ടത്തിൽ നിലവിൽ വന്നു. അതിന് ശേഷം മഹാപ്രളയം, വെള്ളപ്പൊക്കം, കോവിഡ് അങ്ങനെ നിരവധി ദുരന്തങ്ങൾ. അതിനെ സർക്കാർ നേരിട്ട രീതി ഒക്കെ നാം കണ്ടുമ

നസ്സിലാക്കി. എന്നാൽ ഏറ്റവും കൂടുതൽ പ്രകൃതി ദുരന്ത ആഘാതം നിരന്തരം അനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ നാളിതുവരെ ആരും മുന്നോട്ടുവന്നില്ല.

2005 ന് മുമ്പും അതിനുശേഷവും ഏറെ ദുരന്തങ്ങൾ വർഷാവർഷം നേരിടുന്ന ഏക ജനസമൂഹം കർഷകരാണ്. തീരപ്രദേശത്തും ഇടനാട്ടിലും കാർഷിക മേഖലയിൽ ദുരന്തങ്ങൾ വർഷാവർഷം പല രൂപത്തിലും ഭാവത്തിലും കടന്നുവന്നിരുന്നെങ്കിലും അതിന്റെ ഏറ്റവും ഭയാനക ഭാവം നടക്കുന്നത് (പ്രകടിപ്പിക്കപ്പെടുന്നത്) നാം ഹൈറേഞ്ച് എന്നു വിളിക്കുന്ന കേരളത്തിലെ പശ്ചിമഘട്ടത്തിലായിരുന്നു. ഒപ്പം വയനാടും. പിന്നെ കടലോരങ്ങളിലും.

ലോകത്തിലെ ഏത് ദുരന്തത്തേയും നേരിടാൻ നിരവധി ബദൽ സംവിധാനങ്ങൾ - ഇൻഷുറൻസ്, സ്ഥലം മാറി നിൽക്കൽ, സംരക്ഷണ സംവിധാനം സർക്കാർ ഏർപ്പെടുത്തിയപ്പോഴും കാർഷിക മേഖലയിലെ ദുരന്തങ്ങൾക്ക് ആരും പരിഹാരം കാണാൻ മുന്നോട്ട് വന്നില്ല. കോവിഡ് കാലത്ത് ജോലി ചെയ്യാത്ത സർക്കാർ ജീവനക്കാർക്കും പൂർണ്ണ ശമ്പളം നൽകി. കർഷകർക്കും ദരിദ്രർക്കും വട്ടപ്പൂജ്യം. എല്ലാം വിധി എന്ന കർഷക നിലപാടിൽ നിന്നാണ് ഇനി ആരും രക്ഷിക്കില്ല എന്ന നിസ്സംഗത കടന്നുവന്നത്.




കർഷകരുടെ ഈ നിസ്സംഗതയാണ് മത സാമുദായിക രാഷ്ട്രീയ സംവിധാനങ്ങൾ സ്വന്തം താല്പര്യ സംരക്ഷണത്തിനായി ദുരുപയോഗം ചെയ്ത് തുടങ്ങിയത്. അങ്ങനെയാണ് കർഷകർക്കുണ്ടായിരുന്ന വിലപേശൽ ശക്തി കേരളത്തിൽ പൂർണ്ണമായി നഷ്ടപ്പെട്ടത്. അത് കർഷകരുടെ സമ്പൂർണ്ണ തകർച്ചയിലേക്ക് നയിച്ചു. കർഷക സമൂഹത്തിന് വിലപേശൽ ശക്തിയില്ലാതായി. എല്ലാവരും പറയുന്നത് കേൾക്കേണ്ട അടിമ സമൂഹമായി കർഷകർ മാറി. കേന്ദ്രത്തെ മുട്ടുകുത്തിച്ച ഡൽഹി കർഷക സമര വിജയങ്ങളുടെ പശ്ചാത്തലത്തിൽ വേണം നാം കേരള കർഷകരുടെ ഇന്നത്തെ അവസ്ഥ വിലയിരുത്താനും അവരെ വീണ്ടും സാഹസികരും ധൈര്യശാലികളും ആക്കാനും.

കർഷകരെ നിശബ്ദരാക്കിയവരിൽ എല്ലാ വിഭാഗത്തിലും പെടുന്നവരുണ്ട്. മിക്ക രാഷ്ട്രീയ പാർട്ടിക്കാരുമുണ്ട്. അവരുടെ നയങ്ങൾ പരിശോധിച്ചാൽ അറിയാം ആരൊക്കെയാണ് കർഷക പക്ഷത്തു നിൽക്കുന്നതെന്ന്. കർഷക ദ്രോഹത്തിന്റെ പുതിയ അവതാരങ്ങളാണ് തീവ്രപരിസ്ഥിതി വാദികളും പ്രവർത്തകരും പ്രസ്ഥാനങ്ങളും.

അങ്ങനെ പതിറ്റാണ്ടുകളായി ആർക്കും പരിഹാരം നിർദ്ദേശിക്കാനില്ലാത്ത ദുരന്തങ്ങൾ വർഷാവർഷം ഏറ്റുവാങ്ങിയ കർഷകർ - സമ്പന്നരും ദരിദ്രരും, അഭ്യസ്ഥവിദ്യരും, നിരക്ഷരരും, വൻകിടക്കാരും ചെറുകിടക്കാരും - എത്തിച്ചേർന്ന പുതിയ മാനസികാവസ്ഥയാണ് നിരന്തര ദുരന്ത ആഘാത നിസ്സംഗതാ മനോഭാവം. ഈ അവസ്ഥയിൽ നിന്നും ആർക്കും ഒന്നിനും കർഷകരെ തിരികെ സ്വാശ്രയ ബോധത്തിലേക്കും ധൈര്യത്തിലേക്കും അദ്ധ്വാനശീലത്തിലേക്കും കൊണ്ടുവരാനാവില്ല എന്നായിരുന്നു സ്ഥാപിത താല്പര്യമുള്ള കർഷക പക്ഷത്തു നിൽക്കുന്നുവെന്നവകാശപ്പെടുന്ന കർഷക പ്രസ്ഥാനങ്ങളുടേത്. കർഷകർ കാര്യങ്ങൾ സത്യസന്ധമായി മനസ്സിലാക്കിയാൽ വോട്ടുബാങ്ക് നഷ്ടപ്പെടുമോ എന്നതായിരുന്നു അവരുടെ ഭയം.



**ജനകീയ വിഷയങ്ങളിൽ കോടതി വ്യവഹാരങ്ങളിൽ ഇടപെടാതെ ജനവിരുദ്ധ തീരുമാനങ്ങൾ വരുമ്പോൾ കോടതിയെ പഴിചാരി രക്ഷപെടുന്ന പരിപാടി അവസാനിപ്പിക്കാറായി ജനപ്രതിനിധികളേ.**

കേരളത്തിലെ നിയമസഭാ സമാജികരിലും മുൻസാമാജികരിലും ഏകദേശം പകുതിയോളം പേർ നിയമ ബിരുദധാരികളാണ് എന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. കേരളത്തിലെ ദേശീയ, സംസ്ഥാന, അംഗീകൃത, രജിസ്റ്റേർഡ് രാഷ്ട്രീയ പാർട്ടികളുടെ തലപ്പത്തും ജില്ല, നിയോജകമണ്ഡലം തലങ്ങളിലും നിയമബിരുദം ഉള്ളവരാണ് നേതൃത്വം നൽകുന്നത്. സമാനമാണ് മത, ജാതി, സാമൂഹിക, കർഷക സംഘടനാ നേതൃത്വത്തിന്റെ കാര്യത്തിലും. രാജ്യത്തെ പരമോന്നത നിയമോപദേഷ്ടാക്കളുടെ നിയമോപദേശം അവർക്ക് ലഭ്യമാണ്. അതുകൊണ്ടുതന്നെ കേരളത്തിലെ കർഷക സമൂഹത്തെ ഏറെ പ്രതികൂലമായി ബാധിക്കുന്ന പല ഹൈക്കോടതി, സുപ്രീം കോടതി വിധികളും അതീവ ഗൗരവത്തോടെ തന്നെ ജനനേതാക്കൾ പഠിച്ചുകാണണം. എന്നാൽ മന്ത്രിമാരുടെയും, ഈ രാഷ്ട്രീയ, സാമുദായിക, മത, കർഷക സംഘടനകളുടേതായി വരുന്ന വിലയിരുത്തലുകളും നിലപാടുകളും പക്ഷംചേരലും പരസ്പര ആരോപണ പ്രത്യാരോപണങ്ങളും പ്രശ്നപരിഹാരത്തിനായി നൽകുന്ന നിർദ്ദേശങ്ങളും ഇവരാരും ഇത്തരം വിഷയങ്ങൾ വിഷയം ഗൗരവമായി പഠിച്ചില്ല എന്ന സൂചനയാണ് നൽകുന്നത്. നിയമസഭ, വാക്കൗട്ടിലും സംഘട്ടനങ്ങളിലും പോർവിളികളിലും കേന്ദ്രീകരിക്കുമ്പോൾ കോടതികൾ നിയമസഭയുടെ അധികാരങ്ങൾ ഏറ്റെടുത്ത് പ്രവർത്തിക്കുന്ന അസാധാരണത്വവും അസ്വഭാവികതയും കേരളത്തിൽ കാണുന്നു.

കാർഷിക വിഷയങ്ങളിൽ ദുരിതം അനുഭവിക്കുന്ന ജനസമൂഹത്തിന് നേതാക്കളെ കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കാൻ സാധിക്കുന്നില്ല. ഭൂമിയെ സംബന്ധിച്ച മിക്ക വിഷയങ്ങളും പരസ്പര ബന്ധിതമാണ്. എന്നാൽ ഒരു കേസിലെ സാഹചര്യമല്ല മറ്റൊരു കേസിൽ. മിക്ക കേസുകളിലും സാധാരണ ജനങ്ങൾ കക്ഷിയല്ല. കക്ഷിയല്ലാത്തവരെ കേൾക്കാതെയാണ് മിക്ക പൊതുതാല്പര്യ ഹർജി ഉത്തരവുകളും വരുന്നത്. മൂന്നാറിനെ സംബന്ധിച്ച നിലവിലെ ഹൈക്കോടതി വിധി തന്നെ ഒന്നാംതരം ഉദാഹരണം.




**ഭൂമിയുടെ നടത്തുകാർ കർഷകർ എന്ന് 1937 ൽതന്നെ ഇ.എം.എസ്.**

കേരളത്തിൽ നിലനിൽക്കുന്ന രാഷ്ട്രീയ നിസ്സംഗതയിൽ, കർഷകരെ അവഗണിക്കുന്ന രാഷ്ട്രീയ പശ്ചാത്തലത്തിൽ 1937 മേയ് 9 ന് പൊന്നാനി താലൂക്ക് കർഷക സമ്മേളനത്തിൽ ഇ.എം.എസ്. നടത്തിയ അദ്ധ്യക്ഷപ്രസംഗം 88

വർഷങ്ങൾക്ക് ശേഷം നിലവിൽ കേരളം ഭരിക്കുന്ന 9 വർഷത്തെ ഇടതുമുന്നണി ഭരണപശ്ചാത്തലത്തിൽ ശരിയായ കർഷക നിലപാട് എന്തായിരിക്കണമെന്ന് അധികാരത്തിലിരിക്കുന്നവരെ ഓർമ്മപ്പെടുത്തേണ്ടതുണ്ട്.

## ഭൂമിയെ നടത്തുന്നവർ ആണ് കൃഷിക്കാർ – ഇ.എം.എസ്.

''കൃഷിക്കാർ എന്നതിന് പല വ്യാഖ്യാനങ്ങളും നാം കേൾക്കാറുണ്ടെങ്കിലും ലവലേശം വളച്ചു തിരിക്കാത്ത ഒരർത്ഥം പ്രഥമദൃഷ്ടിയിൽ തന്നെ നമുക്കുണ്ടാകുന്നുണ്ട്. ഈ വ്യക്തമായ അർത്ഥത്തെ സൂചിപ്പിക്കാൻ കൃഷിക്കാർ എന്ന വാക്കിന്റെ സ്ഥാനത്ത് ''നടത്തുകാർ'' എന്ന് ഉപയോഗിക്കുന്നതാണുചിതം. ഭൂമി യഥാർത്ഥത്തിൽ നടത്തുന്നതാരോ അവരാണ് കൃഷിക്കാർ. എന്ത് കൈവശാവകാശത്തിൻമേലായാലും ഭൂമി യഥാർത്ഥത്തിൽ കൈവശം വച്ച് സ്വന്തമായി വേലയെടുത്തോ കൂലിക്കാരുടെ സഹായത്തോടുകൂടിയോ വിളവിറക്കി കൊയ്തെടുത്ത് നികുതിക്ക് ഗവൺമെന്റിനോടോ പാട്ടത്തിന് ജന്മിയോടോ ഉത്തരവാദപ്പെട്ടു നിൽക്കുന്നവരെല്ലാമാണ് കൃഷിക്കാരെന്നും ചുരുക്കിപ്പറയാം''. ഇ.എം. എസിന്റെ കൃഷിക്കാരെപ്പറ്റിയുള്ള വ്യക്തമായ നിർവചനം. 2025-ൽ ഇടതുപക്ഷമെങ്കിലും ഇക്കാര്യം ഗൗരവമായി ചർച്ച ചെയ്യണം.

## ഭൂമി, അത് കൈവശം വച്ചിരിക്കുന്നവരുടേതാണ്

ഇടുക്കി ജില്ലയിലും പശ്ചിമഘട്ടത്തിലും കേരളത്തിലൊട്ടാകെയും വൻവിവാദങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഭൂമി വിഷയങ്ങളിലും ഭൂപതിവ് ചട്ടവിഷയങ്ങളിലും കർഷകരുമായി ബന്ധപ്പെട്ട പരിസ്ഥിതി വിഷയങ്ങളിലും ഇനിയങ്ങോട്ട് പിണറായി സർക്കാരിനെ നയിക്കേണ്ടത് ഇ.എം.എസിന്റെ മേൽകണ്ടെത്തൽ തന്നെ. പിന്നീട് എ.കെ.ജി. ഫാദർ വടക്കനുമൊത്ത് ചുരുളി, കീരിത്തോട്, അമരാവതി കുടിയിറക്കുകാലത്ത് മറ്റൊരു മാർക്സിയൻ ജനകീയ തത്വശാസ്ത്രം വെളിപ്പെടുത്തിയിരുന്നു. മനുഷ്യന്റെ വിശപ്പടക്കിയിട്ടുമതി കാടുവളർത്തൽ എന്ന് ഭരണാധികാരികൾ മറക്കരുതാത്ത നയമായിരിക്കണം ഇത്. സംസ്ഥാനത്തെ മൊത്തം ഭൂമി നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതും ഇ. എം.എസിന്റെയും എ.കെ.ജി.യുടെയും ഫാ. വടക്കന്റെയും തത്വചിന്തകളെ അടിസ്ഥാനമാക്കിയായിരിക്കണം.

## നികുതികൾ ഒഴിവാക്കുക, സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

**കർഷകരോട് ഭരണകൂടത്തിനുളള സമീപനം എന്തായിരിക്കുമെന്നും അന്ന് ഇ.എം.എസ്. വ്യക്തമാക്കിയിരുന്നു. കൃഷിക്കാർക്കും അവരുടെ കുടുംബങ്ങൾക്കും മാന്യമായി ജീവിക്കാൻ ആവശ്യമായിട്ടുള്ളത് എന്തെല്ലാമാണോ അതെല്ലാം നാം നൽകണം. കടം, പാട്ടം, നികുതി എന്നിവ ചുരുക്കുക, ഇത് പിരിക്കുമ്പോഴുള്ള ആക്രമണം അവസാനിപ്പിക്കുക, കൃഷി നടത്തുന്നതിനുവേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുക, കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും വേണ്ട സൗകര്യങ്ങൾ നൽകുക – ചുരുക്കിപ്പറയുകയാണെങ്കിൽ സുഖകരവും ആരോഗ്യപ്രദവുമായ ജീവിതം നയിക്കാൻ കൃഷിക്കാർക്ക് ഇന്നുള്ള (1937) തടസ്സം നീക്കുകയും പുതിയ സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം . ഇ.എം. എസ്. കർഷക നയം (1937) വ്യക്തമാക്കുന്നു.**


1993 ൽ ഇ.എം.എസ്. (മരണം 1998) എഴുതിയ ഇന്ത്യ കർഷക പ്രസ്ഥാനവും കർഷക പ്രശ്നം സംബന്ധിച്ച മാർക്സിയൻ സിദ്ധാന്തവും എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിക്കുന്നതിങ്ങനെ. ''കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വിലയിടൽ, നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കൽ, ജലസേചന സൗകര്യം, വിത്തും വളവും കീടനാശിനികളും ലഭ്യമാക്കൽ എന്നിവ ഭരണകൂട ഉത്തരവാദിത്വങ്ങളാണ്''.

## ഭൂമി – എന്തായിരിക്കണം നിലപാട് ?

കർഷകരുടെ ഭൂമി ഉടമസ്ഥാവകാശത്തെപ്പറ്റി 1937 മേയ് 9 ന് ഇ.എം.എസ്. പൊന്നാനിയിൽ പറഞ്ഞത് ''എന്ത് കൈവശാവകാശത്തിൻമേലായാലും ഭൂമി യഥാർത്ഥത്തിൽ കൈവശംവച്ച് കൃഷി ചെയ്യുന്നവരാണ് കൃഷിക്കാർ'' എന്നതിൽ എല്ലാം അടങ്ങിയിരിക്കുന്നു. ഭൂമി കൈവശം ഉള്ളവരാണ് കൃഷിക്കാർ. കൈവശം എന്നാൽ പൊസഷൻ എന്നർത്ഥം. ഇതായിരിക്കണം കേരളത്തിലെ ഭരണകർത്താക്കളെ നയിക്കേണ്ട അടിസ്ഥാന ഭൂമി പ്രമാണം.

കുടിയായ്മയെപ്പറ്റി പഠിക്കാൻ 1938-ൽ മദ്രാസ് ഗവൺമെന്റ് കുട്ടികൃഷ്ണ മേനോൻ അദ്ധ്യക്ഷനായി സംഘടിപ്പിച്ച നിയമസഭാ കമ്മറ്റിയുടെ റിപ്പോർട്ടിന് ഇ.എം.എസ്. എഴുതിയ ഭിന്നാഭിപ്രായ കുറിപ്പിൽ ബ്രിട്ടീഷ് ഭരണം വരുന്നതിന് മുമ്പും അതിനുശേഷവുമുള്ള ജന്മിത്തത്തിന്റെ സ്വഭാവം, ബ്രിട്ടീഷ് ആധിപത്യത്തെ തുടർന്ന് വന്ന മാറ്റങ്ങൾ, ജന്മിത്തം പ്രതിഫലം കൂടാതെ നിർത്തേണ്ടതിന്റെ ആവശ്യകത, പാട്ടവ്യവസ്ഥ പരിഷ്കരണം തുടങ്ങിയ വിഷയങ്ങൾ ഭിന്നാഭിപ്രായ കുറിപ്പിൽ ഇ.എം.എസ്. സവിസ്തരം വിശദീകരിക്കുന്നു. 1701 മുതൽ കേരളത്തിൽ നടന്ന സർക്കാർ ഭൂമി ദാനങ്ങളെ പഠനവിധേയമാക്കുകയും സമാന നയങ്ങൾ രൂപീകരിച്ച് കേരളത്തിൽ ഭൂരഹിതരില്ലാത്ത തരത്തിൽ ഭൂമിദാനത്തിനായി രണ്ടാം ഭൂപരിഷ്കരണ നിയമം രൂപീകരിക്കണം എന്നതിലെത്തികാര്യങ്ങൾ.

ഇന്ന് 140 ൽ 99 അംഗങ്ങളുടെ ഭൂരിപക്ഷത്തിൽ കേരളം ഭരിക്കുന്ന ഇടതുമുന്നണിയെ നയിക്കേണ്ടത് 25 വർഷം മുമ്പ് കാലയവനികക്കുള്ളിൽ മറഞ്ഞെങ്കിലും കേരള രാഷ്ട്രീയ നയതീരുമാനങ്ങളിലെ നിർണ്ണായക ശക്തിയായി നിലനിൽക്കുന്ന ഇ.എം.എസ്. ആയിരിക്കണം. ചിന്ത മാസികയുടെ പ്രത്യേക പതിപ്പിൽ ഒതുക്കി നിർത്തേണ്ടതല്ല ഇ.എം. എസ്. കമ്മ്യൂണിസ്റ്റ് ചിന്തകൾ. ആ ചിന്തകളും സ്വപ്നങ്ങളും അതിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന ഭൂപരിഷ്കരണ നയങ്ങളും അദ്ദേഹം സ്വപ്നം കണ്ടപോലെ ആണോ നടപ്പിലാക്കിയതെന്ന് കേരളം ഭരിക്കുന്ന ഇടതു സർക്കാർ തുറന്ന മനസ്സോടെ ചർച്ച ചെയ്യണം. **രാഷ്ട്രീയമല്ല സാമൂഹിക നീതിയാണ് പരിഗണിക്കേണ്ടത്.** **കേരളത്തിലെ മുഴുവൻ ഭൂമി നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും ഇ.എം.എസ്. ചിന്തകളെ അടിസ്ഥാനമാക്കി കാലോചിതമായി പരിഷ്കരിക്കണം. അതും യാതൊരുവിധ ഉദ്യോഗസ്ഥ നിയന്ത്രണവുമില്ലാതെ തന്നെ.**




വികസനം ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹിക പ്രക്രിയയാണ്. കാർഷിക, വ്യാവസായിക ഉല്പാദന വർദ്ധനവിന്റെയും സേവന മേഖലയുടെയും ദ്രുതഗതിയിലുള്ള പുരോഗതിയിലൂടെ മാത്രമേ സംസ്ഥാനത്തിന് ജനാധിപത്യപരമായി വളരാനാകൂ. ഭൂരിപക്ഷം ജനങ്ങളുടെ (കർഷകരുടെ) ജീവിത നിലവാരത്തെ ഉയർത്താതെ സംഘടിത ശക്തിയുള്ള ഒരു ന്യൂനപക്ഷത്തിന്റെ മാത്രം ജീവിത നിലവാരം ഉയർത്താൻ നടത്തുന്ന ശ്രമം വികസനമല്ല മറിച്ച് ചൂഷണമാണ്.

25000 രൂപാ ശമ്പളം കിട്ടുന്നവന്റെ ശമ്പളം 50000 രൂപാ ആയി ഉയർത്തുമ്പോൾ കിട്ടുന്ന അധിക വരുമാനം ആഡംബര ജീവിതത്തിനായി (മുന്തിയതരം വസ്ത്രങ്ങൾ, വലിയ വീട്, ആഡംബര കാറ്, സ്വർണ്ണം വാങ്ങൽ, മക്കളുടെ ആഡംബര വിവാഹം എന്നിങ്ങനെ) ഉപയോഗിക്കും. (സർക്കാർ ജീവനക്കാരന്റെ ശമ്പള വർദ്ധനവ് 1968-2023 കാലഘട്ടത്തിൽ 435 ഇരട്ടി). എന്നാൽ 1968 ൽ 1.40 രൂപയായിരുന്ന നെല്ലിന്റെ വില 2023 ൽ 28.20 മാത്രമാണ് (1968-2023 ൽ വർദ്ധനവ് 19 ഇരട്ടി മാത്രം) വർദ്ധിച്ചതെന്ന കാര്യം നാം വിസ്മരിക്കരുത്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് ഭീകരമായി കൂടുന്നു.

## സാമ്പത്തിക അസമത്വം വർദ്ധിക്കുന്നു

കാർഷിക ഉൽപ്പന്നങ്ങളുടെ വില, വിലക്കയറ്റത്തിനനുസൃതമായോ ശമ്പളവർദ്ധനവുകൾക്കനുസൃതമായോ കൂടാതിരിക്കുമ്പോൾ തന്നെ അവശ്യവസ്തുക്കളുടെ വില സർക്കാർ കുത്തനെ കൂട്ടിക്കൊണ്ടിരിക്കുന്നു. വൈദ്യുതി നിരക്ക്, വെള്ളക്കരം, ബസ് ചാർജ്ജ് ഇവയൊക്കെ നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ ഇത്തരം സേവന നിരക്കുകൾ അയൽ സംസ്ഥാനങ്ങളിലേതിനേക്കാൾ ഇരട്ടിയാണ്.

സാമ്പത്തിക അസമത്വം പോലെയുള്ള ചില ദൗർബല്യങ്ങൾ കേരളത്തിൽ സൃഷ്ടിക്കപ്പെടുന്നുണ്ടെന്ന് ശ്രീ. തോമസ് ഐസക്ക് പതിറ്റാണ്ടുകൾക്ക് മുമ്പ് സി.പി.ഐ (എം) പഠന കോൺഗ്രസുകളിൽ വെളിപ്പെടുത്തിയിരുന്നെങ്കിലും പിന്നീടങ്ങോട്ട് അവരുടെ തന്നെ ഭരണത്തിൽ സാമ്പത്തിക അസമത്വം കുത്തനെ കൂടുകയായിരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ കൂലി/ശമ്പളം 435 ഇരട്ടി വർദ്ധിച്ചപ്പോൾ കാർഷിക വിളകളുടെ വില കൂട്ടിയത് 19 ഇരട്ടി മാത്രം.

## കർഷകരെ പിന്തുണക്കാത്തവരെ പിന്തള്ളണം

മേൽത്തട്ടിലുള്ള ചുരുക്കം ആളുകളുടെ വരുമാനം ഗണ്യമായി വർദ്ധിക്കുമ്പോൾ താഴെ തട്ടിലുള്ളവരുടെ ജീവിതം തകർച്ചയിലേക്ക് നീങ്ങുകയാണെന്നും തോമസ് ഐസക്ക് വ്യക്തമാക്കിയിരുന്നു. പക്ഷേ ഈ നിലപാടൊന്നും അദ്ദേഹം ധനമന്ത്രിയായിരുന്നപ്പോൾ തിരുത്താനോ ഒരു ധനകാര്യ/സാമ്പത്തിക വിപ്ലവത്തിലേക്ക് (Financial Economical Revolution) നയിക്കാനോ തയ്യാറായില്ല. ചിന്തകൾ ലേഖനങ്ങളിൽ ഒതുങ്ങി.

നിലനില്പ് അപകടത്തിലായ, കേരളത്തിലെ കർഷകരും ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരും തിരഞ്ഞെടുപ്പുകളിൽ ഇനിയങ്ങോട്ട് തങ്ങളെ ചതിച്ചവരെ ശാസ്ത്രീയമായി കണ്ടെത്താൻ ശ്രമിക്കുന്നു. സ്ഥാനമാനങ്ങൾക്കായി ജീവിക്കുന്ന, ആറക്ക സർക്കാർ പെൻഷനിൽ സുഖമായി ജീവിക്കുന്ന, സംസ്ഥാന ധനകാര്യ സാമ്പത്തിക വിദഗ്ധരൊന്നും കർഷക പ്രതിസന്ധിയെ ശരിയായ രീതിയിൽ വിശകലനം ചെയ്യാൻ മുന്നോട്ട് വരാത്തതിനാൽ ലഭ്യമായ വിദഗ്ധരെ ഉൾപ്പെടുത്തിയാണ് ഈ പഠനം നടത്തിയിരിക്കുന്നത്. അതിന്റേതായ പരിമിതികൾ ഈ പഠനത്തിൽ കണ്ടേക്കാം. ചൂണ്ടിക്കാണിച്ചാൽ തിരുത്താനും തയ്യാറാണ്.

## കർഷകരും ദരിദ്രരും ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്നു

കേരള സമൂഹത്തിന്റെ പകുതിയോളം വരുന്ന കർഷകരടങ്ങുന്ന ദരിദ്രജനങ്ങളും പാർശ്വവൽക്കരിക്കപ്പെട്ടവരും അവരുടെ ജീവിതവും ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്നു എന്നതാണ് വർത്തമാന കേരളത്തിന്റെ ദുര്യോഗം. കേരളം 'അതിവേഗത്തിൽ ബഹുദൂരം' മുന്നോട്ട് കുതിക്കുമ്പോൾ കാർഷിക കേരളം ബാഹ്യശക്തികളുടെ നിയന്ത്രണത്താൽ പിന്നോട്ട് വലിച്ചു മാറ്റപ്പെടുന്നു. ആലങ്കാരികമായി പറയുകയല്ല തെളിവുകളുടെ പിൻബലത്തിൽ തെളിയിക്കുകയാണിവിടെ.

## കേരളം 'മുന്നിൽ' കർഷകർ 'പിന്നിൽ'

കേരളം രൂപീകൃതമായിട്ട് 69 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഒരു ദേശത്തെ പ്രതിപാദിക്കുമ്പോൾ ഇത് ഒരു ദീർഘമായ കാലഘട്ടമാകണമെന്നില്ല. ലോകത്തിന് മുന്നിൽ നിരവധി കാര്യങ്ങളിൽ അനുകരണീയ മാതൃക എന്ന നിലയ്ക്ക് തലയുയർത്തി 'നിർത്താൻ' ഭരണകൂടങ്ങൾ ജീവിത നിലവാര സൂചികകൾ, പബ്ലിക് അഫയേഴ്സ് ഇൻഡക്സ്, ആരോഗ്യ വിദ്യാഭ്യാസ സൂചികകൾ മുതൽ നഗരസമൂഹത്തിന്റെ നിലവാരമളക്കുന്ന മിക്ക സൂചികകളും ഉപയോഗിക്കുന്നു. (സർക്കാർ ജീവനക്കാരടക്കമുള്ള സംഘടിത സമ്പന്ന വിഭാഗങ്ങളുടെ ശമ്പളം നിരന്തരം കുത്തനെ കൂട്ടിക്കൊടുക്കുന്നതിനെ ന്യായീകരിക്കാൻ). മിക്ക സാമൂഹിക അളവുകോലുകളിലും കേരളം രാജ്യത്ത് മുൻനിരയിലാണെന്ന് ഭരണകൂടം നാഴികയ്ക്ക് നാല്പതുവട്ടം പുറത്തുനിന്നു കൊട്ടിഘോഷിക്കുന്നു. എന്നാൽ കർഷകരുടെയും കാർഷിക മേഖലയുമായി ബന്ധപ്പെട്ടു കഴിയുന്ന കുടുംബങ്ങളുടെയും സ്ഥിതി ഏറെ വിഭിന്നമാണ്. ഏറെ കഷ്ടമാണ്.

## പ്രതിലോമ ഗതിയിലുള്ള നികുതി, ദരിദ്രവിരുദ്ധം

നികുതികൾ ചുമത്തി അത് പൂർണ്ണമായി വരുമാന ശ്രേണിയിലെ താഴ്ന്ന വിഭാഗങ്ങൾക്ക് കൈമാറുന്ന നികുതി കൈമാറ്റ (ടാക്സ് ട്രാൻസ്ഫർ) നടപടികൾ ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. വിൽപ്പന നികുതി/ജി.എസ്.ടി. തുടങ്ങിയവ പരോക്ഷ നികുതികളാണ്. പാവപ്പെട്ടവനും പണക്കാരനും കോടീശ്വരനും ഇത്തരം നികുതികളിൽ വ്യത്യാസമില്ല. നാം വാങ്ങുന്ന ഒരു സോപ്പിന്റെ വില്പന നികുതി/ ജി.എസ്.ടി. ദരിദ്രനും കോടീശ്വരനും ഒന്നുതന്നെ. മീൻ കച്ചവടക്കാരനായ പാവപ്പെട്ടവൻ അടിക്കുന്ന പെട്രോളിനും പണക്കാരന്റെ കോടികൾ വിലയുള്ള ആഡംബര കാറിൽ അടിക്കുന്ന പെട്രോളിന്റെ നികുതിയും ഒന്നുതന്നെ. എന്നാൽ പ്രത്യക്ഷ നികുതികൾ (ആദായനികുതി തുടങ്ങിയവ) വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ചുമത്തപ്പെടുന്നത്. സംസ്ഥാന സർക്കാരിന്റെ തനത് നികുതി വരുമാനമൊക്കെ പരോക്ഷ നികുതികളാണ്.

നികുതി ചുമത്തുമ്പോഴുണ്ടാകുന്ന മാറ്റം പുരോഗമന ഗതിയിലുള്ളതാണോ പ്രതിലോമ ഗതിയിലുള്ളതാണോ എന്നത് ഗൗരവമായി വിലയിരുത്തേണ്ടതുണ്ട്. ഉദാഹരണത്തിന് ഒരു വ്യക്തിക്ക് 500 രൂപാ വരുമാനവും മറ്റൊരു വ്യക്തിക്ക് 2000 രൂപാ വരുമാനവും ഉണ്ടെന്ന് കരുതുക. ഇവർ വാങ്ങുന്ന ഒരു ഉല്പന്നത്തിന് പരോക്ഷ നികുതിയായി 150 രൂപാ ചുമത്തിയാൽ ആദ്യത്തെ വ്യക്തിയുടെ നികുതി 30 ശതമാനവും രണ്ടാമത്തെ വ്യക്തിയുടെ നികുതി 7.5 ശതമാനവും ആകും. അതായത് ഉയർന്ന വരുമാനമുള്ള വ്യക്തിയുടെ നികുതി ശതമാനം കുറഞ്ഞതും താഴ്ന്ന വരുമാനമുള്ള വ്യക്തിയുടെ നികുതി ശതമാനം ഉയർന്നുമിരിക്കും. ഇത്തരം നികുതികളെയാണ് പ്രതിലോമ ഗതിയിലുള്ള (റിഗ്രസീവ്) നികുതിയെന്ന് നിർവചിക്കുന്നത്. താഴ്ന്ന വരുമാന വിഭാഗക്കാർക്ക് ബാധ്യത സൃഷ്ടിക്കുന്ന പ്രതിലോമ ഗതിയിലുള്ള നികുതികൾ ഒഴിവാക്കണമെന്നാണ് നികുതി സിദ്ധാന്തങ്ങൾ നിർദ്ദേശിക്കുന്നത്.

നൊബേൽ സമ്മാന ജേതാവായ ജയിംസ് ബുക്കാനനും ഹാർവാർഡ് സർവകലാശാലയിലെ പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനായ റിച്ചാർഡ് മസ്ഗ്രേവും നികുതി ഭാരത്തെപ്പറ്റി വിഖ്യാതമായ സംവാദം നടത്തിയിട്ടുണ്ട്.

പാവപ്പെട്ടവരുടെ മേൽ പരോക്ഷ നികുതികൾ ചുമത്തി ആരുമറിയാതെ ഒരു രൂപയും രണ്ടുരൂപയും പോക്കറ്റടിച്ച് ശതകോടികൾ വരുമാനമുണ്ടാക്കി ആ പണം ശമ്പളം/ പെൻഷൻ വർദ്ധനവിനായി ഉപയോഗിക്കുന്നത് ജനവിരുദ്ധവും സോഷ്യലിസ്റ്റ് വിരുദ്ധവും മുതലാളിത്ത ശൈലിയുമാണ്.

പരോക്ഷ നികുതിക്കുപകരം സർക്കാരിൽ നിന്നും നിശ്ചിത തുകയിലധികം ശമ്പളമായും പെൻഷനായും വാങ്ങുന്നവർക്കെല്ലാം ഒരു നിശ്ചിത ശതമാനം സെസ് ഏർപ്പെടുത്തിയാൽ അതല്ലെ ആഗോള തലത്തിൽ അംഗീകരിക്കപ്പെടുന്ന പ്രത്യക്ഷ നികുതി!




അമേരിക്കയിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള 'ഫിനാൻഷ്യൽ ടൈംസ്' പത്രത്തിൽ ജനങ്ങളുടെ ജനകീയ പ്രശ്നങ്ങൾ സാമ്പത്തിക തത്വങ്ങളുടെയും നയങ്ങളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്ന 'ഡിയർ ഇക്കോണമിസ്റ്റ്' എന്ന കോളം കൈകാര്യം ചെയ്തിരുന്ന ടിം ഹാർഫോർഡ് എഴുതിയ 'ദി അണ്ടർകവർ ഇക്കോണമിസ്റ്റ്' എന്ന പുസ്തകം സൺഡേ ടൈംസിന്റെ ബെസ്റ്റ് സെല്ലർ പുസ്തകമായിരുന്നു. അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ ഈ കൊച്ചുകേരളത്തിൽ ഏറെ പ്രസക്തമാകുന്നുവെന്ന് ബസ് ചാർജ്, വൈദ്യുതിനിരക്ക് വർദ്ധനയിലൂടെ ദരിദ്രരുടെ 25 പൈസാ, 50 പൈസാ നാണയത്തുട്ടുകൾ നാണമില്ലാതെ പോക്കറ്റടിക്കുന്നത് തെളിയിക്കുന്നു.

ഉൽപാദനചിലവിൽ നാലു രൂപയിൽ താഴെ മാത്രം വിലവരുന്ന ഒരു കപ്പ് കാപ്പി റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാന്റുകളിലും എട്ട് രൂപാ വാങ്ങുന്നത് ഉല്പാദന ചിലവിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തിരക്കുള്ള സ്ഥലങ്ങളുടെ ഉയർന്ന വാടകയുടെയും കൂടുതൽ ലാഭത്തിനായുള്ള അത്യാഗ്രഹത്തിന്റെ അടിസ്ഥാനത്തിലാണെന്നാണ് ഹാർഫോർഡ് കണ്ടെത്തിയത്. കേരളത്തിലെ രാഷ്ട്രീയനേതാക്കളും മന്ത്രിമാരും ഇടതു വലതു മുന്നണി കൺവീനർമാരും അവശ്യം വായിച്ചിരിക്കേണ്ട പുസ്തകമാണിത്. കാരണം അവർ അതുതന്നെ ചെയ്യുന്നു.

വലിയൊരു ജനസമൂഹത്തിൽ ഓരോരുത്തരിൽ നിന്നും 50 പൈസയും ഒരു രൂപയും അധികവിലയായി ഈടാക്കുമ്പോൾ അതുതന്നെ ശതകോടി അധിക വരുമാനമാകുമെന്നും ചെറിയ

തുകയായതിനാൽ ജനക്കൂട്ടം ഇതിനെതിരെ സാധാരണഗതിയിൽ പ്രതികരിക്കുകയില്ലെന്നും എന്നാൽ അതിന്റെ ആനുകൂല്യം ലഭിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അത് ശതകോടിക്കണക്കിനു രൂപയുടെ അധികവരുമാനം ഓരോ ദിവസവും നല്കുന്നു. ഇതിനെ ദരിദ്രപീഡനം അല്ലെങ്കിൽ Poverty Cheating എന്നു വിളിക്കാം. മൂന്നര കോടി മലയാളികളിൽ നിന്ന് ഒരു ദിവസം 50 പൈസാ ഏതെങ്കിലും കാര്യത്തിൽ അധികമായി പിരിച്ചാൽ അത് ഒന്നേമുക്കാൽ കോടിയാകും. 50 പൈസാ അധികമായാൽ ആരും പരാതിപ്പെടില്ല. എന്നാൽ കിട്ടുന്നവന്റെ ലാഭം ഒന്നേമുക്കാൽ കോടി. അതിൽ ഒരു 50 ലക്ഷം ഭരണാധികാരികൾക്ക് നല്കിയാലും പിന്നെയും ലാഭം.

അഴിമതി കൊടികുത്തി വാഴുന്ന നമ്മുടെ രാജ്യത്തിന്റെ / സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തെ സാമൂഹിക - രാഷ്ട്രീയ രംഗങ്ങളിൽ നിന്നു തികച്ചും വേറിട്ട നിലയിൽ പരിശോധിക്കാനാവില്ല.

പട്ടിണി പാവങ്ങളുടെ പോക്കറ്റിൽനിന്നും വാങ്ങുന്ന നാണയത്തുട്ടുകൾ ശതലക്ഷം കോടികളായി ഭരണാധികാരികളുടെ കൈകളിലെത്തുന്നത് ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുന്നു.


ഇത്തരമൊരു സാഹചര്യത്തിലാണ് സംസ്ഥാന സർക്കാരിന്റെ ബജറ്റുകളും വരവുചിലവ് കണക്കുകളും സർക്കാർ പണം ഏതൊക്കെ മേഖലകളിലേക്ക് വീതം വയ്ക്കുന്നു എന്നതും, സർക്കാരിന്റെ വരുമാന മാർഗ്ഗങ്ങളെന്തൊക്കെയാണെന്നും കർഷകർ പഠന വിധേയമാക്കേണ്ടത്.

അതിനു മുമ്പ് തന്നെ ആരൊക്കെയാണ്, എങ്ങനെയൊക്കെയാണ്, എത്രയൊക്കെയാണ് സംസ്ഥാനത്തിന് നികുതി നൽകുന്നതെന്നു മനസ്സിലാക്കിയിരിക്കണം.




## മന്ത്രിമാരെ സുഖവാസത്തിനായി ഊരുചുറ്റാൻ വിട്ട് ഉദ്യോഗസ്ഥർ ഭരണം കൈയ്യടക്കുന്നു.

ഭരണസിരാകേന്ദ്രങ്ങളിൽ ജനാധിപത്യ ഭരണക്രമത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന സാധാരണ ജനപ്രതിനിധികളിൽ ബഹുഭൂരിപക്ഷത്തിന്റെയുംമേൽ ബുദ്ധിപരമായും വിദ്യാഭ്യാസപരമായും മേൽക്കൈ നേടി ജനപ്രതിനിധികളെ നിയന്ത്രിക്കുന്നതിലും നിശബ്ദരാക്കുന്നതിലും ഒന്നാം സ്ഥാനത്തു നിൽക്കുന്നത് പഴയ ഇന്ത്യൻ സിവിൽ സർവ്വീസിന്റെ (ഐ.സി.എസ്.) സ്വതന്ത്ര ഇന്ത്യയിലെ പുതിയ പതിപ്പായ ഇന്ത്യൻ അഡ്മിനിസിട്രേറ്റീവ് സർവ്വീസ് (ഐ.എ.എസ്.) എന്ന ഉദ്യോഗസ്ഥ വൃന്ദമാണ്. ഒരു ഇ.എം.എസിനോ കെ. കരുണാകരനോ കെ.എം. മാണിക്കോ ഉമ്മൻ ചാണ്ടിക്കോ മാത്രമാണ് ഈ ഉദ്യോഗസ്ഥ ഭരണത്തിന് മുകളിൽ തലയുയർത്തി നിന്ന് അവരെ നിയന്ത്രിക്കാനായത്. ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട് ജനങ്ങൾ നിയന്ത്രിക്കുന്ന (For the people by the people of the people) ജനാധിപത്യ ഭരണക്രമത്തിൽ ഇന്ന് ജനാധിപത്യം എന്നത് ഉദ്യോഗസ്ഥാധിപത്യം എന്ന for the bureaucracy by the bureaucracy of the bureaucracy എന്ന ഉദ്യോഗസ്ഥർക്കുവേണ്ടി മാത്രമുള്ള ഭരണം എന്ന നിലയിലേക്ക് അധഃപതിച്ചു. 140 എം.എൽ.എ.മാരും 20 മന്ത്രിമാരും ഉള്ള കേരള ഭരണ സംവിധാനത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസിലെ 10 ൽ താഴെ നേരത്തെ ഉന്നത ഉദ്യോഗസ്ഥരായിരുന്നവർ ഇന്ന് ഉപദേശകരായി സംസ്ഥാന ഭരണം നിയന്ത്രിക്കുകയാണെന്നഭ ആക്ഷേപത്തിൽ കുറെ കഴമ്പുണ്ടെന്നതല്ലെ. കുറെ കാലമായി കേരളത്തിൽ തുടരുന്ന ഉദ്യോഗസ്ഥാധിപത്യ ജനാധിപത്യ ഭരണത്തിൽ ഉദ്യോഗസ്ഥർ പറയുന്നതിനെയും എഴുതുന്നതിനെയും ജനകീയ വാദമുഖങ്ങളുയർത്തി നേരിടാൻ നാളിതുവരെ കേരളം ഭരിച്ച ഭൂരിപക്ഷം മന്ത്രിമാർക്കും വിവിധ മുന്നണികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും സാധിച്ചിട്ടില്ല എന്നതു തന്നെയാണ് സത്യം. അതാണ് ഇന്നത്തെ കേരള പ്രതിസന്ധിക്ക് കാരണം. രാഷ്ട്രീയ നേതാക്കൾ പോലും സ്വന്തമായി കാര്യങ്ങൾ പഠിക്കാതെ ഉപദേശകർ എഴുതി കൊടുക്കുന്നത് വായിക്കുന്നവരായി മാറി. ഇതിനൊരു മാറ്റം വേണം.



## മന്ത്രിമാർക്ക് എന്തിന് പേഴ്സണൽ സ്റ്റാഫ്? അതുപോലുമറിയാത്ത മന്ത്രിമാർ

മന്ത്രിമാർക്ക് ഭരണ വൈദഗ്ധ്യമോ ഏറ്റെടുക്കുന്ന വകുപ്പിനെ സംബന്ധിച്ച സാങ്കേതിക അറിവുകളോ ഇല്ലാത്തതിനാലായിരുന്നു പബ്ലിക് സർവ്വീസ് കമ്മീഷൻ (പി.എസ്.സി.) വഴിയോ ചീഫ് സെക്രട്ടറി അടങ്ങുന്ന ഉന്നത ഉദ്യോഗസ്ഥ നിയന്ത്രണം വഴിയോ അല്ലാതെ മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാരെയും പേഴ്സണൽ സ്റ്റാഫിനെയും ജനാധിപത്യ സംവിധാനത്തിൽ നിയമിച്ചിരുന്നത്. മന്ത്രിമാരും ഭരണം നടത്തുന്ന രാഷ്ട്രീയ പാർട്ടികളും അവരുടെ നയങ്ങൾ ഭരണത്തിൽ സ്വതന്ത്രമായി നടപ്പിലാക്കാനായിരുന്നു ഇങ്ങനെയൊരു മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാരുടെയും പേഴ്സണൽ സ്റ്റാഫിന്റെയും നിയമനം സ്വതന്ത്രമായി ജനാധിപത്യ ഭരണത്തിൽ നിലനിർത്തിയിരിക്കുന്നത്. പി.എസ്.സി. വഴിയോ ഉദ്യോഗസ്ഥ വൃന്ദങ്ങളിൽ നിന്നോ തന്ത്രപ്രധാനമായ തസ്തികകളിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ആളുകളെ നിയമിച്ചാൽ ബ്യൂറോക്രസി ജനാധിപത്യ ഭരണത്തെ നിയന്ത്രിക്കും. അതൊഴിവാക്കാനായിരുന്നു ദീർഘവീക്ഷണമുള്ള രാഷ്ട്രീയ നേതാക്കൾ മന്ത്രിമാരുടെ ഓഫീസുകളിൽ സ്വതന്ത്രഭരണനിയന്ത്രണ സംവിധാനം കൊണ്ടുവന്നത്. ചില രാജ്യങ്ങളിൽ ഭരണം മാറുമ്പോൾ ഉദ്യോഗസ്ഥരല്ല ഭരണത്തെ ഉദ്യോഗസ്ഥ തലത്തിൽ നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥരെക്കാൾ അധികാരമുള്ള വിവരമുള്ള നേതാക്കളാണ്ഭരണത്തെ നയിക്കുന്നത്. നിയമനിർമ്മാണ സഭകളിൽ നടക്കുന്ന നിയമനിർമ്മാണങ്ങളിൽപ്പോലും ഉദ്യോഗസ്ഥ ആധിപത്യം ഉണ്ടാകാതിരിക്കാൻ ഭരണകൂടം ശ്രദ്ധിച്ചിരുന്നു.



## നിയമനിർമ്മാണത്തിൽ വകുപ്പ് മന്ത്രിയുടെ പ്രസക്തി – രാഷ്ട്രീയ പാർട്ടികളുടെയും ഉത്തരവാദിത്വം.

നിയമനിർമ്മാണത്തിൽ നിയമം എഴുതിയുണ്ടാക്കുന്നത് അതാതു വകുപ്പ് മന്ത്രിമാരുടെ തന്നെ നേതൃത്വത്തിലാണ്. എന്താണ് ഒരു നിയമത്തിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ ആഗ്രഹിക്കുന്നതെന്ന് വകുപ്പ് മന്ത്രി ആ വകുപ്പിലെ ഉദ്യോഗസ്ഥരോട് പറയുന്നു. അതിനനുസൃതമായി നിയമനിർമ്മാണം വകുപ്പുകൾ കരടു രൂപത്തിൽ തയ്യാറാക്കുന്നു. മന്ത്രിയുടെ ഓഫീസിലെ ഉദ്യോഗസ്ഥരല്ലാത്ത നേരിട്ടു നിയമിച്ച വിദഗ്ധർ അത് പരിശോധിക്കുന്നു. ആവശ്യമെങ്കിൽ പുറത്തുനിന്നും വിദഗ്ധോപദേശം തേടും. എന്നിട്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തി നിയമവകുപ്പിന് നൽകുന്നു. നിയമവകുപ്പ് പരിശോധിച്ച ശേഷം മന്ത്രിസഭയിലെത്തുന്നു. പിന്നീട് അത് സബ്ജക്ട് കമ്മറ്റിക്ക് പോകുന്നു. തിരിച്ചുവരുമ്പോൾ ഭരിക്കുന്ന സർക്കാരിന്റെ താല്പര്യപ്രകാരം ആവശ്യമായ മാറ്റങ്ങളോടെ നിയമനിർമ്മാണ സഭയിലെത്തി നിയമമാകുന്നു. ഇതുകൊണ്ടൊക്കെ തന്നെയാണ് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ വിവരമുള്ളവർ ഉണ്ടായിരിക്കണമെന്ന് പഴമക്കാർ പറയുന്നത്. ഇന്നത്തെ മന്ത്രിമാ

രുടെ പേഴ്സണൽ സ്റ്റാഫിൽ തന്നെ നിരവധി റിട്ടയേർഡ് സർക്കാർ ഉദ്യോഗസ്ഥരാണ് നിർണ്ണായക സ്ഥാനങ്ങളിൽ (Key Positions) ഇരിക്കുന്നതെന്ന വൈരുദ്ധ്യമാണ് കേരളം കാണുന്നത്.

നിയമനിർമ്മാണ സഭ അംഗീകരിച്ച് നിയമമായതിന് നടപടിക്രമങ്ങൾ നിശ്ചയിക്കുന്നതാണ് റൂൾസ് അഥവാ ചട്ടങ്ങൾ. മിക്കപ്പോഴും പ്രധാന നിയമത്തിന്റെ അന്തസത്തയുടെ അടിസ്ഥാനത്തിൽ മന്ത്രിമാരുടെ നിർദ്ദേശാനുസരണം ഓരോ വകുപ്പ് മേധാവികളായ ഐ.എ.എസുകാരാണ് ചട്ടങ്ങൾ രൂപീകരിക്കുന്നത്. ആ ചട്ടങ്ങൾ ജനോപകാരപ്രദമാണെന്നും ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച പ്രകടനപത്രികയ്ക്ക് അനുയോജ്യമാണെന്നും പരിശോധിക്കേണ്ടതും ഉറപ്പാക്കേണ്ടതും വകുപ്പ് മന്ത്രി തന്നെ.

ഒരു കാരണവശാലും ചട്ടങ്ങൾ നിയമങ്ങൾക്ക് വിരുദ്ധമാകാൻ പാടില്ല. അതുറപ്പാക്കേണ്ട ചുമതലയും ഉത്തരവാദിത്വവും വകുപ്പുമന്ത്രിമാരുടെയും മന്ത്രിയുടെ ഓഫീസിൽ ജോലി നോക്കുന്ന സ്വതന്ത്ര വിഷയവിദഗ്ധരുടെയുമാണ്.

## സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സ്

സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരം നിശ്ചിത ദിവസത്തിന് മുമ്പ് തന്നെ മന്ത്രിസഭയിൽ ചർച്ച ചെയ്യുന്ന വിഷയങ്ങളുടെ വിശദമായ നോട്ട് മന്ത്രിമാർക്ക് ലഭിച്ചിരിക്കണം. ഓരോ മന്ത്രിസഭാ യോഗത്തിലും ഓരോ മന്ത്രിസഭാ യോഗ അജണ്ടയും വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷമായിരിക്കണം മന്ത്രിസഭ അംഗീകരിക്കേണ്ടത്. നോട്ടുകളിൽ കടന്നുവന്ന തെറ്റുകളും നയവ്യതിയാനങ്ങളും ജനവിരുദ്ധതയുമൊക്കെ മന്ത്രിസഭയിൽ ചൂണ്ടിക്കാണിക്കേണ്ടത് മന്ത്രിമാർതന്നെയാണ്.

## മന്ത്രിമാർ, വകുപ്പുകൾ, ജീവനക്കാർ

അടുത്ത പേജിൽ കൊടുത്തിരിക്കുന്ന മന്ത്രിമാരുടെ എണ്ണവും അവരുടെ വകുപ്പുകളും പ്രൈവറ്റ് സെക്രട്ടറിമാരുടെ എണ്ണവും അവർ നിയന്ത്രിക്കുന്ന ജീവനക്കാരുടെ എണ്ണവും പരിശോധിച്ചാൽ എന്തുകൊണ്ടാണ് കേരളത്തിലെ ഭരണം കുത്തഴിഞ്ഞതാണെന്നും അഴിമതിയാണെന്നും ഭരണത്തെപ്പറ്റി മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും പ്രതികരിക്കുന്നതെന്നും വ്യക്തമാകും. (പ്രതികരണങ്ങൾ മറ്റൊരിടത്ത്) ജനാധിപത്യ ഭരണമല്ല യൂണിയൻ ഭരണമാണ് നടക്കുന്നതെന്നു വ്യക്തം.





## ഭരണസംവിധാനത്തിലെ മാമൂൽ ധാരണകളെ അട്ടിമറിച്ച ഇ.എം.എസ്

1971 ൽ പാസായ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ നിയമത്തെ വി. രാമചന്ദ്രൻ കമ്മിറ്റിയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രമായി പരിഷ്കരിച്ചതിനുശേഷമാണ് കൗൺസിലുകളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തിയത്. എട്ടാം പദ്ധതിയുടെ ആവിഷ്കാരത്തിൽ പുതിയ ജില്ലാ കൗൺസിലുകളെ പങ്കാളികളാക്കുന്നതിനുള്ള പരിശ്രമവും ഉണ്ടായി. ജില്ലാ കൗൺസിലുകളെ എങ്ങനെ ഫലപ്രദമാക്കാം എന്നതിനെക്കുറിച്ച് ഒരു ആശയസംവാദം സംഘടിപ്പിക്കുന്നതിന് ദേശാഭിമാനിയുടെ താളുകളിലൂടെ ഇഎംഎസ് മുൻകൈ എടുത്തു. ഇതിനുള്ള നിർദ്ദേശങ്ങളടങ്ങുന്ന ഒരു ലേഖനം ദേശാഭിമാനിയിൽ പ്രസിദ്ധീകരിക്കുകയും പരസ്യമായ ചർച്ചയ്ക്ക് എല്ലാ രാഷ്ട്രീയ കക്ഷികളെയും ക്ഷണിക്കുകയും ചെയ്തു. ഇഎംഎസിന്റെ നിർദ്ദേശങ്ങളിൽ പലതും ഭരണസംവിധാനം സംബന്ധിച്ച മാമൂൽ ധാരണകളെ അട്ടിമറിക്കാൻ പോന്നവയായിരുന്നു. തദ്ദേശഭരണ വകുപ്പുതന്നെ വേണ്ട എന്നായിരുന്നു ഇഎംഎസിന്റെ നിർദ്ദേശം.

## ഐ.എ.എസുകാരും സെക്രട്ടറിമാരും കളക്ടർമാരും രാഷ്ട്രീയ നേതൃത്വത്തിന് കീഴിൽ പ്രവർത്തിക്കണം

ജില്ലാ കൗൺസിലുകൾക്ക് അതത് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പ്രവർത്തന മേൽനോട്ടം വഹിക്കാൻ കഴിയും. സംസ്ഥാനതലത്തിൽ ജില്ലാ കൗൺസിൽ അധ്യക്ഷന്മാരടങ്ങിയ ഒരു സംസ്ഥാന വികസന കൗൺസിൽ ഏകോപനത്തിനു വേണ്ടി രൂപീകരിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. സെക്രട്ടറിയേറ്റിലെ സാങ്കേതിക ഉദ്യോഗസ്ഥർ നേതൃത്വം നൽകുന്ന ഡയറക്ടറേറ്റുകൾക്ക് സമാന്തരമായി സെക്രട്ടറിയേറ്റ് ഡിപ്പാർട്ടുമെന്റ് ഭരണസംവിധാനവും ഇഎംഎസിന്റെ നിശിത വിമർശനത്തിന് വിധേയമായി ഒഴിവാക്കാനാകുന്ന കാലതാമസത്തിനും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിനും അത് വഴിതെളിക്കുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. പല ഡിപ്പാർട്ടുമെന്റുകളും നിർത്തലാക്കുന്നതുകൊണ്ട് ഒരു അപാകതയുമില്ല. ഡിപ്പാർട്ടുമെന്റ് തലവനായ സെക്രട്ടറി, സെക്രട്ടറിയേറ്റിന് പുറത്ത് വകുപ്പിനെ നയിക്കുന്ന ഡയറക്ടർമാർ എന്നിങ്ങനെ രണ്ട് സ്ഥാനങ്ങൾ ഒരേ സമയം ആവശ്യമില്ല. അവയെ സംയോജിപ്പിക്കുകയാണ് ഉചിതം. ഈ സംയോജിത സ്ഥാനത്ത് പൊതുഭരണത്തിൽ മാത്രം വൈദഗ്ധ്യമുള്ള ഐ.എ.എസുകാരെ നിയോഗിക്കുന്നതിന് പകരം സാങ്കേതിക വിദഗ്ധരെ പ്രതിഷ്ഠിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കഴിവുള്ള ഉദ്യോഗസ്ഥരെ സെക്രട്ടറിയേറ്റിലും ജില്ലാതലത്തിലും തിരഞ്ഞെടുക്കപ്പെട്ട ഭരണാധികാരികളുടെ നിയന്ത്രണത്തിൽ ചീഫ് സെക്രട്ടറി/കളക്ടർ റാങ്കിൽ സംസ്ഥാനത്തും ജില്ലാതലത്തിലും രാഷ്ട്രീയ നേതൃത്വത്തിന് തന്നെ അഞ്ച് വർഷ കാലയളവിൽ/ഭരണകാലയളവിൽ നിയമിക്കാനുള്ള സംവിധാനം നിയമാനുസൃതം രൂപീകരിക്കണം.

## ഉദ്യോഗസ്ഥരെ താഴത്തേക്ക് പുനർവിന്യസിപ്പിക്കണം

സെക്രട്ടറിയേറ്റിലെയും സംസ്ഥാനതലത്തിലെയും ഉദ്യോഗസ്ഥരിൽ ഒരു നല്ലപങ്കിനെ താഴത്തേക്ക് പുനർവിന്യസിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി (ദേശാഭിമാനി മാർച്ച് 1998). ഈ ലേഖനത്തെ തുടർന്ന് ദേശാഭിമാനിയിൽ പ്രസിദ്ധീകരിക്കപ്പെട്ട പ്രതികരണങ്ങൾ ഇന്ന് ഒരുമിച്ച് വായിക്കുമ്പോൾ കൗതുകകരമായ ഒരു വസ്തുത വെളിവാകുന്നുണ്ട്. സംവാദത്തിൽ പങ്കെടുത്തഭൂരിപക്ഷം പേർക്കും ഇഎംഎസിന്റെ വിപ്ലവകരമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളാനേ കഴിഞ്ഞിരുന്നില്ല. മറ്റ് പൊതുകാര്യങ്ങളെക്കുറിച്ചാണ് അവർ പ്രതികരിക്കാൻ ഒരുമ്പെട്ടത്. ഇന്നത്തെ സി.പി.ഐ(എം)ന്റെയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും പൊതുസ്ഥിതിയും ഇതിൽ നിന്നും ഭിന്നമല്ല.




**കളക്ടറാണ് രാജാവ്. 73, 74 ഭരണഘടനാ ഭേദഗതികൾ. കേരളത്തെ സംബന്ധിച്ച് പിന്നാക്കം പോക്കുതന്നെ. കളക്ടറെയും ഉദ്യോഗസ്ഥരെയും ജില്ലയുടെയഥാർത്ഥ അധിപൻമാരാക്കി – ഇ.എം.എസ്.**

1991 ലെ തിരഞ്ഞെടുപ്പിനെ തുടർന്ന് യു.ഡി.എഫ്. അധികാരത്തിൽ വന്നതോടുകൂടി ജില്ലാ കൗൺസിലുകൾ അട്ടിമറിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് 73, 74 ഭരണഘടനാ ഭേദഗതികൾ പാസാകുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ ഭേദഗതികൾ ഒരു പിന്നാക്കം പോക്കാണെന്ന് ഇഎംഎസ് ചൂണ്ടിക്കാണിച്ചു.

73, 74 ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട പുതിയ പഞ്ചായത്തീരാജ് മുനിസിപ്പൽ നിയമങ്ങളിലെ ജനാധിപത്യ വിരുദ്ധമായ വകുപ്പുകളെ തുറന്നുകാണിക്കുന്നതിനും ഇഎംഎസ് മുന്നിലുണ്ടായിരുന്നു. 1991 ലെ ജില്ലാഭരണ നിയമത്തെ അപേക്ഷിച്ച് നോക്കുമ്പോൾ 73, 74 ഭരണഘടനാ ഭേദഗതി തന്നെ കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു പിന്നാക്കം പോക്കാണെന്ന്




| റാങ്ക് | മന്ത്രി 2024-ലെ സ്ഥിതി | വകുപ്പുകൾ | പ്രൈവറ്റ് സെക്രട്ടറിമാർ | കീഴിലുള്ള സർക്കാർ ജീവനക്കാർ | കീഴിലുള്ള പൊതുമേഖല സ്ഥാപന ജീവനക്കാർ | ആകെ ജീവനക്കാർ |
|---|---|---|---|---|---|---|
| 01 | വി. ശിവൻകുട്ടി | 9 | 4 | 175631 | 1383 | 177014 |
| 02 | പിണറായി വിജയൻ | 26 | 14 | 92796 | 290 | 93086 |
| 03 | പ്രൊഫ. ഡോ.ആർ. ബിന്ദു | 8 | 4 | 70107 | 82 | 70189 |
| 04 | വീണ ജോർജ്ജ് | 9 | 5 | 67067 | 2006 | 69073 |
| 05 | കൃഷ്ണൻകുട്ടി | 2 | 3 | 431 | 31146 | 31577 |
| 06 | ആന്റണി രാജു | 2 | 3 | 3718 | 26815 | 30533 |
| 07 | പി. രാജീവ് | 12 | 3 | 6011 | 22903 | 28914 |
| 08 | കെ.എൻ. ബാലഗോപാൽ | 6 | 4 | 10148 | 11812 | 21960 |
| 09 | കെ. രാജൻ | 4 | 4 | 19754 | 332 | 20086 |
| 10 | എം.ബി. രാജേഷ് | 6 | 5 | 18007 | 103 | 1811 |
| 11 | പി. പ്രസാദ് | 5 | 4 | 9157 | 7099 | 16256 |
| 12 | ജി.ആർ. അനിൽ | 2 | 4 | 2491 | 10539 | 13030 |
| 13 | മുഹമ്മദ് റിയാസ് | 2 | 3 | 9531 | 2555 | 12086 |
| 14 | റോഷി അഗസ്റ്റിൻ | 2 | 3 | 3781 | 6850 | 10631 |
| 15 | ചിഞ്ചുറാണി | 4 | 4 | 8437 | 1205 | 9642 |
| 16 | വാസവൻ | 2 | 4 | 6724 | – | 6724 |
| 17 | എ.കെ. ശശീന്ദ്രൻ | 2 | 3 | 5338 | 486 | 5824 |
| 18 | കെ. രാധാകൃഷ്ണൻ | 4 | 3 | 3023 | 823 | 3846 |
| 19 | സജി ചെറിയാൻ | 2 | 3 | 1095 | 380 | 1475 |
| 20 | അഹമ്മദ് ദേവർകോവിൽ | 4 | 4 | 1422 | 20 | 1442 |
| 21 | അബ്ദുൾ റഹ്മാൻ | 2 | 3 | 130 | 25 | 155 |
| | **ആകെ** | **115** | **87** | **514799** | **126854** | **641653** |

ഇഎംഎസ് ചൂണ്ടിക്കാണിച്ചു. പുതിയ നിയമം ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം ഇല്ലാതാക്കി. കളക്ടർമാരെയും മറ്റുദ്യോഗസ്ഥരെയും അതുവഴി ജില്ലയുടെ യഥാർത്ഥ അധിപന്മാരാക്കി. കേരളത്തിൽ നിലവിലുണ്ടായിരുന്ന നിയമത്തിൽ നിന്ന് വ്യത്യസ്തമായി പുതിയ കേന്ദ്ര നിയമത്തിന്റെ സ്പിരിറ്റ് ഉദ്യോഗസ്ഥ ചട്ടക്കൂടുകൊണ്ട് പഞ്ചായത്തീരാജ് – നഗരപാലിക സ്ഥാപനങ്ങളെ വരിഞ്ഞുമുറുക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട ജില്ലാ കൗൺസിലിന് കീഴെ ജില്ലാ ഉദ്യോഗസ്ഥ സംവിധാനത്തെ ആകെ കൊണ്ടുവരുന്നതിന് ഈ നിയമം സഹായകരമല്ല.

## തദ്ദേശസ്വയംഭരണ നിയന്ത്രണം ഉദ്യോഗസ്ഥരിലൂടെ സംസ്ഥാന സർക്കാരിലേക്ക് – മറ്റൊരു ഗവർണ്ണറിസമോ ?

കേരള നിയമസഭയുടെ പരിഗണനയിലായിരുന്ന ബില്ലിലെ ജനാധിപത്യ വിരുദ്ധ വകുപ്പുകളെക്കുറിച്ച് വലിയ പ്രതിഷേധം നാനാകോണുകളിൽ നിന്നും ഉണ്ടായി. ബദൽ ബില്ല് ചർച്ച ചെയ്യുന്നതിന് ജനസഭകൾ വിളിച്ചുകൂട്ടപ്പെട്ടു. ജനാധിപത്യ വികേന്ദ്രീകരണമല്ല ഉദ്യോഗസ്ഥ കേന്ദ്രീകരണമാണ് പുതിയ നിയമ നിർമ്മാണത്തിലൂടെ സംഭവിക്കുകയെന്ന് ഇഎംഎസ് ചൂണ്ടിക്കാണിച്ചു. താഴേക്ക് കൊടുക്കുന്ന അധികാരങ്ങളുടെയെല്ലാം ചരടുകൾ ഉദ്യോഗസ്ഥരിലൂടെ സംസ്ഥാന സർക്കാരിൽ തന്നെ നിക്ഷിപ്തമായിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യങ്ങളിൽ ഇടപെടുന്നതിന് എല്ലാ സ്വേച്ഛാപരമായ സ്വാതന്ത്ര്യവും സംസ്ഥാന സർക്കാരിനുണ്ടായിരുനനു. പ്രമേയങ്ങൾ റദ്ദാക്കുന്നതിനും ബജറ്റ് അംഗീകരിക്കാതിരിക്കുന്നതിനും പ്രസിഡന്റുമാരെ നീക്കം ചെയ്യുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനും വ്യവസ്ഥ ചെയ്തിരുന്നു. ഗവർണറെകൊണ്ട് കേന്ദ്രം സംസ്ഥാനം ഭരിക്കുന്നതുപോലെ.

മുകളിൽ പറഞ്ഞ വകുപ്പുകളുടെയെല്ലാം ആകെത്തുക ഡൽഹിയിലും സംസ്ഥാനതലങ്ങളിലും നിലവിലുള്ള ഉദ്യോഗസ്ഥ ഉരുക്കു ചട്ടക്കൂട് താഴത്തേക്ക് കൊണ്ടുവരികയെന്നതാണ്. ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് അവരുടെ മുകൾത്തട്ടിലെ ഉദ്യോഗസ്ഥഭരണ സംവിധാനത്തിന് കീഴ്പ്പെട്ടിരിക്കും. ഇത് അധികാരം ജനങ്ങൾക്ക് നൽകുന്ന പ്രക്രിയയല്ല. മറിച്ച് ഉദ്യോഗസ്ഥർക്ക് കൂടുതൽ അധികാരം നൽകുന്ന പ്രക്രിയയാണ്. (അധികാരം ജനങ്ങൾക്ക്, ഫ്രണ്ട്ലൈൻ 6 മെയ് 1994).

## എസ്.ബി. സെൻ കമ്മിറ്റി റിപ്പോർട്ട്

വിമർശനങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും ഫലമായി ചില പരിഹാസ്യമായ വകുപ്പുകൾ പിൻവലിക്കുന്നതിന് സർക്കാർ നിർബന്ധിതമായി. എന്നിരുന്നാൽ തന്നെയും ഒരു കാര്യം വ്യക്തമായിരുന്നു. പുതിയതായി രൂപംകൊണ്ട പഞ്ചായത്തിരാജ്, മുനിസിപ്പൽ നിയമത്തിൽ സമഗ്രമായ പൊളിച്ചെഴുത്ത് കൂടാതെ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശം ഉറപ്പുവരുത്താനും അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കാനും കഴിയില്ല. അതുകൊണ്ടാണ് നിയമഭേദഗതികളെക്കുറിച്ചും അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിനുള്ള മറ്റ് നടപടികളെക്കുറിച്ചും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് എസ്.ബി. സെൻ അധ്യക്ഷനായി ഒരു കമ്മറ്റിയെ നിയോഗിക്കുന്നതിന് ഇഎംഎസ് മുൻകൈ എടുത്തത്.

ഇ.എം.എസ്.ന്റെ നിലപാടിങ്ങനെ. കേരളത്തിലെ ഭൂപരിഷ്കരണം വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞത് കേവലം നിയമനിർമ്മാണം കൊണ്ട് മാത്രമായിരുന്നില്ല. ഭൂപരിഷ്കരണം നടപ്പാക്കുന്നതിന് ബൃഹത്തായ ഒരു ജനകീയ പ്രസ്ഥാനത്തിന് രൂപം നൽകാൻ കഴിഞ്ഞതുകൊണ്ടുകൂടിയാണ്. **ഭൂപരിഷ്കരണം കാർഷിക ബന്ധങ്ങളെ സൃഷ്ടിക്കുന്നതുപോലെ തന്നെ അടിസ്ഥാനപരമായ ഒരു മാറ്റമാണ് അധികാരവികേന്ദ്രീകരണം ഭരണസംവിധാനത്തിൽ സൃഷ്ടിക്കുന്നത്. എന്നാൽ, ഭൂപരിഷ്കരണ പ്രസ്ഥാനത്തിന് സമാനമായ ഒരു ജനകീയ പ്രസ്ഥാനം അധികാരവികേന്ദ്രീകരണത്തിന് വേണ്ടി രൂപപ്പെടുത്തുന്നതിൽ നമ്മൾ പരാജയപ്പെട്ടു.** 1991 ലെ ജില്ലാ കൗൺസിലുകളുടെ അനുഭവത്തിൽ നിന്ന് ഇഎംഎസ് ഉൾക്കൊണ്ട ഒരു പ്രധാനപ്പെട്ട പാഠം അതായിരുന്നു. ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ടേ അധികാരവികേന്ദ്രീകരണത്തെ സ്ഥായിയാക്കാനാകൂ.

പാർട്ടി ഇങ്ങനെ പോയാൽ പാർട്ടി സർക്കാർ ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിലായേക്കാം (2024 ൽ സംഭവിച്ചതാണ്) എന്ന് 1980 കളിൽ തന്നെ ഇ.എം.എസ്. മുൻകൂട്ടി കണ്ടിരുന്നു. ഇതാ ഇ.എം.എസിന്റെ ചില ചിന്തകൾ/അഭിപ്രായങ്ങൾ

## നിലവിൽ ജനാധിപത്യമല്ല നടക്കുന്നത്. ഉദ്യോഗസ്ഥ മേധാവിത്വമെന്ന് ഇ.എം.എസ്.

നിലവിലുള്ള ജനാധിപത്യത്തെ സംരക്ഷിച്ചാൽ മാത്രം പോരാ, അത് കീഴ്ത്തട്ടുകളിലേക്ക് കൂടി വ്യാപിപ്പിക്കണം. ഈ തലത്തിൽ ജനാധിപത്യമല്ല, ഉദ്യോഗസ്ഥ മേധാവിത്വമാണ് നിലനിൽക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനത്തിലെന്നപോലെ ജില്ലകളിലും കീഴ്ത്തട്ടിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണകൂടങ്ങൾ ഉണ്ടാകണം.

കേന്ദ്രത്തിനും സംസ്ഥാനത്തിനും പുറമേ ജില്ലയിലും താഴേത്തട്ടിലും ഉദ്യോഗസ്ഥരെ നിയന്ത്രിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട സമിതികളുള്ള സമഗ്രമായ ഒരു ഭരണസംവിധാനത്തെ നമ്മുടെ ഭരണഘടന വിഭാവനം ചെയ്തിരുന്നില്ല. കേന്ദ്രത്തിലും സംസ്ഥാനത്തിലും ജനാധിപത്യം, കീഴ്ത്തട്ടിൽ ഉദ്യോഗസ്ഥ മേധാവിത്വം ഇതാണ് ഭരണഘടനയിൽ പറയുന്ന ഇന്ത്യൻ രാഷ്ട്രീയത്തിന്റെ സത്ത.

അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് കേന്ദ്ര സർക്കാർ വാചാലമാകാറുണ്ടെങ്കിലും കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ ഒരു പൊളിച്ചെഴുത്തിന് കേന്ദ്രം തയ്യാറല്ല എന്നുള്ളതാണ് അധികാര വികേന്ദ്രീകരണത്തിന് മുന്നിലെ ഒരു പ്രധാന പ്രതിസന്ധി. ഈ പൊളിച്ചെഴുത്തിന് കേന്ദ്രംകൂടി സഹായിക്കണം. പക്ഷെ സംസ്ഥാന സർക്കാരിലുള്ള അധികാരങ്ങൾ ഗ്രാമപഞ്ചായത്തിനും/മുനിസിപ്പാലിറ്റികൾക്കും സർക്കാർ സംസ്ഥാനം സ്വന്തമായി തീരുമാനിച്ച് നിയമനിർമ്മാണമുണ്ടാക്കിയാൽ മതി.




## അധികാരം ജനങ്ങളിലായിരിക്കണമെന്ന് ഇ.എം.എസ്. പക്ഷെ അധികാരം എത്തിയത് ഉദ്യോഗസ്ഥരിലും

കൂടുതൽ അധികാരങ്ങൾ താഴേക്ക് നൽകിക്കൊണ്ടല്ലാതെ യഥാർത്ഥ അധികാരവികേന്ദ്രീകരണം സാധ്യമല്ല. അധികാരത്തിന്റെ പിരമിഡ് ഇന്ന് തലകുത്തി നിൽക്കുകയാണ്. അത് നിവർത്തി പുനഃസ്ഥാപിക്കണം. താഴേത്തട്ടിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം പൂർണ്ണമായും തീരുമാനിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള അവകാശം താഴെത്തട്ടിനുണ്ടാകണം. അവിടെ ചെയ്തു തീർക്കാൻ കഴിയാത്തവ മാത്രമേ ബ്ലോക്കിനും ജില്ലയ്ക്കും നൽകേണ്ടതുള്ളൂ. സംസ്ഥാനതലത്തിൽ തീരുമാനമെടുത്ത് നടപ്പാക്കാൻ കഴിയാത്ത പ്രതിരോധം, വിദേശവ്യാപാരം, അടിസ്ഥാന വ്യവസായങ്ങൾ, റെയിൽവേ തുടങ്ങിയ മിച്ചംവരുന്ന വിഷയങ്ങളേ കേന്ദ്രത്തിന് വേണ്ടൂ. ഇപ്രകാരം അടിമുടി അധികാര പുനർവിന്യാസം അനിവാര്യമാക്കുന്ന ഒരു വീക്ഷണമായിരുന്നു ഇഎംഎസിന് ഉണ്ടായിരുന്നത്.

## 2025 പഞ്ചായത്ത് തിരഞ്ഞെടുപ്പ് രണ്ടാം സ്വാതന്ത്ര്യ സമരമാകണം

കേരളം ജനാധിപത്യത്തിൽ നിന്നും ഉദ്യാഗസ്ഥാധിപത്യ ഭരണത്തിലേക്കു മാറി എന്നു കേരളത്തിലെ കൊച്ചു കുട്ടികൾക്കുപോലും മനസ്സിലായ സാഹചര്യത്തിൽ, ഉദ്യാഗസ്ഥാധിപത്യത്തിൽ നിന്നും അഹിംസ അടിസ്ഥാനമാക്കിയുള്ള രണ്ടാം സ്വാതന്ത്ര്യസമരം എന്നതു 2025 ഒക്ടോബറിൽ വരുന്ന കേരള തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പുകളിലെ ഓരോ

വാർഡിലെയും ജനപ്രതിനിധികളെ തിരഞ്ഞെടുക്കൽ സന്ദർഭം തന്നെയാണ്. ഓരോ വാർഡിലെയും ഗ്രാമസഭയാണ്.

ഈ കുറിപ്പിന്റെ മറ്റൊരു ഭാഗത്തു വിശദീകരിക്കുന്ന ജനപ്രതിനിധികളെ കാലാവധിക്കു മുൻപു തിരിച്ചു വിളിക്കാനുള്ള "Right to Recall" എന്ന നമ്പർ വൺ സിനിമായിലെ മുഖ്യമന്ത്രിയുടെ ഡയലോഗ് ഇന്ന് ഏറെ പ്രസക്തമാണ്. തിരിച്ചു വിളിക്കാനുള്ള അവകാശം. 2025-ലെ തദ്ദേശസ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്ത വോട്ടർമാർക്ക് ഗ്രാമസഭകളിലൂടെ കിട്ടാൻ സംസ്ഥാന നിയമം ഭേദഗതി ചെയ്യണമെന്ന വിപ്ലവ നിർദ്ദേശം കൂടി നാം മുന്നോട്ടുവയ്ക്കുന്നു. ഇതൊന്നും ഉട്ടോപ്യൻ (UTOPIAN) ആശയമല്ല. സ്ഥാപിത താല്പര്യക്കാരല്ലാത്ത അസംഘടിതരായ ഒരു വാർഡിലെ ജനങ്ങൾക്ക് ഇതിനു സാധിക്കും എന്നാണ് ഈ കൂട്ടായ്മയുടെ ഭാഗമായ ജനോക്രസി യുടെ ഉപജ്ഞാതാവായ ജോയി മൂക്കൻതോട്ടത്തിന്റെ കണ്ടെത്തൽ.




ഒരു മാറ്റം വേണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നു. നമ്മളിൽ നിന്ന് തുടങ്ങാം. രണ്ടു രാഷ്ട്രീയപാർട്ടികൾ തമ്മിൽ അടിച്ചാൽ ഉടൻ സർവ്വകക്ഷി സമ്മേളനം കൂടുന്നത് എന്തിന്? രണ്ട് മതങ്ങൾ തമ്മിൽ അകന്നാൽ സർവ്വമത സമ്മേളനവും കൂടുന്നത് എന്തിന്? അതിന്റെ അർത്ഥം രാഷ്ട്രീയ അധികാരത്തിന്റെയും മതാധികാരത്തിന്റെയും മുകളിൽ ഒരു അധികാരം ഉണ്ടായിട്ട് അല്ലേ? അതല്ലേ സാമൂഹിക അധികാരം. ആ സാമൂഹിക അധികാരത്തെ നമ്മൾക്ക് വാർഡിലേക്ക് കൊണ്ടുവരണം. മഹാഭൂരിപക്ഷം വരുന്ന നമ്മൾ അതിനു തയ്യാറായാൽ മാത്രം മതി. അധികാരത്തിൽ എത്തണം. നിങ്ങളെല്ലാവരും അതിന് യോഗ്യരാകണം. എം.പി.യും എം.എൽ.എ. യും മുതൽ എല്ലാ പഞ്ചായത്ത് മുൻസിപ്പൽ കോർപ്പറേഷൻ ലീഡേഴ്സ് നിങ്ങളിലുണ്ട്. നിങ്ങൾ വീടിനും നാടിനും കൊള്ളാവുന്നവർ ആണെങ്കിൽ മാത്രമേ തെരഞ്ഞെടുക്കപ്പെടുകയുള്ളൂ. ഒരൊറ്റ ആഴ്ചകൊണ്ട് കേരളത്തെ നമ്മൾക്ക് മാറ്റിയെടുക്കാം. വോട്ട് ബാങ്ക് രാഷ്ട്രീയമാണ് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും. മതങ്ങളെ ചേർത്തു പിടിക്കുന്നതും അതുകൊണ്ടുതന്നെ. മതങ്ങൾ രാഷ്ട്രീയക്കാരെ ചേർത്തുപിടിക്കുന്നതും നമ്മൾ തിരിച്ചറിയണം.

## വാർഡിൽ ആരാണ് ഭൂരിപക്ഷം

പ്രിയ കർഷക സുഹൃത്തുക്കളെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഏതാണ്ട് ഒരുപോലെയാണ് ജനസംഖ്യ അനുപാതത്തിൽ വാർഡുകൾ തിരിച്ചിരിക്കുന്നത്. ഒരു 1300 വോട്ടേഴ്സ് കാണും. ആവറേജ് ആണ് പറയുന്നത്. ആയിരം പേരോളം വോട്ടു ചെയ്യും. 300 മുതൽ 330 വരെ വോട്ട് കിട്ടുന്നവർ ജയിക്കുന്നുണ്ട്. അതുപോലെ ആവറേജ് വീടിന്റെ എണ്ണം 450 ആണ്. ഇനി ആണ് പ്രധാനം ഒരു വാർഡിൽ സാധാരണയായി മൂന്ന് നാല് അഞ്ചു വരെ പാർട്ടികൾ ഉണ്ടാകും. ഇതിൽ രാഷ്ട്രീയം കൊണ്ട് മാത്രം ജീവിക്കുന്നവരുടെ എണ്ണം ഓരോ പാർട്ടികളും, ഓരോ പാർട്ടികളിലും നിങ്ങൾ എടുക്കുക. പ്രത്യേകം ശ്രദ്ധിക്കുക. രാഷ്ട്രീയം കൊണ്ട് ജീവിക്കുന്നവർ മാത്രം. കോൺഗ്രസ് എന്നോ കേരള കോൺഗ്രസ്, സിപിഎം,സി.പി.ഐ. ലീഗ്,ബിജെപി, നിങ്ങൾക്ക് അതിശയം വരും രാഷ്ട്രീയം കൊണ്ട് ജീവിക്കുന്നവർ ഓരോ പാർട്ടികളിലും വിരലിൽ എണ്ണാനെ ഉള്ളൂ എന്ന്. മന്ത്രിയും, എം.എൽ.എ യും, എം.പിയും മരിച്ചടക്കിന് വന്നതുകൊണ്ടോ കല്യാണം കൂടിയതുകൊണ്ടോ, പിരിവ് കൊടുക്കുന്നതുകൊണ്ടോ ഒന്നുമല്ല. ഇതെല്ലാം അവർ പാർട്ടികളിൽ പെടാത്തവരെ പാട്ടിലാക്കാനും പിരിവ് പിന്നീട് എടുക്കാൻ കൊണ്ടുപോകുന്ന തന്ത്രവുമാണ്. മാക്സിമം അഞ്ചുപേരെ വച്ച് ഓരോ പാർട്ടികളിലുമായി 25. അടുത്തത് ട്രേഡ് യൂണിയൻ ആൾക്കാർ നിങ്ങൾക്കറിയാമല്ലോ ഒരു സംഘത്തിന് വേണ്ടിയത് 20 പേർ. ഒരു പഞ്ചായത്തിലാണ് ഓരോ ട്രേഡ് യൂണിയനുകളുടെയും പ്രവർത്തനങ്ങൾ. ഐ.എൻ.ടി.യു.സി., ബി.എം.എസ്, കെ.ടി.യു സി, സി.ഐ.ടി.യു, ഇങ്ങനെ 4,5 സംഘങ്ങളിലുമായി ഉള്ളത് മാക്സിമം 100 പേർ. എന്നുവച്ചാൽ ഒരു വാർഡിൽ പത്തുപേർ പോലും ഇല്ല. ഇപ്പോൾ നമുക്ക് ഇരുപത്തിയഞ്ചും പത്തും 35 പേർ. ഇനി അംഗൻവാടി ആശാവർക്കർ ഹരിതശ്രീ കൂട്ടിയാലും ഒരു പത്തിൽ താഴെ മാത്രം. അപ്പോൾ ടോട്ടൽ 45. ഇനി സർക്കാർ ജീവനക്കാർ, നല്ലവരായ പലരും ഉണ്ടെങ്കിലും ആനുകൂല്യം പറ്റുന്നതിന്റെ ആ സ്നേഹം അവർക്ക് കാണും എന്ന് ധരിക്കുക അവർ റിട്ടയർ ചെയ്തവരെയും കൂട്ടികൊൾക. മാക്സിമം 50 പേർ ഇപ്പോൾ ആകെ 95. നമ്മള് ആരെയും കുറക്കേണ്ട നൂറു വീടുകൾ മാക്സിമം എല്ലാവരെയും കൂട്ടി.

## വാർഡിൽ "സംഘടിതർ" ന്യൂനപക്ഷം "ഒഴിവാക്കപ്പെട്ടവർ" ഭൂരിപക്ഷം

പ്രിയ ഒഴിവാക്കപ്പെട്ട സമൂഹമേ നമ്മൾ സ്ഥാപിത താല്പര്യക്കാരെ ഒഴിവാക്കുകയാണിനി. പ്രിയ സ്നേഹിതരെ ഇനി നമ്മൾ ചിന്തിക്കുക. 450 വീടുകളിൽ നിന്ന് 100 വീട് പോയാൽ 350 വീടും നമ്മൾ അടിസ്ഥാന ജനവിഭാഗങ്ങളും, കർഷകരോ കച്ചവടക്കാരോ, സ്വന്തമായി ജോലിചെയ്ത് ജീവിക്കുന്നവരോ, മീൻ പിടിച്ച് ജീവിക്കുന്നവരോ, ഓട്ടോ ഓടിച്ചു ജീവിക്കുന്നവരോ, ടാക്സിക്കാരോ, അടുത്ത വീടുകളിലോ കടകളിലോ ഫാക്ടറികളിലോ ജോലി ചെയ്ത് അന്നന്നു വേണ്ട ജീവിതം കഴിക്കുന്നവരോ ആണ് അവന്റെ അധ്വാനത്തിന്റെ ഫലമല്ലേ ആനകേയറിയും പന്നികയറിയും മുള്ളൻ കയറിയും കരടി കയറിയും കുരങ്ങ് പറിച്ചും ഒക്കെ തീർന്നു പോകുന്നത്. അവരെയല്ലേ ഓരോ ദിവസവും പുലി പിടിച്ചും, ആനപിടിച്ചും,. പാമ്പ് കടിച്ചും പന്നികുത്തിയും നശിപ്പിക്കുന്നത്? കന്നുകാലിയെയും ആടിനെയും പിടിച്ചു തീർത്തു കൊണ്ടിരിക്കുന്നത്. 350 വീടുകളിലെ 150 വീടുകൾ ഒരു ആശയത്തിൽ ഒന്നിച്ചാൽ ആ കൂടെത്തന്നെ മറ്റുള്ളവരും കൂടില്ലേ? നേതാവിൽ അല്ല നമ്മൾ ആശ്രയിക്കേണ്ടത് ആശയത്തിലാണ് ഓർക്കുക. ആ ആശയം ആണ് രാഷ്ട്രീയ അധികാരത്തിന്റെയും മതാധികാരത്തിന്റെയും മുകളിലുള്ള സാമൂഹികാധികാരം. ആ സാമൂഹികാധികാരം വാർഡ് തലത്തിൽ ഇംപ്ലിമെന്റ് ചെയ്യണം. സമൂഹത്തിന്റെ പേരിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. അത് പൊതു സമൂഹത്തോടുള്ള ഐക്യദാർഢ്യവുമാണ്. നിങ്ങളോർക്കണം 150 വീടുകൾ ഒന്നിക്കുമ്പോഴേ 450 വോട്ടുകൾ ആയിക്കഴിഞ്ഞു. ആ കൂടെത്തന്നെ മറ്റുള്ളവരും കൂടുന്നത്. നിങ്ങളോർക്കുക മഹാഭൂരിപക്ഷം വരുന്ന ഇത് ഒരു സ്ഥിരം സംവിധാനമായി മാറുകയല്ലേ. വീട് വിട്ട് ഒരിടത്തും പോകണ്ട. നമ്മുടെ കയ്യിൽ തന്നെയല്ലേ ഗ്രാമസഭകൾ.

നിലവിലെ പണാധിപത്യ സംഘടിതശക്തി ആധിപത്യ രാഷ്ട്രീയ ശൈലിയിൽ തന്നെ അങ്ങനെ വിപ്ലവം നടന്ന ഗ്രാമപഞ്ചായത്തുകളുണ്ട്. തെളിയിക്കപ്പെട്ട മാതൃകകളുണ്ട്. അസാധ്യമെന്നു രാഷ്ട്രീയക്കാർ കരുതിയ മാറ്റം സാധ്യമാക്കിയ പഞ്ചായത്തുകളുണ്ട്. നമുക്കവിടെ നിന്നും തുടങ്ങാം.




മധ്യതിരുവിതാംകൂറിൽ ഒരു രാഷ്ട്രീയേതര മുന്നണി പഞ്ചായത്ത് ഭരണം സ്വന്തമാക്കിയത് 1995 ലെ ഗ്രാമപഞ്ചായത്ത് തിരഞ്ഞെടുപ്പിൽ കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിലായിരുന്നു. രാഷ്ട്രീയാധികാരത്തിന് മുകളിൽ തത്വാധിഷ്ഠിത സുതാര്യ അഴിമതി രഹിത ഗ്രാമ പഞ്ചായത്ത് ഭരണമായിരുന്നു ശ്രീ. ഡിജോ കാപ്പന്റെ നിർദ്ദേശാനുസരണം സി.വി. ജോണിന്റെ നേതൃത്വത്തിലുള്ള രാഷ്ട്രീയേതര മുന്നണി മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ കാഴ്ച വച്ചത്. ഏറെ ജനപ്രീതി നേടിയതായിരുന്നു ആ പഞ്ചായത്ത് ഭരണമെങ്കിലും അത്തരമൊരു സംവിധാനം താലൂക്ക് തലത്തിലേക്കോ ജില്ലാ തലത്തിലേക്കോ വികസിക്കാതിരുന്നത് ആ മുന്നേറ്റത്തെ നിർവീര്യമാക്കി.




സമാനമായ രാഷ്ട്രീയേതര ജനകീയ മുന്നേറ്റമുണ്ടായത് 2015 ൽ എറണാകുളം ജില്ലയിലെ കിഴക്കമ്പലത്ത് അന്നാ കിറ്റെക്സ് വ്യവസായ സ്ഥാപനങ്ങളുടെ ഉടമസ്ഥൻ സാബു ജേക്കബിന്റെ നേതൃത്വത്തിൽ ട്വന്റി 20' എന്ന ജനകീയ കൂട്ടായ്മ കിഴക്കമ്പലം പഞ്ചായത്തിന്റെ ഭരണം പിടിച്ചെടുത്തതോടെയാണ്. അഴിമതി രഹിത ഭരണത്തിലൂടെ 2015-ൽ 30 ലക്ഷം രൂപാ കടബാദ്ധ്യതയുണ്ടായിരുന്ന കിഴക്കമ്പലം പഞ്ചായത്തിൽ ഭക്ഷ്യ സുരക്ഷാ മാർക്കറ്റ്, ഗോഡ്സ്വില്ല, സൗജന്യ ഭക്ഷണകിറ്റ്, പോഷകാഹാര പദ്ധതി, ജലാശയ സംരക്ഷണം, കുടിവെള്ള വിതരണം, തൈവിതരണ പദ്ധതി, ജലാശയ നവീകരണങ്ങൾ, സ്വയം തൊഴിൽ പദ്ധതി, അത്യാഹിത സുരക്ഷാ സംവിധാനങ്ങൾ, സഹായ സേവനങ്ങൾ, എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ ഹൈടെക് അങ്കണവാടികൾ, പഠനസഹായങ്ങൾ, സ്കൂട്ടർ വിതരണം, കനാൽ ഭിത്തി സംരക്ഷണം, സൗജന്യ മെഡിക്കൽ ക്ലാസുകൾ, ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ, പ്രളയ ദുരിതാശ്വാസ സഹായം, വീടുംപരിസരവും ശുചീകരിക്കൽ, പച്ചക്കറി, തീറ്റപ്പുല്ല് വിള കൃഷി ചെയ്യൽ, റോഡ് വീതി വർദ്ധിപ്പിക്കൽ, ക്ഷീര ഗ്രാമപദ്ധതി, പാലം പുനർനിർമ്മാണങ്ങളും കാന നിർമ്മാണവുമൊക്കെ നടപ്പിലാക്കിയിട്ടും 2025-ൽ കിഴക്കമ്പലം പഞ്ചായത്ത് 23.5 കോടി രൂപായുടെ സ്ഥിരം നിക്ഷേപം വരെയുണ്ടായി എന്ന നന്മയുടെയും നേരിന്റെയും പൊതുപ്രവർത്തനവും പൊതുഭരണവും കേരളത്തിലും സാദ്ധ്യമാണെന്ന് തെളിഞ്ഞിരിക്കുന്നു. കിഴക്കമ്പലത്തെ ജനകീയ ഭരണത്തിൽ അഴിമതിയും കെടുകാര്യസ്ഥതയും പൂർണ്ണമായി തച്ചുടക്കപ്പെട്ടു.


ട്വന്റി 20 ജൈത്രയാത്ര 2020-ൽ സമീപ പഞ്ചായത്തുകളുടെയും ബ്ലോക്കു പഞ്ചായത്തുകളുടെയും ഭരണം സ്വായത്തമാക്കുകയും ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിൽ വിജയത്തിന്റെ വെന്നിക്കൊടി ഉയർത്തുകയും ചെയ്തു.

കിഴക്കമ്പലത്തും സമീപ പഞ്ചായത്തുകളിലും ട്വന്റി 20ക്ക് രാഷ്ട്രീയേതരമായി പ്രാദേശിക ജനപങ്കാളിത്തത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കൊപ്പം ഭരണഘടനാ പദവി 73, 74-ാം ഭരണഘടനാ ഭേദഗതിയിലൂടെ ലഭിച്ച ഗ്രാമപഞ്ചായത്ത് ഭരണം പിടിച്ചെടുക്കാനും പിന്നീടുള്ള 2020-ലെ തിരഞ്ഞെടുപ്പിൽ നിലനിർത്താനും സാധിച്ചിട്ടുണ്ടെങ്കിൽ കേരളത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും നിലവിലുള്ള പൗരൻമാരുടെ യാചക മനോഭാവവും ജനപ്രതിനിധികളുടെ രാജാവാണെന്ന മനോഭാവവും ഒഴിവാക്കി ജനാധിപത്യത്തിൽ പൗരൻമാരുടെ വക യാണ് രാജ്യമെന്നും (പഞ്ചായത്ത്, നിയമസഭാ, പാർലമെന്റ്) പൗരാധികാരമാണ് ഏറ്റവും വലിയ അധികാരമെന്നും ഭരിക്കുന്നവർ രാജാക്കന്മാരും ഭരിക്കപ്പെടുന്നവർ (പൗരൻ, വോട്ടർ) അടിമകളും/യാചകരും ആണെന്ന പ്രാകൃത വ്യവസ്ഥ നിർത്തൽ ചെയ്ത് പൗരാവകാശങ്ങൾക്ക്/പൗരാധികാരങ്ങൾക്ക് ഒന്നാം സ്ഥാനം ലഭിക്കുന്ന ഒരു ജനാധിപത്യ ഭരണ ക്രമത്തിലേക്ക് 2025-ലെ തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പുകൾ (ഗ്രാമപഞ്ചായത്ത്/നഗരസഭാ/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്) മാറ്റാൻ ജനാധിപത്യത്തിലെ രാജാക്കന്മാരായ പൗരൻമാർ (വോട്ടർമാർ) തീരുമാനിക്കുന്ന സംവിധാനത്തിലേക്ക് നിങ്ങൾക്കേവർക്കും സ്വാഗതം




## അഴിമതി ജനകീയവൽക്കരണം

സാധാരണ കുടുംബ പശ്ചാത്തലത്തിൽ നിന്നും പതിറ്റാണ്ടുകൾക്ക് മുമ്പ് ജനപ്രതിനിധികളായവരിൽ പലരും ഇന്ന് ശതകോടീശ്വരൻമാരായിരിക്കുന്നു. പൊതുപ്രവർത്തനത്തിനും നാലും അഞ്ചും മക്കളുള്ള കുടുംബത്തെ പോറ്റാനും ഉള്ള ശമ്പളം ലഭിക്കാത്ത ജനപ്രതിനിധികൾ ആ ഒറ്റ തൊഴിലിൽ നിന്ന് തന്നെ എങ്ങനെ ശതകോടിശ്വരൻമാരായി മാറി? സത്യസന്ധതയോടെ അഴിമതി തെല്ലുമില്ലാതെ പൊതുപ്രവർത്തനം നടത്തുന്ന ജനനേതാക്കൾ ഇല്ലെന്നല്ല. കാലം മുമ്പോട്ട് പോകുന്നതിനനുസരിച്ച് ഇക്കൂട്ടരുടെ എണ്ണം കുറഞ്ഞു വരുന്നു എന്നതാണ് വേദനാജനകം. പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് നേതാക്കൾ നൽകിയ വരുമാനത്തെയും സമ്പത്തിനെയും സംബന്ധിച്ച സത്യവാങ്മൂലം പഠനവിധേയമാക്കിയപ്പോൾ സംസ്ഥാനത്തെ ഒരു ജനപ്രതിനിധിക്ക് പോലും അവരുടെ എം.എൽ.എ.ശമ്പളം കൊണ്ടും ആനുകൂല്യങ്ങൾകൊണ്ടും ഇന്നത്തെ നിലയിലെത്താനാവില്ല എന്ന് തെളിയുന്നു.



## മന്ത്രിമാർക്ക് നിയന്ത്രിക്കാനാവാത്ത എണ്ണം ജീവനക്കാർ

നേരത്തെ ചൂണ്ടിക്കാട്ടിയ മന്ത്രിമാരുടെ വകുപ്പുകളും അവർക്ക് കീഴിലുള്ള സർക്കാർ ജീവനക്കാരും മറ്റു മാനദണ്ഡങ്ങളും പഠനവിധേയമാക്കിയാൽ മാനദണ്ഡങ്ങളില്ലാതെ തന്നെയാണ് വകുപ്പുകൾ വിഭജിച്ചിരിക്കുന്നതെന്നും അഴിമതിയും കൈക്കൂലിയും വകുപ്പ് വിഭജിക്കുന്നതിൽ തന്നെയാണ് ആരംഭിക്കുന്നതെന്നും വ്യക്തം. കേരളത്തിലെ സർക്കാർ വകുപ്പുകളും അതിലെ ജീവനക്കാരുടെ എണ്ണവും ഇക്കാര്യം വ്യക്തമാക്കുന്നു.

നാട്ടുകാരുടെ സമ്പത്താണല്ലോ സർക്കാരുടെ വരുമാനമായ നികുതിപണം. നികുതി ആരിൽ, എങ്ങനെ, എത്ര ശതമാനത്തിൽ ചുമത്തണം എന്നത് തുടങ്ങി ആരംഭിക്കുന്ന അഴിമതി സർക്കാർ ഫണ്ടുകൾ ഉപയോഗിക്കുന്നിടങ്ങളിൽ ഭീകര രൂപം പ്രാപിക്കുന്നു.

അഴിമതിക്കെതിരെ പ്രതികരിക്കുന്ന ദേശീയ ആദർശവാദികൾ മുതൽ സംസ്ഥാന തിരുത്തൽവാദികൾ വരെ മറക്കുന്ന ഒരു കാര്യമുണ്ട്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ കേരളത്തിലെ ഓരോ നിയോജകമണ്ഡലത്തിലും എൽ.ഡി.എഫിലെയും യു.ഡി.എഫിലെയും ഓരോ സ്ഥാനാർത്ഥികളും 7 കോടി മുതൽ 10 കോടി വരെ തിരഞ്ഞെടുപ്പിനായി ചിലവഴിച്ചെന്ന് കേൾക്കുന്നു. ഇതിൽ മിക്ക സ്ഥാനാർത്ഥികൾക്കും സ്വന്തമായി ഒരു ലക്ഷം രൂപാ പോലും സ്വരൂപിക്കാൻ സാധിക്കാത്തവർ. കോടികൾ ആരിൽ നിന്നു പിരിച്ചു! അതിനൊക്കെ കണക്കുണ്ടോ?




പൊതുജന അടിത്തറയുള്ള രാഷ്ട്രീയ പാർട്ടികൾക്ക് പോലും ജനകീയ സമരങ്ങൾക്ക് നേതൃത്വം നൽകാനോ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാനോ സാധിക്കുന്നില്ല. ജനങ്ങൾക്ക് യാതൊരു ബന്ധവുമില്ലാത്ത പൈങ്കിളി വിഷയങ്ങളിൽ സമരങ്ങൾക്ക് ആഹ്വാനം ചെയ്യുന്നവർ ആ സമരങ്ങൾ ജനങ്ങൾ (എന്തിന് പറയണം സ്വന്തം രാഷ്ട്രീയ പാർട്ടി പ്രവർത്തകർപോലും) ഏറ്റെടുക്കുന്നില്ല എന്നതിന്റെ എത്രയോ ഉദാഹരണങ്ങൾ സമകാലിക കേരളത്തിൽ കാണാം. വിലക്കയറ്റം, കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ച അടക്കം ജനങ്ങളെ കാര്യമായി ബാധിച്ച വിഷയങ്ങളിലൊന്നും ജനകീയ പ്രക്ഷോ മുയർത്താൻ ബഹുജന രാഷ്ട്രീയ പാർട്ടികൾക്കായില്ല. ന്യൂനപക്ഷ സംഘടിതർ ഭൂരിപക്ഷ അസംഘടിതരെ ചൂഷണം ചെയ്യുമ്പോൾ രാഷ്ട്രീയ പാർട്ടികൾ ന്യൂനപക്ഷ ചൂഷകരുടെ കൂടെ കൂടുന്നതാണ് സമകാലിക കേരളത്തിന്റെ ദുര്യോഗം. വിലക്കയറ്റത്തിന് യഥാർത്ഥ കാരണമെന്താണെന്ന് ആരും ഗൗരവമായി അന്വേഷിക്കുന്നില്ല. വിലക്കയറ്റം സൃഷ്ടിക്കുന്ന സംഘടിത ശക്തികളിൽ നിന്ന് കമ്മീഷൻ വാങ്ങുന്നവരായി, അതിലൂടെ കിട്ടുന്ന ശതകോടികൾ കൊണ്ട് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവരായി മിക്ക ദേശീയ സംസ്ഥാന രാഷ്ട്രീയ പാർട്ടികളും അവയുടെ നേതാക്കൻമാരും അധഃപതിച്ചു. ജനകീയ വിഷയങ്ങൾ രാഷ്ട്രീയമായി തന്നെ ഏറ്റെടുത്തിരുന്ന യുവജന സംഘടനകൾ ക്രിക്കറ്റ്, ഫുട്ബോൾ മാച്ചുകൾ സംഘടിപ്പിക്കുന്നതിലേക്ക് മാറി.




ആനുകാലിക രാഷ്ട്രീയ പ്രവർത്തന ശൈലികൾ മലയാളികൾ വെറുക്കുന്നു. കക്ഷി രാഷ്ട്രീയത്തിനതീതമായി ഏത് രാഷ്ട്രീയ പാർട്ടിയിലെ നേതാക്കളും അഴിമതിക്കാരും പണത്തിന് പിന്നാലെ പരക്കം പായുന്നവരുമാണെന്ന പൊതുവികാരമാണ് ശരാശരി മലയാളിയുടേത്. ഒട്ടുമിക്ക രാഷ്ട്രീയ പ്രവർത്തകരും കുടുംബം പോറ്റുന്നതുപോലും കോഴകളിലൂടെയും അഴിമതികളിലൂടെയുമാണെന്ന് മലയാളി വിശ്വസിക്കുന്നു. മറ്റ് വരുമാന മാർഗ്ഗങ്ങളില്ലാതെ, പിൻതുടർച്ചയായി ലഭിച്ച കുടുംബസ്വത്തില്ലാതെ ജീവിച്ചുപോന്ന പരമദരിദ്രരായ ചെറുതും വലുതുമായ രാഷ്ട്രീയ പ്രവർത്തകർ പൊടുന്നനെ സമ്പന്നരാകുന്നതും സാമ്പത്തികമായി ഉയർന്ന ജീവിത ശൈലിയിലേക്ക് മാറുന്നതും തൊട്ടടുത്തുനിന്ന് കാണുകയും നിരീക്ഷിക്കുകയും ചെയ്യുന്ന സാധാരണ ജനം അവരുടെ വരുമാന സ്രോതസ്സ് കോഴയും അഴിമതിയുമാണെന്ന് കരുതുന്നെങ്കിൽ അതിന് അവരെ കുറ്റംപറയാൻ സാധിക്കില്ല. അതു തന്നെയാണ് സത്യം. അങ്ങനെ അവർക്ക് ജനാധിപത്യത്തിൽ വിശ്വാസം നഷ്ടപ്പെടുന്നു. ഏറ്റവും വിദ്യാഭ്യാസമുള്ളവരും വോട്ടർമാരിൽ നല്ലൊരു ശതമാനം റിട്ടയേർഡ് ജീവനക്കാരുമുള്ള ഡൽഹിയിലെ നിയമസഭാ തിരഞ്ഞെടുപ്പിൽ പോളിംഗ് ശതമാനം 60%-ൽ താഴെ എന്നതും ഭരിക്കുന്ന പാർട്ടിക്ക് അതിൽ കിട്ടിയത് 45.56% മാത്രമാണെന്ന് വരുമ്പോൾ ആകെ വോട്ടർമാരുടെ 27% പേർ മാത്രമാണ് ഡൽഹി ഭരണം നയിക്കുന്നവരെ തിരഞ്ഞെടുത്തതെന്നത് തന്നെ ജനാധിപത്യം ന്യൂനപക്ഷത്തിന്റെ പിന്തുണ മാത്രമാണെന്ന് തെളിയിക്കുന്നു.




കണക്കുകളൊക്കെ ആരിലും അസ്വസ്ഥത ഉണ്ടാക്കാനല്ല. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് കൂടിക്കൊണ്ടിരിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കാനാണ്. സർക്കാർ ജീവനക്കാരന്റെ ഏറ്റവും താഴത്തെ തട്ടിലുള്ള പ്യൂൺ പദവിയിലെ ശമ്പളം അടിസ്ഥാനമാക്കി വർദ്ധനവ് കണക്കാക്കിയത് ഒരു സാധാരണ കർഷകന് എപ്പോൾ വേണമെങ്കിലും നേടിയെടുക്കാവുന്ന ഒരു പദവിയായി പരിഗണിച്ചെന്നു മാത്രം. ചിലപ്പോൾ വാദത്തിനായിട്ടെങ്കിലും സംഘടിത ബുദ്ധിജീവികൾ സർക്കാർ ഉദ്യോഗസ്ഥനാകാൻ കർഷകനെന്ത് യോഗ്യത എന്ന ബുദ്ധിപരമായ ചോദ്യം ഉയർത്തിയേക്കാം. അതിനുത്തരമായിട്ടാണ് പ്യൂൺ പദവിയിലെ ശമ്പളവർദ്ധന പഠന വിധേയമാക്കിയത്.

ഉദ്ഘാടനം, കല്യാണം, മരണം, മറ്റ് ആൾക്കൂട്ട പരിപാടികളിൽ ജനപ്രതിനിധികൾ എത്തണമെന്ന് നിർബന്ധം

പിടിക്കുന്ന പൊതുജനം ഒരു കാര്യം മനസ്സിലാക്കണം. നാം അവരെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം (നിയമ നിർമ്മാണം - ഭരണം - ഉദ്യോഗസ്ഥ നിയന്ത്രണം - വിവിധ വിഷയങ്ങളിൽ അറിവ് സമ്പാദിക്കൽ) നടത്താൻ നാം അവർക്ക് സമയം നൽകുന്നില്ല. പിന്നെ അവരെങ്ങനെ ഭരിക്കും? സംസ്ഥാനത്തെ മുന്നോട്ട് നയിക്കും?




അവകാശ സംരക്ഷണത്തിൽ ലോകത്തിൽ തന്നെ ഏറ്റവും കൂടുതൽ സംഘടനകളുള്ള സംസ്ഥാനമാണ് കേരളം. എന്നാൽ ഈ സംഘടനകളൊക്കെ വിദ്യാഭ്യാസമുള്ള ജീവനക്കാരും സമൂഹത്തിൽ ശക്തിയുള്ളവരും കൂടുതൽ അവകാശങ്ങൾ നേടാൻ സ്വയം സംഘടിപ്പിക്കുന്നതാണ്. എന്നാൽ സംഘടിക്കാനറിയാത്ത എന്നും ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന കേരളത്തിലെ കർഷകർക്കും ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സ്വന്തമായി ട്ടൊരു സംഘടനയില്ല. ഏതു പാർട്ടിയിലും കർഷകരെ കാണാം. ഇടതിലും വലതിലും ബി.ജെ.പി.യിലും കർഷകരക്ഷക്കെന്ന് പറഞ്ഞു സംഘടിച്ച സംസ്ഥാന പാർട്ടികളിലുമായി കർഷകർ വിഘടിച്ച് പോയിരിക്കുന്നു. അതിനാൽതന്നെ അവരുടെ പരാതികൾ ഒന്നും ആരും ചെവികൊള്ളില്ല. തൊഴിലാളി സംരക്ഷണത്തിനായി കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി യിൽ സി.ഐ.ടി.യുവും വലതു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ എ.ഐ. ടി.യു.സിയും കോൺഗ്രസിൽ ഐ.എൻ.ടി.യു.സി.യും ബി.ജെ.പി.യിൽ ബി.എം.എസ്.ഉം പ്രവർത്തിക്കുന്നത് പാർട്ടിക്കുള്ളിൽ തന്നെ നിന്നു കൊണ്ട് തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനാണ്. എന്തുകൊണ്ട് കർഷകർക്ക് ഇത്തരമൊരു സംവിധാനമില്ല? സംവിധാ നമുണ്ട് പക്ഷേ, അതു കടലാസു സംഘടനയിൽ മാത്രം. തൊഴിലാളികൾക്കെതിരെ കർഷകൻ സംഘടിക്കാതിരിക്കാൻ ഒരു നിർവീര്യ സംഘടന. സംഘടിതവും ഭരണാധികാരികൾ തന്നെ നേതൃത്വം നല്കുന്നതുമായ തൊഴിലാളി യൂണിയനുകളുടെ സംഘടിത ശക്തിയുടെ പ്രവർത്തനത്തിന്റെ ഫലമായി സംസ്ഥാന സർക്കാരിന്റെ വരുമാന മെല്ലാം സംഘടിത ജീവനക്കാർക്കു മാത്രമെന്ന സ്ഥിതിയിലേക്കു കാര്യങ്ങൾ മാറിയിരിക്കുന്നു. ഭൂരിപക്ഷത്തെ (കർഷക ജനതയെ) ന്യൂനപക്ഷം (സംഘടിത തൊഴിലാളി വർഗ്ഗം) ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. ഭൂരിപക്ഷത്തിന്റെ വോട്ടു നേടി ഭരണത്തിലെത്തിയ ശേഷം അധികാരം നിലനിർത്താൻ പ്രത്യേകം സഹായം ചെയ്യുന്ന ന്യൂനപക്ഷത്തിന് എല്ലാം വാരിക്കോരി കൊടുക്കുന്ന അവസ്ഥ. ഇവർ നേടിയെടുത്ത അധിക സൗകര്യങ്ങൾ നിരന്തരം നിലനിർത്താനായി ദരിദ്ര ഭൂരിപക്ഷത്തിനെ നിരന്തരം കൊള്ളയടിക്കുക. ഇടതും വലതും ഇതുതന്നെ ചെയ്യുന്നു. സ്വാതന്ത്ര്യത്തിന് മുൻപ് ഭരിച്ചിരുന്ന ബ്രിട്ടീഷ് ഭരണാധികാരികൾ ശമ്പളം വരുമാനത്തിന്റെ 25% ആയി നിജ പ്പെടുത്തിയിരുന്നു. ആ കാഴ്ചപ്പാട് പോലും നമ്മുടെ ജനകീയ ഭരണാധികാരികൾക്കില്ല.




സംസ്ഥാനത്തിന്റെ നികുതി വരുമാനം മുഴുവനും ന്യൂനപക്ഷമായ രണ്ടു ശതമാനത്തിൽ താഴെയുള്ള സംഘടിത ഉദ്യോഗസ്ഥ വർഗ്ഗത്തിന് ശമ്പളമായും മറ്റു ആനുകൂല്യമായും നല്കുക. ദാരിദ്ര്യത്തിൽ കഴിയുന്ന അവശ വിഭാഗത്തെ കണ്ടതായി നടിക്കാതിരിക്കുക. അവരുടെ പ്രശ്ന പരിഹാരത്തിന് സർക്കാരിന്റെ കൈയ്യിൽ പണമില്ലെന്ന് പ്രസ്താവന ഇറക്കുക. ഇതാണ് കേരളത്തിൽ നടന്നു കൊണ്ടിരിക്കുന്നത് . സത്യ മറിയാത്ത കർഷകർ/ദരിദ്രർ ഇതെല്ലാം സ്വീകരിക്കുന്നു.




വിലക്കയറ്റത്തിനനുസൃതമായിട്ടാണോ ശമ്പളവും കൂലിയും പെൻഷനും വർദ്ധിപ്പിക്കുന്നതെന്നും നികുതിപ്പണം വീതം വയ്ക്കുന്നതിൽ സംസ്ഥാന സർക്കാരുകൾ നീതിബോധം പ്രകടിപ്പിച്ചോ എന്നും വിലയിരുത്തേണ്ടതുണ്ട്. എന്നു മാത്രമല്ല ഭൂരിപക്ഷം ജനസമൂഹത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള നയതീരുമാനങ്ങളെടുത്ത് നടപ്പിലാക്കാതെ ഒരു സംഘടിത ന്യൂനപക്ഷത്തിന്റെ താല്പര്യങ്ങൾക്ക് മുന്നിൽ അടിയറവു പറഞ്ഞതിന്റെ വിശദാംശങ്ങളിങ്ങനെ.

1968-2023 കാലഘട്ടത്തിലെ സർക്കാർ ജീവനക്കാരുടെ ശമ്പള/കൂലി വർദ്ധനവും കാർഷിക മേഖലയിലെ ഉല്പന്നങ്ങളുടെ വരുമാന വർദ്ധനവും കേരളത്തിൽ പുതിയൊരു പ്രഭു (Lords) വിഭാഗത്തിന്റെ ഉദയം വ്യക്തമാക്കുന്നു.

## നമുക്ക് കേരളത്തിന്റെ 2025-ലെ ചില പച്ചയായ യാഥാർത്ഥ്യങ്ങളിലേക്ക് നോക്കിയിട്ട് ഭാവിയെപ്പറ്റി ചിന്തിക്കാം.




സംസ്ഥാന സർക്കാരിന്റെ 2019-20 ലെ കണക്കുകൾ പ്രകാരം ഭൂമി വിലയും പലിശയും അടക്കം കണക്കാക്കിയാൽ ഒരു കിലോ നെല്ലുല്പാദിപ്പിക്കാനുള്ള ചിലവ് 102 രൂപ. ഭൂമി വിലയുടെ പലിശ ഒഴിവാക്കി ഒരു കിലോ നെല്ലുല്പാദിപ്പിക്കാനുള്ള ചിലവ് 39.56 രൂപാ. സർക്കാർ നെല്ലുസംഭരി

## കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശമ്പള വർദ്ധനവുകൾ – അക്കാലത്തെ മുഖ്യമന്ത്രിമാർ (1969 – 2023), ഭരിച്ച മുന്നണികൾ

കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശമ്പള വർദ്ധനവുകൾ – അക്കാലത്തെ മുഖ്യമന്ത്രിമാർ (1969 – 2023), ഭരിച്ച മുന്നണികൾ


| നം. | സർക്കാർ ഉത്തരവ് | തീയതി | പ്രാബല്യത്തിൽ വന്ന തീയതി | കുറഞ്ഞ ശമ്പള സ്കെയിൽ | | കൂടിയ ശമ്പള സ്കെയിൽ | |
|---|---|---|---|---|---|---|---|
| | | | | കുറഞ്ഞത് | കൂടിയത് | കുറഞ്ഞത് | കൂടിയത് |
| സി. അച്യുതമേനോണൻ 1969 - 70 (276 ദിവസം ഭരണത്തിൽ) | | | | | | | |
| 01 | 290/69 | 9.6.1969 | 1.7.1968 | 70 | 115 | 1300 | 1700 |
| സി. അച്യുതമേനോൻ 1970 - 77 (2364 ദിവസം) | | | | | | | |
| 02 | 91/74 | 5.4.74 | 1.7.73 | 196 | 265 | 1400 | 1900 |
| എ.കെ. ആന്റണി 1977 - 78 (550 ദിവസം) | | | | | | | |
| 03 | 860/78 | 16.12.78 | 1.7.78 | 280 | 400 | 2500 | 2750 |
| കെ. കരുണാകരൻ 1982 - 87 (1767 ദിവസം) | | | | | | | |
| 04 | 515/85 | 16.9.85 | 1.7.83 | 550 | 800 | 3700 | 4200 |
| ഇ.കെ. നയനാർ 1987 - 91 (1551 ദിവസം) | | | | | | | |
| 05 | 480/89 | 1.11.89 | 1.7.88 | 750 | 1025 | 4435 | 5285 |
| കെ. കരുണാകരൻ 1991 - 95 (1367 ദിവസം) | | | | | | | |
| 06 | 660/93 | 25.9.93 | 1.3.92 | 775 | 1065 | 5100 | 6300 |
| ഇ.കെ. നയനാർ 1996 - 2001 (1823 ദിവസം) | | | | | | | |
| 07 | 3000/98 | 25.11.98 | 1.3.97 | 2610 | 3680 | 16300 | 19900 |
| വി.എസ്. അച്യുതാനന്ദൻ 2006 - 2011 (1827 ദിവസം) | | | | | | | |
| 08 | 145/2006 | 25.3.06 | 1.7.2004 | 4510 | 6230 | 26600 | 33750 |
| ഉമ്മൻ ചാണ്ടി 2011 - 16 (1824 ദിവസം) | | | | | | | |
| 09 | 85/2011 | 26.2.11 | 1.7.09 | 8500 | 13210 | 48640 | 59840 |
| 10 | 7/2016 | 20.1.2016 | 1.7.14 | 16500 | 35700 | 93000 | 120000 |
| പിണറായി വിജയൻ | | | | | | | |
| 11 | 27/2021 | 10.2.21 | 1.7.19 | 23000 | 50200 | 129300 | 166800 |

## 1968–2023 കാലഘട്ടത്തിലെ കേരളത്തിലെ പ്രധാന വിളകളുടെ വിലവർദ്ധനവും സംഘടിത മേഖലയിലെ ശമ്പളവർദ്ധനവും

| | 1968 | 2023 | 1968–2023 വർദ്ധനവ് | 1968–2023 എത്ര ഇരട്ടി |
|---|---|---|---|---|
| റബർ (ഒരു കിലോ റബർഷീറ്റ്) | 4.66 | 157 | 3269% | 33 |
| നെല്ല് (ഒരു കിലോ നെല്ല്) | 1.40 | 28.20 | 1914% | 19 |
| സംഘടിത മേഖലയിലെ ഏറ്റവും കുറഞ്ഞ ശമ്പള സ്കെയിലിലെ<br>എ) കുറഞ്ഞ ശമ്പളം | 70 | 23000 | 32757% | 328 |
| ബി) കൂടിയ ശമ്പളം | 115 | 50200 | 43552% | 436 |
| സംഘടിത മേഖലയിലെ ഏറ്റവും കൂടിയ ശമ്പള സ്കെയിലിലെ<br>എ) കുറഞ്ഞ ശമ്പളം | 1300 | 129300 | 9846% | 98 |
| ബി) കൂടിയ ശമ്പളം | 1700 | 166800 | 9712% | 97 |

ക്കുന്നത് 28.20 രൂപയ്ക്ക്. **ഓരോ കിലോ നെല്ലിനും കർഷകനു നഷ്ടം 11.36 രൂപാ.**

1968–ൽ ഒരു കിലോ നെല്ലിന്റെ വില 1.40 രൂപയായിരുന്നത് 2023 ൽ 28.2 രൂപയായി വർദ്ധിച്ചപ്പോൾ വില കൂടിയത് 19 ഇരട്ടി മാത്രം. അതേ കാലഘട്ടത്തിൽ സംഘടിത മേഖലയിലെ ഏറ്റവും താഴ്ന്ന തലത്തിലെ ജീവനക്കാരന്റെ അടിസ്ഥാന ശമ്പളം 70 രൂപയായിരുന്നത് 2023 ൽ 23000 രൂപയായി. വർദ്ധനവ് 328 ഇരട്ടി. റബർ വില 1968–2023 കാലഘട്ടത്തിൽ ഉയർന്നത് 4.66 രൂപയിൽ നിന്നും 157 രൂപയായി. വർദ്ധനവ് 33 ഇരട്ടി മാത്രം. അതിന്റെ വിശദാംശങ്ങൾ മുൻപേജിൽ.




സംഘടിത മേഖലയിലെ തൊഴിലാളികളുടെ പ്രതിമാസ ശമ്പളം 60918 എന്ന് പറയുമ്പോൾ ദിവസക്കൂലി 2031 രൂപാ. പെൻഷൻകാരുടെ പ്രതിദിന പെൻഷൻ 1450 രൂപാ. 10 വർഷമായി സ്ഥിരം പണിയെടുക്കുന്ന കെ.എസ്.ആർ.ടി.സി.യിലെ എം–പാനൽ ജീവനക്കാരന്റെ പ്രതിദിന കൂലി 725 രൂപാ. ഒരേക്കർ കൃഷിഭൂമിയുള്ള വിവിധ കർഷകരുടെ പ്രതിദിന വരുമാനമിങ്ങനെ.

| വിള | വരുമാനം | ചിലവ് | കർഷകന് കിട്ടുന്നത് | പ്രതിമാസം രൂപാ | പ്രതി ദിനം രൂപാ |
|---|---|---|---|---|---|
| തെങ്ങ് | 59460 | 23784 | 35676 | 2973 | 99 |
| റബർ | 54230 | 21692 | 32538 | 2712 | 90 |
| നെല്ല് | 25668 | 10267 | 15401 | 1283 | 43 |

**ദിവസവരുമാന അന്തരം 2031 രൂപാ (സംഘടിത മേഖലയിലെ പ്യൂൺ) മുതൽ 43 രൂപാ (നെൽകർഷകൻ) വരെ. 43 രൂപ വരുമാനക്കാരന്റെ ഭൂനികുതിയാണ് ഇരട്ടിയാക്കിയത്. പിച്ചച്ചട്ടിയിൽ കൈയിട്ട് വാരൽ. ഒഴിവാക്കപ്പെട്ടവരുടെ ഭൂരിപക്ഷമാണ് കേരളം എന്ന് വ്യക്തം. അന്യായ ന്യായീകരണ പ്രത്യയ ശാസ്ത്രമാണ് കേരളത്തിലോടുന്നത്.**




മറ്റൊരുകാര്യം ആരും മറക്കരുത്. 1980 ൽ കെ.എം. മാണി കർഷക തൊഴിലാളി പെൻഷൻ പ്രതിമാസം 40 രൂപാ നിശ്ചയിച്ചപ്പോൾ സർക്കാർ സർവ്വീസിലെ ഏറ്റവും താഴെയുള്ള ജീവനക്കാരന്റെ അടിസ്ഥാന ശമ്പളം 280 രൂപാ മാത്രമായിരുന്നു. അതായത് ശമ്പളത്തിന്റെ 14% കർഷക പെൻഷനായി നൽകി. 2024–ൽ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം 23000 രൂപായാണെങ്കിൽ സാമൂഹ്യ സുരക്ഷാപെൻഷൻ 1600 രൂപാ മാത്രമാണ്. മാണിയുടെ അളവുകോലിലായിരുന്നെങ്കിൽ ക്ഷേമപെൻഷൻ 3220 രൂപാ ആകണമായിരുന്നു. 23000 രൂപയുടെ 14% അതായത് വീതം വയ്പിൽ സമ്പന്ന പക്ഷപാതിത്വം കാണിച്ചു എന്നു വ്യക്തം. സോഷ്യലിസം അശയപ്രചരണത്തിൽ മാത്രം.

സർക്കാർ ജീവനക്കാരുടെ ശമ്പളവർദ്ധനവുകൾ 1969 മുതൽ നാളിതുവരെയുള്ളത് ഇതിന്റെ മറ്റൊരു ഭാഗത്ത് വിശദീകരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സാമൂഹ്യക്ഷേമപെൻഡഷൻ വർദ്ധനവും ചൂണ്ടിക്കാണിക്കുന്നത് ഉചിതമായിരിക്കും. അതിങ്ങനെ.




ഭരണത്തിലെത്താൻ ഭൂരിപക്ഷം വോട്ടർമാർ വോട്ടു ചെയ്യണം. ഭരണത്തിലെത്തിയാൽ ഭരണം നിലനിർത്താനും പാർട്ടി വളർത്താനും പണം ഉണ്ടാക്കാനും സർക്കാർ സംവിധാനം കൂടെയുണ്ടാകണം. സർക്കാർ സംവിധാനമെന്നാൽ സർക്കാർ ജീവനക്കാർ എന്നർത്ഥം. സംസ്ഥാന നികുതി വരുമാനത്തിന്റെ 70% ശമ്പളത്തിനും പെൻഷനുമായി പോകു

ശമ്പളം കുത്തനെ കൂട്ടിയകാലഘട്ടത്തിൽ സാമൂഹ്യസുരക്ഷ പെൻഷൻ എത്രയാണ് കൂട്ടിയതെന്നു കൂടി അറിഞ്ഞാൽ ഒഴിവാക്കപ്പെട്ടവരുടെ ദയനീയവസ്ഥ മനസ്സിലാകും.

## സാമൂഹിക സുരക്ഷാപെൻഷൻ വർദ്ധനവ് 1980 – 2025

| 1980 | 1987 | 1996 | 2000 | 2007 | 2008 | 2009 |
|---|---|---|---|---|---|---|
| 40 രൂപാ | 60 രൂപാ | രണ്ടു വർദ്ധനവ് | 120 രൂപ | 130 രൂപ | 200 രൂപ | 250 രൂപ |


| 2010 | 2011 | 2013 | 2014 | 2016 | 2017 | 2019 |
|---|---|---|---|---|---|---|
| 300 രൂപാ | 400 രൂപാ | 500 രൂപാ | 600 രൂപ | 1000 രൂപ | 1100 രൂപ | 1200 രൂപ |

| 2020 ഏപ്രിൽ | 2020 സെപ്റ്റംബർ – കോവിഡ് | 2021 ജനുവരി | 2021 ഏപ്രിൽ |
|---|---|---|---|
| 1300 രൂപ | 1400 രൂപ | 1500 രൂപ | 1600 രൂപ |

ന്നു എന്നും വികസനത്തിനും ദരിദ്രസംരക്ഷണത്തിനും സാമൂഹിക ക്ഷേമത്തിനും ആവശ്യമായ നികുതിപണം ലഭിക്കുന്നില്ല എന്നതും കഴിഞ്ഞ 20 വർഷമായി കേരള പൊതുസമൂഹത്തിൽ ഉയർന്നു കേൾക്കുന്ന ഏറെ സാമൂഹിക മാനങ്ങളുള്ള ജനവികാരമാണ്. എല്ലാവർക്കും 10000 രൂപ പെൻഷൻ നൽകണമെന്ന വൺ ഇന്ത്യ വൺ പെൻഷൻ (OIOP) എന്ന മുന്നേറ്റത്തിന് വഴിതെളിച്ചത് ഇതേ സാമൂഹിക പ്രതിഷേധമായിരുന്നു.

അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാർ സംവിധാനത്തിലെ രാഷ്ട്രീയ സ്വാധീനവും അത്തരം രാഷ്ട്രീയ സ്വാധീനക്കാർക്ക് അവർതന്നെ ബജറ്റ് വീതം വച്ചെടുക്കുന്നതിന്റെ കണക്കുകളും ആദ്യം പരിശോധിക്കണം.

2023 മാർച്ച് മാസത്തിൽ സംസ്ഥാന ബജറ്റ് രേഖയോടൊപ്പം സംസ്ഥാന ധനകാര്യമന്ത്രി ബഹു. കെ.എൻ. ബാലഗോപാൽ നിയമസഭയിൽ സമർപ്പിച്ച സ്റ്റാഫിന്റെ വിശദാംശങ്ങൾ എന്ന അനുബന്ധം 1 രേഖപ്രകാരം കേരളത്തിൽ 515024 സ്ഥിരം സർക്കാർ ജീവനക്കാരും 11145 താൽക്കാലിക ജീവനക്കാരും അടക്കം 526169 സർക്കാർ ജീവനക്കാരുണ്ട്. ഇതിൽ 140000 പേർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരാണ്.



കോളേജിയറ്റ് വിദ്യാഭ്യാസം അടക്കം കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ആകെ 249000 സർക്കാർ ജീവനക്കാരാണ് പണിയെടുക്കുന്നത്. ഇതിൽ എയ്ഡഡ് മേഖലയിൽ പണിയെടുക്കുന്ന 140000 പേരെ ഒഴിവാക്കിയാൽ ബാക്കി 109000 ജീവനക്കാർ ആണ് സർക്കാർ വിദ്യാഭ്യാസ മേഖലയിലെ ജീവനക്കാർ. അങ്ങനെ കണക്കാക്കിയാൽ വിദ്യാഭ്യാസ ഇതര വകുപ്പുകളിലെ സർക്കാർ ജീവനക്കാർ 277169 പേരാണ്. വിദ്യാഭ്യാസ മേഖലയിലെ ജീവനക്കാർക്ക് സ്വതന്ത്ര അദ്ധ്യാപക സംഘടനകളാണുള്ളത്. സർവ്വീസ് സംഘടനകളിൽ അംഗങ്ങളാകാൻ പറ്റാത്ത 60515 പേരാണ് പോലീസ് വകുപ്പിലുള്ളത്. അവരെയും ഒഴിവാക്കിയാൽ വിവിധ സർക്കാർ വകുപ്പുകളിൽ സംസ്ഥാനത്തൊട്ടാകെ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരുടെ എണ്ണം 216654 ആണ്.

ഇതിൽ 25,000 പേർ സർവ്വീസ് സംഘടനകളിൽ അംഗങ്ങളാകാൻ നിയമപരമായി വിലക്കുള്ള ഓഫീസർ സൂപ്പർവൈസറി തസ്തികകളിൽ ജോലിചെയ്യുന്നവരാണ്. അങ്ങനെ നോക്കിയാൽ എൻ.ജി.ഒ.മാർ എന്നറിയപ്പെടുന്ന സർക്കാർ ഓഫീസുകളിലെ ജീവനക്കാരുടെ എണ്ണം 191654 ആണ്.

2025 മേയ് 28-ാം തീയതി ആലപ്പുഴയിൽ നടന്ന സി.പി.ഐ.(എം) അനുഭാവ സർക്കാർ ജീവനക്കാരുടെ സംഘടനയായ എൻ.ജി.ഒ. യൂണിയന്റെ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി ദേശാഭിമാനി ദിനപത്രത്തിൽ വന്ന വാർത്തയിൽ എൻ.ജി.ഒ. യൂണിയനിൽ 163215 ജീവനക്കാർ അംഗങ്ങളാണെന്നും അവരെ പ്രതിനിധീകരിച്ച് പ്രതിനിധികൾ എൻ.ജി.ഒ. യൂണിയൻ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ടെന്നും ചൂണ്ടിക്കാട്ടിയിരുന്നു.

ചുരുക്കത്തിൽ 191654 സർക്കാർ എൻ.ജി.ഒ.മാരിൽ ഏതാണ്ട് 163215 പേരും സി.പി.ഐ.(എം) നിയന്ത്രിത എൻ.ജി.ഒ. യൂണിയൻ അനുഭാവികളാണെന്ന് ചുരുക്കം. അനുഭാവികളല്ല കറതീർന്ന പാർട്ടിപ്രവർത്തകർ തന്നെയാണ് ഇവരെന്ന് സർവ്വീസ് സംഘടനാ പ്രവർത്തനങ്ങളെപ്പറ്റി അറിയാവുന്നവർക്കെല്ലാം അറിയാം. **ചുരുക്കത്തിൽ പൊതുജനങ്ങൾ സർക്കാർ ഓഫീസുകളെന്ന് കരുതുന്ന സ്ഥാപനങ്ങളിലെ 88.46 (ഏകദേശം 88) ശതമാനം ജീവനക്കാർ സി.പി.ഐ.(എം) അനുഭാവികളായ എൻ.ജി.ഒ. യൂണിയൻകാരാണ്. അങ്ങനെ നോക്കുമ്പോൾ ആരാണ് സർക്കാർ ഓഫീസിലെ മെല്ലെപ്പോക്കിനും കൈക്കൂലിക്കും ഫയലുകൾ തീർപ്പാക്കാതെ കൂട്ടുനിന്നതിനും ഒക്കെ കാരണക്കാർ എന്ന് ചൂണ്ടിക്കാണിക്കേണ്ട കാര്യമില്ലല്ലോ.**




ലോകസഭയിലെ/നിയമസഭ തെരഞ്ഞെടുപ്പ് സമയത്ത് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഭാഗമായി തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സർക്കാർ ജീവനക്കാരാണ്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനും സംസ്ഥാന മുഖ്യതിരഞ്ഞെടുപ്പ് ഓഫീസറും സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഭരണഘടനാ സ്ഥാപനങ്ങളാണെങ്കിലും വോട്ടർപട്ടിക പുതുക്കൽ, പോളിംഗ് ബൂത്തിലെ ഓഫീസർമാർ എന്നിവയടക്കമുള്ള നിർണ്ണായക മേഖലകൾ നിയന്ത്രിക്കുന്നത് സംസ്ഥാന സർക്കാർ ജീവനക്കാരായതിനാൽ കേരളത്തിലെ പൊതുതിരഞ്ഞെടുപ്പുകൾ ഇനിയങ്ങോട്ട് എത്രമാത്രം സ്വതന്ത്രമാകുമെന്നറിയില്ല.




ഓരോ ഫയലും ഓരോ ജീവിതമാണ്, സർക്കാർ ജീവനക്കാർ അത് മറക്കരുത് എന്നായിരുന്നു 2016 ൽ ഒന്നാം പിണറായി സർക്കാരിന്റെ ആദ്യനാളുകളിൽ സംസ്ഥാനത്തെ അഞ്ചേകാൽ ലക്ഷത്തിലധികം വരുന്ന സർക്കാർ ഉദ്യോഗസ്ഥരെ ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ ഓർമ്മിപ്പിച്ചത്. അലസമായി ഓഫീസ് മേശകളിലും കമ്പ്യൂട്ടർ റൂമുകളിലും കാലങ്ങളോളം അവഗണിക്കപ്പെട്ടു കിടക്കാനുള്ളതല്ല മുന്നിലെത്തുന്ന ഫയലുകൾ എന്നും ഓരോ ഫയലും ജീവനുള്ളതാണെന്നും പലവിധ ആവശ്യങ്ങൾക്കായി നെട്ടോട്ടമോടുന്ന ജനത്തിന്റെ ജീവിതപ്രശ്നങ്ങളാണ് ആ ഫയലുകളിൽ തുടിക്കുന്നതെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടിയിരുന്നു.

ഏഴര വർഷം കഴിഞ്ഞ് 2023 ഏപ്രിൽ 19-ാം തീയതി സെക്രട്ടറിയേറ്റിലെ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തെ അഭിസംബോധന ചെയ്ത അതേ മുഖ്യമന്ത്രി ഫയലുകളുടെ

# എന്താണീ സിസ്റ്റം



## ഗതികിട്ടാത്ത ജീവിതങ്ങൾ

# 3.18 ലക്ഷം

▸▸ സെക്രട്ടേറിയറ്റിൽ ഫയലുകൾ കെട്ടിക്കിടക്കുന്നു

▸▸ ഏറ്റവും കൂടുതൽ തദ്ദേശ വകുപ്പിൽ 44,360

ഇങ്ങനെ പറഞ്ഞിട്ട് എന്തുകാര്യം

2016 ജൂൺ 8

2019 ജൂൺ 21

2021 ജൂൺ 11

2024

## നടക്കുന്നില്ല, ഒന്നും...

## അതും ഫയലായി!



## പ്രതിഷേധത്തിനൊടുവിൽ സ്ഥലംമാറ്റ ഉത്തരവ് റദ്ദാക്കി



## ജനപക്ഷ ബദൽനയങ്ങളുടെ സംരക്ഷണത്തിന് അണിനിരക്കുക

സമ്മേളനം സമാപിച്ചു


## എല്ലാവരും വികസനത്തിന്റെ സ്വാദറിയണം

എൻജിഒ യൂണിയൻ അംഗങ്ങളുടെ എണ്ണം 1,62,731-ൽനിന്ന് 1,63,215 ആയി കൂടി.

## വികസനം ഫീസിലൂടെ



## സെസ് ഭരണം അനിവാര്യം



## അക്ഷയകേന്ദ്രങ്ങളിലെ ഫീസ് ഏകീകരിച്ചു

07-08-2025 DB



സേവനവും സർവീസ് ചാർജും


# ഭരണകൂടമാണ് ഉത്തരവാദി

ഉദ്യോഗസ്ഥരുടെ അഴിമതിയെക്കുറിച്ചും അലംഭാവത്തെക്കുറിച്ചും മേലധികാരികളോടു പറഞ്ഞിട്ടും പ്രയോജനമുണ്ടായില്ലെങ്കിൽ അതിനർഥം ഭരണകൂടം പരാജയമാണെന്നാണ്. ശമ്പളക്കുടിശിക ലഭിക്കാത്തതിനാൽ അധ്യാപികയുടെ ഭർത്താവിനു ജീവനൊടുക്കേണ്ടിവന്ന പത്തനംതിട്ട അത്തിക്കയത്തെ സംഭവം തെളിയിക്കുന്നത് അതാണ്

നോട്ടം

ജി.സുധാകരൻ





## ജുഡീഷ്യൽ ആക്ടിവിസം തീവ്രവാദമായി മാറരുതെന്ന് ചീഫ് ജസ്റ്റിസ്

ന്യൂഡൽഹി ▶ ജുഡീഷ്യൽ ആക്ടിവിസം ആകാമെങ്കിലും അത് ജുഡീഷ്യൽ തീവ്രവാദമായി മാറരുതെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ്. ജുഡീഷ്യറി പരിധികടക്കരുതെന്നും ഇംഗ്ലണ്ടിൽ നടത്തിയ പ്രഭാഷണത്തിൽ ചീഫ് ജസ്റ്റിസ് പറഞ്ഞു.

ജനങ്ങളുടെ അവകാശങ്ങളും സംരക്ഷിക്കുന്ന

## ഫയൽ അദാലത്ത്: ഇനി 10 ദിനം; തീരാൻ 6,80,910 ഫയലുകൾ

സ്വന്തം ലേഖകൻ

തിരുവനന്തപുരം ● സർക്കാർ പ്രഖ്യാപിച്ച രണ്ടുമാസത്തെ ഫയൽ അദാലത്ത് തീരാൻ 10 ദി...

തീർക്കേണ്ടത് 6,80,910 ഫയലുകൾ. സെക്രട്ടേറിയറ്റ് വകുപ്പുകളിൽ 1,88,526, ഡയറക്ടറേറ്റുകളിൽ 4,80,467, പബ്ലിക് യൂട്ടിലിറ്റി ഓഫിസുകളിൽ 10,917 ഫയലുകൾ...

ഈ യോഗത്തിന്റെ ഭാഗമായി അദാലത്ത് വിലയിരുത്തിയ മുഖ്യമന്ത്രി ഫയൽ തീർപ്പാക്കലിൽ പ്രതീക്ഷിച്ച പുരോഗതിയുണ്ടാകാത്തതിൽ അതൃപ്തി രേഖപ്പെടുത്തി. ...

# മുഖ്യമന്ത്രിയുടെ പരാതികൾ: നമ്മുടേതും



സംസ്ഥാന സർക്കാർ 2 മാസത്തിനിടെ ഗുരുതര വീഴ്ചകൾ

# 'സിസ്റ്റത്തിലെ' വീഴ്ചകൾ സർക്കാരിന് പ്രതിസന്ധി



ഒച്ചിഴയും വേഗത്തെ അതിനിശിതമായി വിമർശിച്ചു. സെക്രട്ടറിയേറ്റിൽ പോലും 50% ഫയലുകൾ തീർപ്പാക്കാതെ കിടക്കുന്നു. കഴിഞ്ഞ ഏഴ് വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് താനിതുപറയുന്നതെന്നായിരുന്നു ഏറെ രോഷത്തോടെ മുഖ്യമന്ത്രി വിമർശിച്ചത്. പതിറ്റാണ്ടുകളായി നമ്മുടെ ഭരണ സംവിധാനത്തെ ചൂഴ്ന്നുനിൽക്കുന്ന പേരുദോഷമാണ് ചുവപ്പുനാട എന്ന സാമൂഹിക ദുരന്തം. സർക്കാർ കാര്യം മുറപോലെ എന്ന പ്രയോഗം തന്നെ ഇത്തരം അനുഭവങ്ങളിൽ നിന്നുതന്നെ ഉരുത്തിരിഞ്ഞു വരുന്നതാണ്. **ഇപ്പോൾ അതിന് പുതിയൊരു പേര് കിട്ടിയിരിക്കുന്നു സിസ്റ്റം.**

സെക്രട്ടറിയേറ്റിൽ ശമ്പളവുമായി ബന്ധപ്പെടുത്തി പഞ്ചിംഗ് കർശനമാക്കിയപ്പോൾ അതിനെ നഖശിഖാന്തം എതിർത്തവരാണ് സർക്കാർ ജീവനക്കാരുടെ സംഘടനകൾ. പഞ്ചിംഗ് കർശനമാക്കാൻ ഇറങ്ങിത്തിരിച്ച സർക്കാർ, ജീവനക്കാർ കണ്ണുരുട്ടിയപ്പോൾ പിന്നോട്ടുപോയി.

## സർക്കാർ ജീവനക്കാരുടെ അവസ്ഥ - രാഷ്ട്രീയ നിരീക്ഷണം


വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽ മുന്നോട്ടു പോകുന്ന ബ്യൂറോക്രസിയെ നന്നായി ഉപയോഗിക്കാൻ രാഷ്ട്രീയ നേതൃത്വത്തിനു സാധിക്കണമെന്ന പക്ഷക്കാരിയാണ് മുൻ ആരോഗ്യമന്ത്രി ശ്രീമതി കെ.കെ. ശൈലജ ടീച്ചർ.




ഗവൺമെന്റ് സെക്രട്ടറിയേറ്റിന് മുകളിൽ നിയമസഭയുടെ താഴെ ആയിരിക്കണം നിയമസഭാംഗങ്ങളും പാർലമെന്റ് അംഗങ്ങളും. എന്നിട്ടായിരിക്കണം ഗവൺമെന്റ് സെക്രട്ടറിമാരും സെക്രട്ടറിയേറ്റും സംസ്ഥാന സർക്കാർ ഓഫീസുകളും വരേണ്ടത്. ഇതൊക്കെ ആര്, എവിടെ നിൽക്കുന്നു എന്ന് വ്യക്തമാക്കുന്നു. **പ്രോട്ടോക്കോൾ നിയമത്തിലോ ചട്ടത്തിലോ ആവശ്യമായ മാറ്റങ്ങൾ വരുത്തണമെങ്കിൽ മാറ്റുക തന്നെ വേണം. എന്തായാലും ജനാധിപത്യത്തിൽ ജനപ്രതിനിധികൾക്ക് താഴെ തന്നെയായിരിക്കണം ഉദ്യോഗസ്ഥർ.**

**രാഷ്ട്രീയ പാർട്ടികൾ ചെയ്യേണ്ടത് ഉദ്യോഗസ്ഥരെ നിയന്ത്രിക്കാനും അറിവും വിവരവും കഴിവും ഉള്ള നേതാക്കളെ രാഷ്ട്രീയത്തിലേക്ക് കൊണ്ടുവരുക എന്നതാണ്. ബ്രിട്ടീഷുകാർ ഇന്ത്യക്കാരെ അടക്കിവാഴാൻ, നിയന്ത്രിച്ചു നിർത്താൻ കൊണ്ടുവന്ന ഇന്ത്യൻ സിവിൽ സർവ്വീസ് (ഐ.സി.എസ്.) ആധുനിക ജനാധിപത്യ സംവിധാനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പുനർക്രമീകരിക്കുകയും അധികാരമൊഴുക്ക് കൃത്യമായി പുതുക്കി നിശ്ചയിക്കുകയും ചെയ്യണം.**

ഈ വിശദീകരണങ്ങൾ ആരിലും അസ്വസ്ഥതയുളവാക്കുവാൻ വേണ്ടിയല്ല മറിച്ച് സംസ്ഥാനത്തെ കർഷകരുടെ പരിതാപകരമായ അവസ്ഥ ചൂണ്ടിക്കാണിക്കാനാണ്. അന്നം തരുന്ന കർഷകൻ നിലനില്പുതന്നെ അപകടത്തിലായി, **സംഘടിത വിഭാഗങ്ങളുടെയും സർക്കാരുകളുടെയും അതിനീചമായ ചൂഷണത്തിൽ ഉടുതുണിപോലും നഷ്ടപ്പെട്ട് നഗ്നനായി നിൽക്കുന്നു എന്ന് പൊതുസമൂഹത്തെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ്.** സംഘടിത ന്യൂനപക്ഷത്തിനു വേണ്ടി ബഹുഭൂരിപക്ഷത്തെ കൊള്ളയടിക്കുന്ന പരിപാടി ഇനി അനുവദിക്കാൻ പാടില്ല.




## നിയന്ത്രിക്കപ്പെടേണ്ട സർക്കാർ ജീവനക്കാർ

സർക്കാർ ജീവനക്കാരുടെ കാര്യത്തിൽ കേരളത്തിലെ രാഷ്ട്രീയപാർട്ടികൾക്ക് വ്യക്തമായ നിലപാടുണ്ടാകണം. തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകളുടെ നയങ്ങൾ പ്രവൃത്തിപഥത്തിലെത്തിക്കുന്ന സംവിധാനമാണ് സർക്കാർ ഉദ്യോഗസ്ഥരെന്ന നിലയിൽ രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥ അല്ലെങ്കിൽ സർക്കാർ ജീവനക്കാരുടെ നേതൃത്വവുമായി വളരെ ആഴത്തിലുള്ള ബന്ധം ഉണ്ടാക്കുക സ്വാഭാവികം. ഉദ്യോഗസ്ഥർക്കോ സർക്കാർ ജീവനക്കാർക്കോ സ്വതന്ത്രമായ പ്രവർത്തന സ്വാതന്ത്ര്യമില്ല. ജനങ്ങൾ തിരഞ്ഞെടുക്കുന്ന സർക്കാർ സംവിധാനം (കേന്ദ്രത്തിൽ പ്രധാനമന്ത്രി, കേന്ദ്രമന്ത്രിസഭ, കേരളം അടക്കമുള്ള സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രി, സംസ്ഥാന മന്ത്രിസഭ) എടുക്കുന്ന തീരുമാനങ്ങൾ കാലതാമസമില്ലാതെ നടപ്പിലാക്കേണ്ട ഒരു യന്ത്ര സംവിധാനമാണ് സർക്കാർ ജീവനക്കാർ. കഴിഞ്ഞ വർഷം റിട്ടയർ ചെയ്ത ചീഫ് സെക്രട്ടറി വി. വേണു ഇക്കാര്യത്തിൽ രാഷ്ട്രീയനേതൃത്വം പറയുന്നതാണ്. അന്തിമമായി ഉദ്യോദസ്ഥർ നടപ്പിലാക്കേണ്ടതെന്നു വ്യക്തമാക്കിയിരുന്നു.

കേരളത്തിലെ കർഷകരുടെയും കാർഷികഭൂമി ഉടമസ്ഥരുടെയും വിഷയത്തിൽ സർക്കാർ ജീവനക്കാർക്ക് എന്താണ് പങ്ക് എന്ന ചോദ്യം ഉയരുക സ്വാഭാവികം. രാഷ്ട്രീയ നേതൃത്വം നിർദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാതെ താമസിപ്പിക്കുന്നതും അനാവശ്യ തടസ്സങ്ങളുന്നയിക്കുന്നതുമടക്കം കർഷക ദ്രോഹ നടപടികളുടെ പൂർണ്ണ ഉത്തരവാദിത്വം സർക്കാർ ജീവനക്കാർക്ക് തന്നെയാണ്.




ഒരു ഫയൽ ഒരു ജീവിതമാണെന്ന മുൻ പരാമർശം ആവർത്തിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. ജനങ്ങളുടെ അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കണം. ഫയൽ തീർപ്പാക്കലിൽ മറ്റ് സംസ്ഥാനങ്ങൾ കാണിക്കുന്ന കാര്യശേഷി ഇവിടെ കുറഞ്ഞു പോകുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു. എറണാകുളം ടൗൺ ഹാളിൽ കേരള എൻ.ജി.ഒ. യൂണിയന്റെ വജ്രജൂബിലി ഉദ്ഘാടനം നിർവ്വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ സിവിൽ സർവീസ് മറ്റേതൊരു സംസ്ഥാനത്തേക്കാളും സംതൃപ്തമാണ്. എന്നാൽ ആ സംതൃപ്തി പ്രകടിപ്പിക്കേണ്ടത് ജനങ്ങൾ നൽകുന്ന സേവനത്തിലൂടെയാണ്. മറ്റു ചില സംസ്ഥാനങ്ങളും ശമ്പളം മരവിപ്പിക്കുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്തപ്പോൾ നമ്മൾ ശമ്പള പരിഷ്കരണം നടപ്പാക്കി. എന്നാൽ സിവിൽ സർവ്വീസിൽ കാര്യശേഷി ഇനിയും ഉയരേണ്ടതുണ്ടെന്നും അതിന് കൂട്ടായ പരിശ്രമം ഉണ്ടാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്ത് വലിയ രീതിയിൽ സാമ്പത്തിക പ്രതിസന്ധിയുണ്ട്. (ദേശാഭിമാനി 18.01.2023)

## സർക്കാർ ജീവനക്കാർക്ക് എവിടെയോ പിഴച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പ്രവർത്തനങ്ങളിൽ വലിയ മേന്മ അവകാശപ്പെടാൻ കേരളത്തിന് കഴിയില്ലെന്നും എവിടെയോ പിഴച്ചുവെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരള എൻ.ജി.ഒ. യൂണിയന്റെ വജ്രജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രാജ്യത്തെ മറ്റേതു സംസ്ഥാനത്തെക്കാളും സംതൃപ്തരാണ് കേരളത്തിലെ സർക്കാർ ജീവനക്കാർ. ശമ്പള പരിഷ്കരണത്തിലെ എല്ലാ കാര്യങ്ങളും നടപ്പാക്കി. എന്നാൽ ജനങ്ങൾക്ക് നൽകുന്ന സേവനത്തിൽ ആ സംതൃപ്തി പ്രതിഫലിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം – മുഖ്യമന്ത്രി പറഞ്ഞു. (മനോരമ, 18.01.2023).

## സേവനങ്ങൾ വൈകിപ്പിക്കുന്നതും അഴിമതി – മുഖ്യമന്ത്രി


വിവിധ ആവശ്യങ്ങൾക്കായി തദ്ദേശസ്ഥാപനങ്ങളിലെത്തുന്ന ജനങ്ങൾക്ക് സേവനങ്ങൾ വൈകിപ്പിക്കുന്നതും അഴിമതിയായി കണക്കാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പണം വാങ്ങുന്നത് മാത്രമല്ല അഴിമതിയെന്നും മുഖ്യമന്ത്രി പറഞ്ഞു. (മാതൃഭൂമി 19.2.2023).

## ഭരണവേഗം പോരാ, ഫയലുകൾ ഇഴയുന്നു: മുഖ്യമന്ത്രി

ഭരണത്തിന് വേഗം പോരെന്നും മന്ത്രിസഭാ തീരുമാനങ്ങളുടെ ഫയലുകൾ പോലും ഉദ്യോഗസ്ഥതല അലസത മൂലം ഇഴയുകയാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സെക്രട്ടറിയേറ്റിലെ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ളവരുടെ യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം ചൂണ്ടിക്കാട്ടിയത്.

സർക്കാർ ഓഫീസുകളിൽ ഫയലുകൾ കെട്ടിക്കിടക്കുന്നതായും സെക്രട്ടറിയേറ്റിൽ തീർപ്പാക്കിയത് 50% ഫയൽ മാത്രമാണെന്നും അദ്ദേഹം പറഞ്ഞു. കോടതി നിർദ്ദേശിക്കുന്ന ഫയലുകളിൽ ഉദ്യോഗസ്ഥർ അലസത കാട്ടുന്നതിനാൽ ചീഫ് സെക്രട്ടറിയും ഉന്നത ഉദ്യോഗസ്ഥരും കോടതിയിൽ ഹാജരാകേണ്ടി വരുന്നു. 7 വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഇത് പറയുന്നത്. ബജറ്റിൽ പദ്ധതികൾ പ്രഖ്യാപിക്കുകയും തുക വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്താലും പലതും നടപ്പാകുന്നില്ല. എന്തുകൊണ്ടാണിത് സംഭവിക്കുന്നത്? ഉദ്യോഗസ്ഥർ സഹകരിക്കണം.

വകുപ്പുകളിൽ ചെയ്യേണ്ട കാര്യങ്ങളിൽ ഉപദേശം തേടി ധനവകുപ്പിലേക്ക് അയയ്ക്കുന്ന രീതി വർദ്ധിച്ചുവരുന്നു. ധനവകുപ്പ് ഉപദേശം കൊടുക്കുന്നതിന് പകരം അനാവശ്യ ചോദ്യങ്ങൾ ഉന്നയിക്കുന്നു. കാലതാമസത്തിന്റെ പ്രധാന കാരണം ഇതാണ്. കെ.എഎസുകൾ പരിശീലനം കഴിഞ്ഞു ജൂലൈയോടെ എത്തും. അപ്പോഴേക്കും ഭരണസംവിധാനം കുറെക്കൂടി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി നിർവ്വഹണം പ്രായോഗിക തലത്തിലേക്ക് നീങ്ങണമെങ്കിൽ മുഖ്യമന്ത്രിയും മന്ത്രിമാരും യോഗം വിളിക്കണമെന്ന സ്ഥിതിയുണ്ട്. സർക്കാർ സർവ്വീസിൽ എത്തുന്നവരെ നിശ്ചിതകാലം കൊണ്ട് സമർത്ഥരായി വാർത്തെടുക്കുന്ന സംസ്കാരം ഉയർന്ന ഉദ്യോഗസ്ഥരിൽ മുമ്പ് ഉണ്ടായിരുന്നു. അതിന് ഇപ്പോൾ മാറ്റം വന്നു. പുതിയവർ സ്വയം പഠിക്കട്ടെയെന്ന മനോഭാവം ഉണ്ട്. അവരെ പരിശീലിപ്പിക്കുന്നത് തങ്ങളുടെ ജോലിയല്ലെന്ന സ്വാർത്ഥത ബലപ്പെടുന്നു-മുഖ്യമന്ത്രി പറഞ്ഞു. (മനോരമ, 20.04.2023).




## ഫയലുകൾ ജീവകാരുണ്യ മനോഭാവത്തോടെ കൈകാര്യം ചെയ്യണം

ഉദ്യോഗസ്ഥർ ജീവകാരുണ്യ മനോഭാവത്തോടെ ഫയൽ കൈകാര്യം ചെയ്യണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഉദ്യോഗസ്ഥരുടെ പൂർണ്ണ മനസ്സോടുകൂടിയ ഇടപെടലുണ്ടായാൽ ഭരണനിർവ്വഹണം തീർത്തും ജനോന്മുഖമാകുമെന്നും സെക്രട്ടറിയേറ്റിലെ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ളവരുടെ യോഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

ഓരോ ഫയലിലും തുടിക്കുന്ന ജീവിതമാണുള്ളത്. അത്തരം ഫയലുകൾ മരിക്കണോ ജീവിക്കണോ എന്ന് നിശ്ചയിക്കാൻ അധികാരമുള്ളവരാണ് ജീവനക്കാർ. അസിസ്റ്റന്റ് തലത്തിൽ നിന്ന് മുകളിലേക്കെത്തുന്ന ജീവിതവുമായി ബന്ധപ്പെട്ട ഫയലുകൾ ആദ്യകുറിമാനം കൊണ്ടുതന്നെ ചിലപ്പോൾ മരിക്കാം. എന്നാൽ, മരിച്ചേക്കാവുന്ന ഫയലിനെ ഉദ്യോഗസ്ഥർക്ക് ജീവിപ്പിക്കാനുമാകും. അങ്ങനെ ജീവിക്കുന്ന ഫയലുകൾക്കൊപ്പം നിലനിൽക്കുന്നതു കുറെ മനുഷ്യരുടെ ജീവിതം തന്നെയാണ്. ആ ജീവകാരുണ്യ മനോഭാവം ഫയൽനോട്ട സമ്പ്രദായത്തിലുണ്ടാകണം.

ഭരണസംസ്കാരത്തിന് വലിയ തോതിൽ പുരോഗതി നേടാൻ കഴിഞ്ഞ ഏഴു വർഷത്തിനിടെ കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെയും നാടിന്റെയും താല്പര്യമാണ് മന്ത്രിസഭയെ നയിക്കുന്നത്. തയ്യാറാക്കുന്ന പദ്ധതികൾ വേഗത്തിൽ ഫലപ്രദമായി നടപ്പാക്കണമെന്നാണ് സർക്കാരിന്റെ നിലപാട്. ഇതിന് ഭരണ നിർവഹണം അതിവേഗത്തിലാക്കണം. ഒരു സർക്കാർ ഉത്തരവിലൂടെ വരുത്താവുന്നതല്ല ഈ വേഗം. ഉദ്യോഗസ്ഥരുടെ മനോഭാവത്തിൽ മാറ്റംവരുത്തി ഇത് യാഥാർത്ഥ്യമാക്കണം. (ദേശാഭിമാനി, 20.04.2023).

## കൈക്കൂലിക്കാരെ നമുക്കുവേണ്ടാ

അഴിമതിയിൽ ഡോക്ടറേറ്റെടുത്ത ചിലർ നമുക്കിടയിലുണ്ടെന്ന് മുഖ്യമന്ത്രിതന്നെയാണ് കഴിഞ്ഞയാഴ്ച പ്രസ്താവിച്ചത്. അതിന് യഥാർത്ഥത്തിൽ ഒരു കുറ്റസമ്മതത്തിന്റെ സ്വരമുണ്ടുതാനും. അടുത്ത ദിവസം മന്ത്രി സജി ചെറിയാൻ ഇതേ വിഷയം മറ്റൊരു രൂപത്തിൽ ആവർത്തി

ച്ചു. കൈക്കൂലി വാങ്ങുന്നവർ ഗതിപിടിക്കില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രസ്താവന. എന്നാൽ ശാപമല്ല, ശക്തമായ നടപടിയാണ് നാട് പ്രതീക്ഷിക്കുന്നത്.

ഒരു വില്ലേജോഫീസർ നടത്തിയ അഴിമതിയുടെ, നാണിപ്പിക്കുന്നതും ഞെട്ടിക്കുന്നതുമായ കഥകൾ പുറത്തു വന്നപ്പോഴാണ് ഇവർക്കൊക്കെ ഇത്തരത്തിൽ പ്രതികരിക്കേണ്ടി വന്നത്. ഇതെല്ലാം കഴിഞ്ഞിട്ടും കഴിഞ്ഞ ദിവസം തൃശ്ശൂരിൽ കോർപ്പറേഷൻ റവന്യൂ ഇൻസ്പെക്ടർ കൈക്കൂലിക്കേസിൽ പിടിയിലായി. വീടിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിനാണ് ഇയാൾ രണ്ടായിരം രൂപാ വാങ്ങിയത്. കൈക്കൂലിയെന്ന രോഗം നമ്മുടെ സർക്കാർ മേഖലയിൽ എത്രത്തോളം മാരകമായി ബാധിച്ചിരിക്കുന്നു എന്നതിന്റെ ഉദാഹരണമാണിത്. ഒരു വില്ലേജ് അസിസ്റ്റന്റിനുപോലും ലക്ഷക്കണക്കിന് രൂപാ കൈക്കൂലി വാങ്ങാവുന്ന രീതിയിൽ കുത്തഴിഞ്ഞതാണ് ഇപ്പോഴും നമ്മുടെ വകുപ്പുകളുടെ ഘടന. ഇതിനെല്ലാം ഇരയാവുന്നത് സാധാരണക്കാരാണ്. കൈക്കൂലി വാങ്ങുന്നവരാണെങ്കിൽ സ്ഥിരശമ്പളവും ജോലി സുരക്ഷിതത്വവുമുള്ള ഉദ്യോഗസ്ഥരും. (മാതൃഭൂമി 7.6.2023)

## ക്ഷമ നശിക്കുന്ന വൈറ്റ് കോളർ ബെഗേഴ്സ് അലവലാതി ഡോക്ടർമാർ

സർക്കാർ ജീവനക്കാരെപ്പറ്റി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞ പത്രവാർത്തകൾ മര്യാദയുടെ ഭാഷയിലുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളുമാണെങ്കിൽ ജനപക്ഷത്തുനിന്ന് പ്രതികരിക്കുന്ന നേതാക്കളുടെ മുന്നിൽ സർക്കാർ ജീവനക്കാരുടെ മനോഭാവം എത്തുമ്പോൾ പ്രതികരണം കടുത്തതാകും. മുൻ തദ്ദേശസ്വയംഭരണ മന്ത്രിയും നിലവിലെ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയുമായ എം.വി. ഗോവിന്ദന്റെ പ്രതികരണമിങ്ങനെ.



## സർക്കാർ ജീവനക്കാർ വൈറ്റ് കോളർ ബെഗേഴ്സ് എന്ന് എം.വി. ഗോവിന്ദൻ

സർക്കാർ ജീവനക്കാരിൽ ഒരു വിഭാഗം വൈറ്റ് കോളർ ബെഗേഴ്സ് ആണെന്ന് ചിലർ പറയുന്നതായി മന്ത്രി എം.വി. ഗോവിന്ദൻ. തിരുവനന്തപുരം ജില്ലയിലെ തദ്ദേശ സ്ഥാപന അദ്ധ്യക്ഷർ, സെക്രട്ടറിമാർ എന്നിവരുടെ അവലോകന യോഗത്തിൽ മന്ത്രിയുടെ വാക്കുകൾ ഇങ്ങനെ: വൈറ്റ് കോളർ ബെഗേഴ്സ് എന്നാണ് ചിലർ അത് സംബന്ധിച്ച് പറഞ്ഞത്. ആ രീതിയിൽ നാണംകെട്ട, ജീർണമായ, നമ്മുടെ സമൂഹത്തിന് തന്നെ അപമാനം സൃഷ്ടിക്കുന്ന ചിലയാളുകൾ ഈ സർവീസിന്റെ ഭാഗമായുണ്ട്. ഫയലുകളിൽ കുറിപ്പെഴുതി താഴേക്കും മേലേക്കും തട്ടിക്കളിക്കാൻ ഇനി അനുവദിക്കില്ല. ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കാൻ പ്രാദേശിക സർക്കാരുകൾക്ക് സാധിക്കണം. അപേക്ഷകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അപേക്ഷകരെ പോയി കണ്ട് തിരുത്തൽ വരുത്താൻ ഉദ്യോഗസ്ഥർ തയ്യാറാകണം. അല്ലാത്തവർക്ക് നടപടികൾ നേരിടേണ്ടി വരും. ഉദ്യോഗസ്ഥതല അഴിമതി ഇപ്പോഴുമുണ്ട്. ഇത് അവസാനിപ്പിക്കാൻ ജില്ലാതല ഭരണകർത്താക്കൾ ഉൾപ്പെടെ എല്ലാവരും ശ്രമിക്കണം. (മനോരമ, 13.3.2022)

ഇപ്പോഴത്തെ ജനകീയ ഗതാഗതമന്ത്രി കെ.ബി. ഗണേഷ് കുമാർ ഒരുപടികൂടി കടന്ന് പ്രതികരിച്ചപ്പോൾ.





## അലവലാതി ഡോക്ടർമാർ എന്ന് ഗതാഗതമന്ത്രി കെ.ബി. ഗണേഷ് കുമാർ

ആയുർവേദ ഡോക്ടർമാരെ അലവലാതികൾ എന്ന് വിളിച്ച് കെ.ബി. ഗഷേണ്കുമാർ എം.എൽ.എ. തലവൂർ ആയുർവേദ ആശുപത്രിയുടെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനവേളയിൽ ആരോഗ്യമന്ത്രി വീണാ ജോർജിന്റെ സാന്നിധ്യത്തിലായിരുന്നു എം.എൽ.എ.യുടെ വാക്കുകൾ.

എന്റെ പുര കത്തിയാലും കുഴപ്പമില്ല. ആ സമയത്ത് അപ്പുറത്ത് നിൽക്കുന്നവന്റെ വാഴ വെട്ടി അടിക്കാം എന്ന് കരുതുന്ന ചില അലവലാതി ഡോക്ടർമാരാണ് എനിക്കെതിരെ രംഗത്തുവന്നത് എന്ന് യൂണിയൻ നേതാക്കളുടെ പേരെടുത്തു പറഞ്ഞായിരുന്നു ഗണേഷ്കുമാറിന്റെ വിമർശനം.


ഒരാഴ്ച മുമ്പ് ആശുപത്രിയിലെത്തിയ എം.എൽ.എ. ശുചിത്വമില്ലായ്മ ചൂണ്ടിക്കാട്ടി ജീവനക്കാരെ ശകാരിച്ചതാണ് വിവാദങ്ങളുടെ തുടക്കം. എം.എൽ.എ.യുടെ വിമർശനത്തിനെതിരെ ഡോക്ടർമാരുടെ സംഘടനകൾ മന്ത്രി വീണാ ജോർജ്ജിന് പരാതി നൽകി. ഇതാണ് ഗണേഷ് കുമാറിനെ കൂടുതൽ ചൊടിപ്പിച്ചത്. സ്ഥാപന മേധാവികൾ മറ്റുള്ള ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കണമെന്ന് മാത്രമായിരുന്നു ചടങ്ങിൽ മന്ത്രി വീണാ ജോർജ്ജിന്റെ മറുപടി. (മനോരമ, 13.3.2022)




## കേരള ധനകാര്യം ജനങ്ങളറിഞ്ഞിരിക്കണം മാറേണ്ട ഇടതുപക്ഷ ചിന്തകൾ

എല്ലാത്തരം കർഷകരെയും ജന്മിമാരായാണ് ഇടതുപക്ഷം കണക്കാക്കി പോരുന്നത്. ഇടതുപക്ഷ വിശ്വാസങ്ങൾ കേരളത്തിന്റെ ചിന്തയെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. 1963 ലെ ഭൂപരിഷ്കരണ നിയമം തന്നെ കർഷകരിൽ നിന്നും കൃഷിഭൂമി ഏറ്റെടുത്ത്/ കൈയ്യേറി (നിയമംവഴി) അത് കർഷക തൊഴിലാളികൾക്ക് നൽകുക എന്നതായിരുന്നല്ലോ. ഇതിലൂടെ കാർഷിക കേരളം വികസിച്ചോ ഭൂമി കിട്ടിയ കർഷക തൊഴിലാളികളോ ഭൂരഹിതരോ കാർഷിക മേഖല

യിൽ ഉത്പാദനം വർദ്ധിപ്പിക്കുകയോ കൃഷി ഉപജീവന മാർക്ഷമായി കരുതിയോ എന്നത് വേറെ ചോദ്യം. പക്ഷെ കൃഷിക്കാരെ മുതലാളി മാരും ചൂഷകരും ആക്കി തെറ്റിദ്ധരിപ്പിക്കുന്നതിൽ ഇടതുപക്ഷം വിജയിച്ചു. പുരോഗമനപരമായ നടപടികൾക്കൊപ്പം ഇടതുപക്ഷ ചിന്ത പലകാര്യങ്ങളിലും നമ്മുടെ സമൂഹചിന്തയെ വളരെ പ്രതികൂലമായി സ്വാധീനിച്ചിട്ടുണ്ട്. പ്രതികൂലമായ സ്വാധീനത്തിൽ സുപ്രധാനമാണ് സ്വത്ത് സമ്പാദിക്കുന്നത് ചീത്തയോ അധമമോ എന്ന ചിന്താഗതി. ഇവിടെ 35000 മുതൽ 2 ലക്ഷം വരെ പ്രതിമാസ ശമ്പളം വാങ്ങുന്നവർ തൊഴിലാളിയുടെ ഗണത്തിൽ വരുമ്പോൾ കേവലം 10,000 രൂപാപോലും പ്രതിവർഷം (മാസത്തിലല്ല) വരുമാനമില്ലെങ്കിലും ഒരേക്കർ ഭൂമിയുടെ ഉടമസ്ഥൻ ജന്മിയോ ഭൂപ്രഭുവോ ആയി ചിത്രീകരിക്കപ്പെടുന്നു. ഇതാണ് കേരള സമൂഹത്തിന്റെയും കർഷകരുടെയും ദുര്യോഗം.




## കൂലി കുത്തനെകൂട്ടി കൃഷി നഷ്ടത്തിലാക്കി

എൽ.ഡി.എഫിന്റെ കർഷക വിരുദ്ധത, കൃഷിവിരുദ്ധ നിലപാടിന്റെ കൃത്യമായ പരാമർശം നവകേരളത്തിന്റെ സാമ്പത്തികമാനങ്ങൾ എന്ന മുൻധനമന്ത്രി ശ്രീ. റ്റി.എം. തോമസ് ഐസക്കിന്റെ കവർസ്റ്റോറിയിലുണ്ട് (ചിന്ത 22.2.2023). അതിങ്ങനെ ട്രേഡ് യൂണിയനുകളുടെ സമ്മർദ്ദം മൂലവും സർക്കാരിന്റെ തൊഴിലാളി സംരക്ഷണ നിയമങ്ങൾ മൂലവും കേരളത്തിന്റെ കൂലിനിരക്ക് അതിവേഗം വർദ്ധിച്ചു. ഇന്ന് കേരളത്തിലെ കർഷക തൊഴിലാളികൾക്ക് 800 രൂപാ ശരാശരി ലഭിക്കുമ്പോൾ ഗുജറാത്തിലെ കൂലി 280 രൂപാ മാത്രമാണ്. കൂലി വർദ്ധിക്കുകയെന്നാൽ വരുമാനത്തിന്റെ പുനർവിതരണമാണ് .

കർഷക തൊഴിലാളിക്ക് പ്രതിദിനം 800 രൂപാ കൊടുത്ത് കൃഷി നടത്താനാവില്ല എന്നു മനസ്സിലായതോടെയാണ് കർഷകർ കൃഷി നിർത്തിയത്. കർഷകർക്കായി കർഷക സംഘവും (സി.പി.ഐ.(എം), കിസാൻസഭ (സി.പി.ഐ.)യും ഉണ്ടെങ്കിലും അവർ കർഷക തൊഴിലാളി യൂണിയനുകൾ പറയുന്നതിന് ഓശാന പാടുന്നതിനുള്ള ബി ടീം മാത്രമാണ്. കർഷകർക്കുവേണ്ടി സ്വതന്ത്രമായി വാദിക്കാൻ ഇവർക്ക് ഭയമാണ്. കർഷക പോഷക സംഘടനയേക്കാൾ തൊഴിലാളി സംഘടനകൾക്കാണ് ഇടതുപാർട്ടികളിൽ മേൽക്കോയ്മ. (കേരളം അവരുടെ സാമ്പത്തിക ശക്തിതന്നെ). മേൽക്കോയ്മ എന്നല്ല സമ്പൂർണ്ണ നിയന്ത്രണം എന്നുതന്നെ പറയാം. സി.പി.ഐ.(എം) കർഷക സംഘടന ദേശീയ നേതാക്കളായ വിജയകൃഷ്ണന്റെയും അശോക് ധാവലെയുടെയും നിലപാടുകൾ ഇക്കാര്യം അരക്കിട്ടുറപ്പിക്കുന്നു.


കർഷക തൊഴിലാളികൾക്ക് പ്രതിദിനം 800 രൂപാ കൂലി കൊടുത്ത് കൃഷി ചെയ്താൽ കർഷകൻ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് അതിന് അനുസൃതമായ വിലലഭിക്കുന്നില്ലെന്നുള്ളതാണ് കർഷകൻ കൃഷി ഉപേക്ഷിക്കാൻ കാരണമാകുന്നത്. കേരളത്തിലെ കർഷകരൊക്കെ നാമമാത്ര ചെറുകിട കർഷകർ മാത്രമാണ്. കേരളത്തിലെ കൃഷിയിടങ്ങളിൽ ബഹുഭൂരിപക്ഷവും ഒരേക്കറിൽ താഴെയാണ്.



## വരുമാനമില്ലാത്തതുകൊണ്ട് കടം എടുത്ത് മുടിയുന്ന കർഷകൻ

നിലവിലെ വരുമാനം കൊണ്ട് കൃഷിപണി നടത്തികൊണ്ടുപോകാനാവില്ല. കൃഷിയും കാർഷികവൃത്തിയും കേരളത്തിലെ വലിയൊരു ജനസമൂഹത്തിന്റെ അന്തസായ തൊഴിലാ യതിനാൽ നഷ്ടത്തിലായിട്ടും കേരളത്തിലെ കർഷകർ കൃഷിപണി നിലനിർത്തുന്നു. അതിനവർ ചുമക്കേണ്ടി വരുന്ന ഭാരം കേരളത്തിലെ കർഷകരുടെ ബാങ്ക് വായ്പ സംബന്ധിച്ച കണക്കുകൾ തെളിയിക്കുന്നു. മലയാളി കർഷകരുടെ ശരാശരി കടം 5.64 ലക്ഷം രൂപാ. ദേശീയ തലത്തിൽ 1.82 ലക്ഷം രൂപാ.

കേരളത്തിലെ കർഷകരുടെ ആളോഹരി കടത്തെ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ കണക്കുകൾ (നാഷണൽ സാമ്പൾ സർവെ ഓർഗനൈസേഷൻ സ്ഥിതി വിലയിരുത്തൽ സർവേ 2021, ദേശീയ വായ്പ നിക്ഷേപ താരതമ്യ സർവെ) പ്രകാരം കേരളത്തിലെ ഒരു കർഷകന്റെ ശരാശരി കടബാദ്ധ്യത 5.46 ലക്ഷം രൂപയാണ്. ദേശീയതലത്തിൽ ഇത് 1.82 ലക്ഷം രൂപാ മാത്രം. ദേശീയ ശരാശരിയേക്കാൾ മൂന്നിരട്ടിയാണ് കേരളത്തിലെ കർഷകന്റെ കടബാദ്ധ്യത.



## കൊടുക്കാൻ പറ്റുന്ന കൂലിയേ അവകാശപ്പെടാവൂ

ഏത് തൊഴിലാളി സംഘടനയും കൂലി കൂടുതൽ ആവശ്യപ്പെടുമ്പോൾ അത് നൽകുന്നവർക്ക് അത് നൽകാനുള്ള കഴിവുണ്ടോ എന്ന് നോക്കുന്നത് പൊതുനിലപാടാണ്. കുറെ മാസങ്ങൾക്ക് മുൻപ് കെ.എസ്.ആർ.ടി.സി.യിൽ തൊഴിലെടുത്ത ജീവനക്കാർക്ക് കൂലി നൽകാതെ അത് രണ്ട് ഗഡുക്കളാക്കി നൽകിയപ്പോൾ ജീവനക്കാർ ചോദിക്കുന്ന കൂലി നൽകാനും ചെയ്ത ജോലിയുടെ ശമ്പളം നൽകാനും സ്ഥാപനത്തിന് കഴിയുമോ എന്ന നോക്കി മാത്രമേ ശമ്പളം

നൽകാനാവൂ എന്നായിരുന്നു കേരള മുഖ്യമന്ത്രിയും ഗതാഗത മന്ത്രിയും നമ്മെ ഓർമ്മിപ്പിച്ചത്. കെ.എസ്.ആർ.ടി.സി.യിലെ സ്ഥിരം ജീവനക്കാരുടെ ശമ്പളം നിലനിർത്താൻ സ്ഥിരം ജീവനക്കാരുടെ മൂന്നിലൊന്നു ശമ്പളത്തിന് കെ.എസ്.ആർ.ടി.സിയിൽ ആയിരക്കണക്കിന് താൽക്കാലിക ജീവനക്കാർ കഴിഞ്ഞ 15 വർഷമായി ജോലി ചെയ്യുന്നത് ചൂണ്ടിക്കാട്ടിയപ്പോൾ കെ.എസ്.ആർ.ടി.സി.യിലെ ഏറ്റവും വലിയ ഇടതുപക്ഷ തൊഴിലാളി സംഘടന പറഞ്ഞത് ചുവരുണ്ടെങ്കിലേ ചിത്രമെഴുതാനാവൂ എന്നായിരുന്നു. ഇതൊക്കെ കാർഷിക മേഖലയിലും പ്രസക്തമാണ്.

കൂലി കൂട്ടികൂട്ടി ഉൽപ്പന്നത്തിന്റെ വില മുഴുവൻ നൽകിയാലും കൂലി കൊടുക്കാൻ തികയാത്ത സാഹചര്യത്തിലാണ് കൃഷിക്കാർ കൃഷിപ്പണി നിർത്തിയത്. കർഷക തൊഴിലാളികൾ സംഘടിതരായതിനാലും അവരുടെ കാര്യങ്ങൾ നോക്കാൻ ബി.ജെ.പിയും സി.പി.എമ്മും കോൺഗ്രസും സി.പി.ഐയും പൊതുതൊഴിലാളി വേദികൾ പങ്കിട്ട് അവകാശങ്ങൾ പിടിച്ച് വാങ്ങുമ്പോൾ കർഷകർക്ക് അങ്ങനെയൊരു പൊതുവേദിയില്ല. തൊഴിലാളി ക്ഷേമത്തിൽ ബി.ജെ.പി., സി.പി.ഐ.(എം) തൊട്ടുകൂടായ്മയോ തീണ്ടലോ ഇല്ല. എന്നാൽ കർഷകരുടെ കാര്യം വരുമ്പോൾ ബി.ജെ.പി. വേറെ സി.പി.എം. വേറെ, കോൺഗ്രസ് വേറെ. ഇതിനൊരു മാറ്റം വേണ്ടിയിരിക്കുന്നു. കാർഷിക മേഖലയിൽ ഭയാനകമായ വരുമാനത്തകർച്ച ഉണ്ടായിരിക്കുന്നു എന്നറിയാത്തവരാണോ ഇടതുബുദ്ധിജീവികൾ. കേരളത്തിലെ രാഷ്ട്രീയപാർട്ടികളിൽ ഏറ്റവും കൂടുതൽ സാമ്പത്തിക വിദഗ്ധരും ബുദ്ധിജീവികളും ഉള്ളത് സി.പി.ഐ.(എം)ലാണ്. അതുകൊണ്ടുതന്നെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിയും കർഷകർക്ക് ഉണ്ടായിരുന്ന വരുമാനം പോലും കുത്തനെ കുറഞ്ഞുപോയതും അവരറിയാത്തതല്ല.




## സംസ്ഥാന വരുമാനം 85% വർദ്ധിച്ചപ്പോൾ കാർഷിക വരുമാനം 6% പിന്നോട്ട്

സംസ്ഥാനത്തിന്റെ പൊതുവികസനം അളക്കുന്ന അളവുകോലാണ് സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ വർഷാവർഷമുള്ള കണക്ക്. ബജറ്റിന് മുമ്പ് പ്രസിദ്ധീകരിക്കുന്ന സാമ്പത്തിക അവലോകനത്തിൽ സംസ്ഥാന സർക്കാർ ഈ കണക്കുകൾ പ്രസിദ്ധീകരിക്കുന്നു. ത്വരിതകണക്കിൽ (Quick Estimate) കേരളത്തിന്റെ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനം (GSDP) 2011–12 ൽ 328021 കോടി രൂപയായിരുന്നു. ഇതിൽ കൃഷിയിൽ നിന്നുള്ളത് 21566 കോടിയായിരുന്നു. ആകെ സംസ്ഥാന ഉല്പാദനത്തിന്റെ 6.6%. 2015–16 ൽ ഇത് 505910 കോടി രൂപയും 13920 കോടി രൂപയും (2.75%) ആയി.

2015–16 ൽ സംസ്ഥാന ആഭ്യന്തര ഉല്പാദനം 505910 കോടിയായിരുന്നെങ്കിൽ 2022–23 ൽ അത് 933564 കോടിയായി ഉയർന്നു. വളർച്ച 84.5%. അതേ കാലയളവിൽ (2016–2023) കാർഷിക മേഖലയിൽ നിന്നുള്ള മൊത്തം ഉല്പാദനം 13920 കോടി രൂപയിൽ നിന്നും 13026 കോടി രൂപയായി കുറഞ്ഞു. 2016 നേക്കാൾ 6.4% കുറയുകയാണുണ്ടായത്.

മറ്റുമേഖലകളിൽ 84.5% വർദ്ധനവ് ഉണ്ടായപ്പോൾ കാർഷിക മേഖലയിൽ 6.4% നെഗറ്റീവ് വളർച്ച (സത്യത്തിൽ തകർച്ച) എന്ന സംസ്ഥാന സർക്കാർ കണക്കുകൾ തന്നെ കേരളത്തിലെ കൃഷിവകുപ്പിന്റെയും അതിനെ നയിക്കുന്നവരുടെയും ജനവിരുദ്ധത ചൂണ്ടിക്കാണിക്കുന്നു.

2011–12 മുതൽ 2022–23 വരെയുള്ള വ്യക്തമായ കണക്കുകൾ.

**കൃഷിയിൽ നിന്നുള്ള വരുമാനം വർഷാവർഷം കുറയുമെന്ന് സംസ്ഥാന സാമ്പത്തിക അവലോകന കണക്കുകൾ**

| | NSDP സംസ്ഥാന ആഭ്യന്തര ഉല്പാദനം | അതിൽ കൃഷി (CROPS) | കൃഷിയുടെ ശതമാനം |
|---|---|---|---|
| 2011-12 | 328021 | 21566 | 6.57 |
| 2012-13 | 371384 | 17737 | 4.78 |
| 2013-14 | 417265 | 18297 | 4.38 |
| 2014-15 | 460614 | 18872 | 4.01 |
| LDF | | | |
| 2015-16 | 505910 | 13920 | 2.75 |
| 2016-17 | 570591 | 15738 | 2.76 |
| 2017-18 | 632094 | 17054 | 2.69 |
| 2018-19 | 712161 | 14066 | 1.98 |
| 2019-20 | 727722 | 13679 | 1.88 |
| 2020-21 | 680798 | 13736 | 2.02 |
| 2021-22 | 825010 | 12435 | 1.51 |
| 2022-23 | 933564 | 13026 | 1.40 |
| Growth 2016-2023 | 84.5% | -6.4% | |

Page 15-16 ER 2023 Vol. 2




## തകർച്ച സഹിക്കാം, ന്യായീകരണമാണ് സഹിക്കാൻ പറ്റാത്തത്

കാർഷിക വിളകളുടെ ഉല്പാദനത്തിൽ വളരെ വലിയ കുറവുണ്ടാകുന്നത് കർഷകരുടെ വരുമാനത്തിൽ ഇടിവുണ്ടാക്കുന്നു. കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലുമുള്ള സെക്ടറൽ നാണയചുരുക്കം (Sectoral Deflator -നിലവിലെ വിലകളിലും സ്ഥിരം വിലകളിലും കൂട്ടിച്ചേർക്കപ്പെട്ട മൊത്തം മൂല്യത്തിന്റെ വളർച്ചാ നിരക്കിലുള്ള

വ്യത്യാസം) 2013–14 ൽ 9.4 ശതമാനമായിരുന്നത് 2019–20 ൽ 5 ശതമാനമായും 2023–24 ൽ 3.7 ശതമാനമായും കുറഞ്ഞു എന്നായിരുന്നു ഇടതു ചിന്തകനും സാമ്പത്തിക വിദഗ്ധനുമായ പ്രൊഫ. ആർ. രാംകുമാർ 16.02.2024 ലെ ചിന്ത വാരികയിലെഴുതിയത്. മുൻസംസ്ഥാന ധനകാര്യമന്ത്രി ഡോ. തോമസ് ഐസക്കാണ് ചിന്തയുടെ ചീഫ് എഡിറ്റർ.



## കൃഷി തകരുന്നെന്ന് ഇടതു സാമ്പത്തിക വിദഗ്ധർ

കമ്പോളത്തിൽ കാർഷിക വിളകളുടെ സ്തംഭനം അഥവാ വില ഇടിവിന് പരിഹാരമായി താങ്ങുവിലയിൽ വർദ്ധനവുണ്ടാകുന്നില്ല. പ്രധാന ഭക്ഷ്യധാന്യ വിളകളെ സംബന്ധിച്ചിടത്തോളം 2003–നും 2013നും ഇടയിലെ 10 വർഷക്കാലയളവിൽ താങ്ങുവിലയിൽ പ്രതിവർഷം ശരാശരി 8 – 9 ശതമാനത്തിന്റെ വർദ്ധനവാണുണ്ടായത്, എന്നാൽ 2013 –23 കാലഘട്ടത്തിൽ ഇത് 5 ശതമാനമായി കുറഞ്ഞു.

കൃഷിയിൽ നിന്നും കാർഷിക കുടുംബങ്ങൾക്ക് ലഭിക്കുന്ന വരുമാനം 2012–2018 കാലഘട്ടത്തിൽ 1.4 ശതമാനം കുറഞ്ഞതായി ഇടതു സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു (ചിന്ത 16.02.2024 പേജ് 17). കൃഷിയിൽ നിന്നും വരുമാനം കുറഞ്ഞു എന്ന് മാത്രമല്ല, കൃഷിക്കാവശ്യമായ സാധനങ്ങളുടെ (വിത്ത്, വളം, വായ്പ, പലിശ, കൂലി) നിരക്കുകൾ കുത്തനെ ഉയരുകയും ചെയ്തു.




## സമ്പന്നന്റെ സംഘടിതന്റെ ജീവൻ കർഷകന്റെ ഔദാര്യമാണ്

ഉല്പാദനം കുത്തനെ കുറഞ്ഞപ്പോഴും കൃഷിപ്പണി നഷ്ടകൃഷി ആയിട്ടും കർഷകൻ കടമെടുത്ത് കൃഷി നടത്തിയാണ് നാട്ടുകാരെ അന്നമൂട്ടുന്നത്. നഗരവാസികൾക്കും ഭരണാധികാരികൾക്കും നിയമവിദഗ്ധർക്കും നിയമസഹായികൾക്കും സബ്സിഡി നിരക്കിൽ പാലും മുട്ടയും നൽകുന്നതും കർഷകനാണ്. കുറഞ്ഞ വിലയ്ക്ക് പാൽ ലഭിക്കുന്നതും ഒറ്റ അക്ക സംഖ്യയിൽ മുട്ട കിട്ടുന്നതും സർക്കാർ സബ്സിഡിയിലല്ല, കർഷകരുടെ ഔദാര്യത്തിൽ മാത്രമാണ്.

കർഷകനെ കൊന്നൊടുക്കുന്ന വന്യജീവികൾക്ക് വരെ സംരക്ഷണം നൽകാൻ പ്രത്യക്ഷത്തിലും പരോക്ഷത്തിലും പ്രവർത്തിക്കുന്നവരൊക്കെ ഒരു കാര്യം മനസ്സിലാക്കുക. നിങ്ങളുടെയൊക്കെ അനീതിയെ തിരുത്തുന്നതും ശിക്ഷിക്കുന്നതും തെരഞ്ഞെടുപ്പിലെ വോട്ടിലൂടെയായിരിക്കും. ആ ശിക്ഷ ഏതുരീതിയിൽ എവിടെ, എപ്പോൾ, ആരുടെ മേലായിരിക്കും പതിക്കുക എന്നത് കാത്തിരുന്ന് കാണാം.




## വോട്ടിലൂടെ ഉത്തരം, ഇനിയൊരു അവസരം കിട്ടണമെന്നില്ല

കർഷകരെ ജീവിക്കാൻ അനുവദിക്കാത്ത രാഷ്ട്രീയക്കാരെയും രാഷ്ട്രീയപാർട്ടികളെയും മന്ത്രിമാരെയും മുൻമന്ത്രിമാരെയും ജനനേതാക്കളെയും പഞ്ചായത്ത് തിരഞ്ഞെടുപ്പ് ഗോദയിൽ തന്നെ ചോദ്യം ചെയ്യുക, ഉത്തരം മുട്ടിക്കുക, സ്വന്തം തെറ്റുകൾ ഏറ്റു പറയിക്കുക, കർഷകരുടെ വോട്ടിലൂടെ ശിക്ഷ നൽകുക.

വേദനിപ്പിക്കാനല്ല, നിങ്ങളുടെ മുൻകാല ചെയ്തികളാണ് നിങ്ങളെ വേട്ടയാടുന്നത്. ഭരിക്കുന്നവരുടെ കർഷകവിരുദ്ധതയൊന്നും കർഷകർ അറിയില്ല, അവരെ പറ്റിക്കാൻ എളുപ്പമാണെന്നു കരുതിയിരിക്കുന്ന രാഷ്ട്രീയക്കാരെ, ഉദ്യോഗസ്ഥരെ, ഭരണവർഗ്ഗമെ, നിങ്ങളുടെ കർഷക വിരുദ്ധത ഒന്നൊന്നായി എണ്ണി പറഞ്ഞായിരിക്കും ഇത്തവണ കർഷകർ നിർണ്ണായക വോട്ടുചെയ്യുക.



## സംഘടനയില്ലാത്ത ദരിദ്രരും കർഷകരും

അവകാശ സംരക്ഷണത്തിൽ ലോകത്തിൽ തന്നെ ഏറ്റവും കൂടുതൽ സംഘടനകളുള്ള സംസ്ഥാനമാണ് കേരളം. എന്നാൽ ഈ സംഘടനകളൊക്കെ വിദ്യാഭ്യാസമുള്ള ജീവനക്കാരും സമൂഹത്തിൽ ശക്തിയുള്ളവരും കൂടുതൽ അവകാശങ്ങൾ നേടാൻ സ്വയം സംഘടിപ്പിക്കുന്നതാണ്. എന്നാൽ സംഘടിക്കാനറിയാത്ത എന്നും ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന കേരളത്തിലെ കർഷകർക്കും ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സ്വന്തമായിട്ടൊരു സംഘടനയില്ല. ഏതു പാർട്ടിയിലും കർഷകരെ കാണാം. ഇടതിലും വലതിലും ബി.ജെ.പി.യിലും കർഷകരക്ഷക്കെന്ന് പറഞ്ഞു സംഘടിച്ച സംസ്ഥാന പാർട്ടികളിലുമായി കർഷകർ വിഘടിച്ച് പോയിരിക്കുന്നു. അതിനാൽതന്നെ അവരുടെ പരാതികൾ ഒന്നും ആരും ചെവികൊള്ളില്ല. തൊഴിലാളി സംരക്ഷണത്തിനായി കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിൽ സി.ഐ.ടി.യുവും വലതു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ എ.ഐ.ടി.യു.സിയും കോൺഗ്രസിൽ ഐ.എൻ.ടി.യു.സി.യും ബി.ജെ.പി.യിൽ ബി.എം.എസ്.ഉം പ്രവർത്തിക്കുന്നത് പാർട്ടിക്കുള്ളിൽ തന്നെ നിന്നുകൊണ്ട്

തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനാണ്. എന്തുകൊണ്ട് കർഷകർക്ക് ഇത്തരമൊരു സംവിധാനമില്ല? സംവിധാനമുണ്ട് പക്ഷേ, അതു കടലാസു സംഘടനയിൽ മാത്രം. തൊഴിലാളികൾക്കെതിരെ കർഷകൻ സംഘടിക്കാതിരിക്കാൻ ഒരു നിർവീര്യ സംഘടന. സംഘടിതവും ഭരണാധികാരികൾ തന്നെ നേതൃത്വം നല്കുന്നതുമായ തൊഴിലാളി യൂണിയനുകളുടെ സംഘടിത ശക്തിയുടെ പ്രവർത്തനത്തിന്റെ ഫലമായി സംസ്ഥാന സർക്കാരിന്റെ വരുമാനമെല്ലാം സംഘടിത ജീവനക്കാർക്കു മാത്രമെന്ന സ്ഥിതിയിലേക്കു കാര്യങ്ങൾ മാറിയിരിക്കുന്നു. ഭൂരിപക്ഷത്തെ (കർഷക ജനതയെ) ന്യൂനപക്ഷം (സംഘടിത തൊഴിലാളി വർക്ഷം) ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. ഭൂരിപക്ഷത്തിന്റെ വോട്ടു നേടി ഭരണത്തിലെത്തിയ ശേഷം അധികാരം നിലനിർത്താൻ പ്രത്യേകം സഹായം ചെയ്യുന്ന ന്യൂനപക്ഷത്തിന് എല്ലാം വാരിക്കോരി കൊടുക്കുന്ന അവസ്ഥ. ഇവർ നേടിയെടുത്ത അധിക സൗകര്യങ്ങൾ നിരന്തരം നിലനിർത്താനായി ദരിദ്ര ഭൂരിപക്ഷത്തിനെ നിരന്തരം കൊള്ളയടിക്കുക. ഇടതും വലതും ഇതുതന്നെ ചെയ്യുന്നു. സ്വാതന്ത്ര്യത്തിന് മുൻപ് ഭരിച്ചിരുന്ന ബ്രിട്ടീഷ് ഭരണാധികാരികൾ ശമ്പളം വരുമാനത്തിന്റെ 25% ആയി നിജപ്പെടുത്തിയിരുന്നു. ആ കാഴ്ചപ്പാട് പോലും നമ്മുടെ ജനകീയ ഭരണാധികാരികൾക്കില്ല.

ഒഴിവാക്കപ്പെട്ടവരുടെ പ്രശ്ന പരിഹാരത്തിന് സർക്കാരിന്റെ കൈയ്യിൽ പണമില്ലെന്ന് പ്രസ്താവന ഇറക്കുക. ഇതാണ് കേരളത്തിൽ കഴിഞ്ഞ കുറെ വർഷങ്ങളായി നടന്നു കൊണ്ടിരിക്കുന്നത്. സത്യമറിയാത്ത കർഷകർ/ദരിദ്രർ ഇതെല്ലാം സ്വീകരിക്കുന്നു.




## സമ്പന്ന പ്രഭു ശമ്പള വിഭാഗത്തെ പിന്തുണയ്ക്കുന്നത് ആരാണ്?

കോഴി കട്ടവന്റെ തലയിൽ പപ്പുകാണും എന്നു പറയുന്നതുപോലെ കേരളത്തിലെ ഭരണകൂടം ചൂഷകർക്കൊപ്പമാണോ ദരിദ്രർക്കൊപ്പമാണോ എന്നതിന് തെളിവിതാ.

സംസ്ഥാന ജീവനക്കാരുടെ പേരിൽ മുതലകണ്ണീർ ഒഴുക്കുന്നവരോട് എന്ന തലക്കെട്ടിൽ 9.2.2024 ലെ ചിന്തയിലെ 32-ാം പേജ് ലേഖനം ഭരണകൂടം ആർക്കൊപ്പമാണെന്നു വ്യക്തമാക്കുന്നു.

2001 ൽ അധികാരത്തിൽ വന്ന എ.കെ. ആന്റണി സർക്കാർ ലീവ് സറണ്ടർ മാത്രമല്ല, ജീവനക്കാരന്റെ അവകാശങ്ങളിലാകെ കൈ കടത്തി ശമ്പളപരിഷ്കരണം തന്നെ വൈകിപ്പിച്ചത് ഓർമ്മയുണ്ടോ...ആന്റണിയുടെ അന്നത്തെ പ്രശസ്തമായ ഒരു വാചകമുണ്ട്- ഒരു മാസം സർക്കാർ ഓഫീസുകൾ അടച്ചിട്ടാലും ജനങ്ങൾക്ക് ഒരു കുഴപ്പവുമില്ല. നഷ്ടം സർക്കാർ ജീവനക്കാർക്ക് മാത്രമാണ്. ശ്രീ. രമേശ് ചെന്നിത്തല മുമ്പ് പറഞ്ഞത് ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള പോംവഴി സർക്കാർ ജീവനക്കാരുടെ 25 ശതമാനം ശമ്പളം പിടിച്ചുവെയ്ക്കുക എന്നതാണ്.

യു.ഡി.എഫിനെ പിന്തുണയ്ക്കുന്ന സർവ്വീസ് സംഘടനകൾക്ക് വരെ 2001-ൽ യു.ഡി.എഫിനെതിരെ സമരം ചെയ്യേണ്ടതായി വന്നു. സെക്രട്ടറിയേറ്റിന് മുന്നിൽ എ.കെ. ആന്റണിക്കെതിരെ മുദ്രാവാക്യം വിളിച്ച കോൺഗ്രസ് സംഘടനക്കാർ ഇപ്പോഴും അവിടെയുണ്ടാകും. കോവിഡും ആഗോള സാമ്പത്തികമാന്ദ്യവും ലോകത്തിലാകെയുള്ള തൊഴിൽ രംഗങ്ങളിൽ വരുത്തിയ മാറ്റം ഏവർക്കുമറിയാം. കോടിക്കണക്കിന് പേർക്കാണ് തൊഴിൽ നഷ്ടപ്പെട്ടത് എത്രയോ പേരുടെ ശമ്പളം വെട്ടിക്കുറക്കപ്പെട്ടു. കോവിഡ് കാലത്ത് ശമ്പളപരിഷ്കരണം കൃത്യമായി നടപ്പിലാക്കിയ ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. ഏകദേശം 20,000-ത്തോളം കോടി രൂപയുടെ അധിക സാമ്പത്തിക ഉത്തരവാദിത്വമാണ് സർക്കാർ ഏറ്റെടുത്തത്. ഏറ്റെടുത്തത് സർക്കാരല്ല, വരുമാന വർദ്ധനവില്ലാത്ത, കൃഷിപ്പണിയിൽ നിന്നും ഒരു രൂപാ അധികവരുമാനമില്ലാത്ത അതിദരിദ്രരായി ജീവിക്കുന്ന കർഷകരും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കഴിയുന്നവരുമാണ് എന്ന സത്യം സാധാരണക്കാരും ഒഴിവാക്കപ്പെട്ടവരും അറിഞ്ഞിരിക്കണം. ഇങ്ങനെ എത്ര നാൾ അവരെ തീറ്റി പോറ്റാനാകും.

## ദരിദ്രരെ കൊള്ളയടിച്ച് സമ്പന്നരെ പ്രീണിപ്പിക്കുന്നവർ

ഇടതുപാർട്ടികളിടെ നെടുംതൂണുകളായ പാർട്ടികളെ നിയന്ത്രിക്കുന്ന വിഭാഗമായ സർക്കാർ ജീവനക്കാരെ തീറ്റിപ്പോറ്റാനായി 2021-22, 2022-23 കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ സംസ്ഥാന നികുതികൾ വർദ്ധിപ്പിച്ചത് കേരളം, അതിൽ ഏറ്റവും കൂടുതൽ നികുതി വർദ്ധന കൃഷി/കാർഷിക മേഖലയിൽ. ദരിദ്രരെ പോക്കറ്റടിച്ച് സമ്പന്നരെ കൂടുതൽ സമ്പന്നരാക്കുന്നത് കമ്മ്യൂണിസമോ മാർക്സിസമോ അല്ല ശുദ്ധ മുതലാളിത്തം എന്ന ക്യാപിറ്റലിസം.

09.02.2024 ലെ ചിന്തയിലെ 31-ാം പേജിൽ ഇങ്ങനെ പറയുന്നു. കേരളം തനതു വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ചരിത്രപരമായ നേട്ടം കൈവരിച്ച രണ്ട് വർഷങ്ങളാണ് കടന്നുപോയത് . 2014-15 മുതൽ 2022-23 വരെയുള്ള കേരളത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്കിങ്ങനെ.

| 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 |
|---|---|---|---|---|
| 6.4 | 10.1 | 10.7 | 8.2 | 10.2 |


| 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|
| 9.0 | -0.6 | -5.3 | 22.4 | 23.4 |

തനത് നികുതി വരുമാനത്തിൽ ഇത്രയും വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞത് ഒരു ചെറിയ കാര്യമായി നാം കാണുന്നില്ല എന്നാണ് ചിന്ത ചൂണ്ടിക്കാട്ടുന്നത്. പക്ഷെ ചിന്തിക്കുന്ന ജനങ്ങൾ പറയുന്നത് ജനങ്ങളെ അധിക/അമിത നികുതികളാൽ പീഡിപ്പിക്കുന്ന മറ്റൊരു സർക്കാരില്ല എന്നുതന്നെയാണ്. പിരിച്ചെടുക്കുന്ന സംസ്ഥാന നികുതി മൊത്തം ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനും ആയി വീതംവയ്ക്കുന്നു. കർഷകർക്കും ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ഒന്നും ഇല്ല. സംസ്ഥാന നികുതികൾ ദരിദ്രരെയാണ് കൂടുതൽ പോക്കറ്റടിക്കുന്നത്. നികുതിപണം ശമ്പളത്തിനു മാത്രം. വികസനത്തിനു കിഫ്ബി വഴി എങ്ങും കടമെടുക്കൽ.



## തൊഴിലാളികളെയും ദരിദ്രരെയും കൊള്ളയടിച്ച് സമ്പന്നർക്ക് പണം നൽകുന്ന പ്രതിലോമ ഗതിയിലുള്ള നികുതി, ദരിദ്രവിരുദ്ധം

നികുതികൾ ചുമത്തി അത് പൂർണ്ണമായി വരുമാന ശ്രേണിയിലെ താഴ്ന്ന വിഭാഗങ്ങൾക്ക് കൈമാറുന്ന നികുതി കൈമാറ്റ (ടാക്സ് ട്രാൻസ്ഫർ) നടപടികൾ ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. വിൽപ്പന നികുതി/ജി.എസ്.ടി. തുടങ്ങിയവ പരോക്ഷ നികുതികളാണ്. പാവപ്പെട്ടവനും പണക്കാരനും കോടീശ്വരനും ഇത്തരം നികുതികളിൽ വ്യത്യാസമില്ല. നാം വാങ്ങുന്ന ഒരു സോപ്പിന്റെ വില്പന നികുതി/ജി.എസ്.ടി. ദരിദ്രനും കോടീശ്വരനും ഒന്നു തന്നെ. മീൻ കച്ചവടക്കാരനായ പാവപ്പെട്ടവൻ അടിക്കുന്ന പെട്രോളിനും പണക്കാരന്റെ കോടികൾ വിലയുള്ള ആഡംബര കാറിൽ അടിക്കുന്ന പെട്രോളിന്റെ നികുതിയും ഒന്നുതന്നെ. എന്നാൽ പ്രത്യക്ഷ നികുതികൾ (ആദായനികുതി തുടങ്ങിയവ) വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ചുമത്തപ്പെടുന്നത്. സംസ്ഥാന സർക്കാരിന്റെ തനത് നികുതി വരുമാനമൊക്കെ പരോക്ഷ നികുതികളാണ്.




## ജയിംസ് ബുക്കാനനനും റിച്ചാർഡ് മസ്ഗ്രേവും

നികുതി ചുമത്തുമ്പോഴുണ്ടാകുന്ന മാറ്റം പുരോഗമന ഗതിയിലുള്ളതാണോ പ്രതിലോമ ഗതിയിലുള്ളതാണോ എന്നത് ഗൗരവമായി വിലയിരുത്തേണ്ടതുണ്ട്. ഉദാഹരണത്തിന് ഒരു വ്യക്തിക്ക് 500 രൂപാ വരുമാനവും മറ്റൊരു വ്യക്തിക്ക് 2000 രൂപാ വരുമാനവും ഉണ്ടെന്ന് കരുതുക. ഇവർ വാങ്ങുന്ന ഒരു ഉല്പന്നത്തിന് പരോക്ഷ നികുതിയായി 150 രൂപാ ചുമത്തിയാൽ ആദ്യത്തെ വ്യക്തിയുടെ നികുതി 30 ശതമാനവും രണ്ടാമത്തെ വ്യക്തിയുടെ നികുതി 7.5 ശതമാനവും ആകും. അതായത് ഉയർന്ന വരുമാനമുള്ള വ്യക്തിയുടെ നികുതി ശതമാനം കുറഞ്ഞതും താഴ്ന്ന വരുമാനമുള്ള വ്യക്തിയുടെ നികുതി ശതമാനം ഉയർന്നുമിരിക്കും. ഇത്തരം നികുതികളെയാണ് പ്രതിലോമ ഗതിയിലുള്ള (റിഗ്രസീവ്) നികുതിയെന്ന് നിർവചിക്കുന്നത്. താഴ്ന്ന വരുമാന വിഭാഗക്കാർക്ക് ബാധ്യത സൃഷ്ടിക്കുന്ന പ്രതിലോമ ഗതിയിലുള്ള നികുതികൾ ഒഴിവാക്കണമെന്നാണ് നികുതി സിദ്ധാന്തങ്ങൾ നിർദ്ദേശിക്കുന്നത്.




നൊബേൽ സമ്മാന ജേതാവായ ജയിംസ് ബുക്കാനനും ഹാർവാർഡ് സർവകലാശാലയിലെ പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനായ റിച്ചാർഡ് മസ്ഗ്രേവും നികുതി ഭാരത്തെപ്പറ്റി വിഖ്യാതമായ സംവാദം നടത്തിയിട്ടുണ്ട്.

പാവപ്പെട്ടവരുടെ മേൽ പരോക്ഷ നികുതികൾ ചുമത്തി ആരുമറിയാതെ ഒരു രൂപയും രണ്ടുരൂപയും പോക്കറ്റടിച്ച് ശതകോടികൾ വരുമാനമുണ്ടാക്കി ആ പണം ശമ്പളം/പെൻഷൻ വർദ്ധനവിനായി ഉപയോഗിക്കുന്നത് ജനവിരുദ്ധവും സോഷ്യലിസ്റ്റ് വിരുദ്ധവും മുതലാളിത്ത ശൈലിയുമാണ്.

പരോക്ഷ നികുതിക്കുപകരം സർക്കാരിൽ നിന്നും നിശ്ചിത തുകയിലധികം ശമ്പളമായും പെൻഷനായും വാങ്ങുന്നവർക്കെല്ലാം ഒരു നിശ്ചിത ശതമാനം സെസ് ഏർപ്പെടുത്തിയാൽ അതല്ലെ ആഗോള തലത്തിൽ അംഗീകരിക്കപ്പെടുന്ന പ്രത്യക്ഷ നികുതി!




## കിഫ്ബിയും സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയും സർക്കാർ ജീവനക്കാരുടെ ശമ്പളം മുടങ്ങാതിരിക്കാനുള്ള ഐസക്കിയൻ തന്ത്രം

സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്നെന്നു കാട്ടി കേരള സംസ്ഥാനം സുപ്രീംകോടതിയിൽ ഒരു സ്യൂട്ട് ഹർജി നൽകിയിരുന്നു. സംസ്ഥാന സർക്കാർ വരുമാനമൊക്കെ ഭരണത്തിൽ സ്വാധീനമുള്ള – അല്ല ഭരണം തന്നെ നടത്തുന്ന ഒരു ചെറിയ ശതമാനത്തിന് ശമ്പളവും പെൻഷനും നൽകാനായി നീക്കിവയ്ക്കുകയും ശമ്പളവും പെൻഷനും നൽകാൻ കഴിഞ്ഞ കാലങ്ങളിൽ പിരിച്ച നികുതി നികുതിയേതര വരുമാനം തികയാതെ വന്നതിനാൽ പണം

പലിശക്കെടുക്കുകയും കടമെടുത്ത പണത്തിന് പലിശ പോലും നൽകാനാവാതെ വരുകയും അങ്ങനെ സാമൂഹ്യ സുരക്ഷാപെൻഷനും കർഷകരിൽ നിന്നും സർക്കാർ വാങ്ങിയ നെല്ലിന്റെ പണം (നെല്ല് അരിയാക്കി വിറ്റ് ആ പണം സർക്കാർ ഖജനാവിലെത്തിയിട്ടും) നെൽകർഷകർക്ക് പണം നൽകാനാവാത്ത അതിഭയാനക സാമ്പത്തിക പ്രതിസന്ധി യിലാണ് കേരളം. ശമ്പളവും പെൻഷനും തടസ്സംകൂടാതെ ലഭിക്കാൻ സർക്കാർ ജീവനക്കാരും പെൻഷൻകാരും അവർ നിയന്ത്രിക്കുന്ന ധന കാര്യമന്ത്രിമാരും. സർക്കാർ ചിലവു കളിൽ സാധിക്കുന്നതൊക്കെ ബജറ്റിന് പുറത്താക്കാൻ അതീവരഹസ്യ നീക്കം നടത്തി. കിഫ്ബിയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് (KSSPL), കെ. എസ്.ആർ.ടി.സി. പെൻഷൻ എന്നിവയൊക്കെ കേരള ബജ റ്റിന്റെ പുറത്തായി.




## സഹകരണബാങ്ക് നിക്ഷേപങ്ങളുടെ സർക്കാർ ഗ്യാരന്റി

സ്വന്തമായി വരുമാനമില്ലാത്ത സ്ഥാപനങ്ങൾ എങ്ങനെ വായ്പ തിരിച്ചടയ്ക്കും! അത്തരം വായ്പകൾ സംസ്ഥാനം തന്നെ തിരിച്ചടയ്ക്കണം. ചുരുക്കത്തിൽ സംസ്ഥാന ബജറ്റിലൂടെയും സഞ്ചിത നിധിയിൽ നിന്നും മാത്രമേ ഇത്തരം സ്വതന്ത്രവായ്പകൾ തിരിച്ചടയ്ക്കാനാവൂ എന്നും അറിയാത്തവരാരുമില്ല. ബജറ്റിൽ ഉൾപ്പെടുത്താത്ത തിനാൽ ഇത്തരം ബാദ്ധ്യതകൾ നിയമസഭ അറിയുന്നില്ല.

2016-17 മുതൽ 2021-22 വരെ കിഫ്ബിയും പെൻഷൻ കമ്പനിയും 42285 കോടി രൂപയാണ് വായ്പ എടുത്തത്. ബജ റ്റിൽ ഉൾപ്പെടുത്താത്ത വായ്പകൾ സംസ്ഥാന സർക്കാരിനെ കടക്കെണിയിലാക്കുമെന്ന് ഓഡിറ്റർ ജനറൽ നേരത്തെതന്നെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് മുന്നറിയിപ്പ് നൽകിയി രുന്നതാണ്.

1.40,000 കോടി രൂപ നിക്ഷേപങ്ങളുള്ള കേരളത്തിലെ 1600-ൽപരം സഹകരണ ബാങ്കുകളിലെ ഓരോ പൈസയ്ക്കും സർക്കാർ ഗ്യാരന്റി ഉണ്ടെന്നായിരുന്നു കരു വന്നൂർ ബാങ്ക് തട്ടിപ്പിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന മുഖ്യമന്ത്രി പരസ്യമായി പല സ്ഥലങ്ങളിൽ പല ദിവസങ്ങ ളിൽ പറഞ്ഞത്. ഗ്യാരന്റി എന്ന് വിശ്വസിക്കാൻ കൊള്ളാവുന്ന ഒരു വ്യക്തി പറഞ്ഞാൽ നൽകേണ്ടവർ നൽകിയില്ലെങ്കിൽ താൻ നൽകും എന്നാണല്ലോ. എന്നു പറഞ്ഞാൽ തട്ടിപ്പു നടന്ന കരുവന്നൂരിലെ 400 കോടി നിക്ഷേപം സർക്കാർ തന്നെ നിക്ഷേപകർക്ക് നൽകും എന്നുതന്നെയല്ലേ ജനങ്ങൾ മനസ്സിലാക്കേണ്ടത്. ഇനി രാഷ്ട്രീയത്തിലെ ധനകാര്യ വിദ ഗ്ധർ ലളിതമായ ഭാഷയിൽ പറഞ്ഞാൽ സർക്കാർ കട ത്തിന്റെ കൂടെ ഈ 1,40,000 കോടി രൂപ കൂടി സർക്കാരിന്റെ കടബാദ്ധ്യതയായി കണക്കാക്കണം.

നികുതി ദായകരുടെ പണം സുരക്ഷിതമായിരിക്ക ണമെന്നും സംസ്ഥാന വായ്പ പരിധിക്കകത്ത് നിൽക്കണ മെന്നും ഭരണഘടനയുടെ 293(3), 293(4) വകുപ്പുകൾ വ്യക്ത മാക്കുന്നതായി കേരളത്തിന്റെ കേസിൽ കേന്ദ്രം സുപ്രീംകോ ടതിയെ അറിയിച്ചു. എന്നു മാത്രമല്ല കേന്ദ്രത്തോടുള്ള ബാദ്ധ്യത വരെ കേരളം പാലിച്ചിട്ടില്ലെന്നും കേന്ദ്രം സുപ്രീം കോടതിയെ അറിയിച്ചു. ഉദാഹരണത്തിനായി കൊച്ചി മെട്രോ റയിലും കേരള സർക്കാരും *ഏജൻസി ഫ്രാങ്കൈസ് ഡി ഡിവ ലപ്മെന്റിൽ* നിന്നെടുത്ത വായ്പ 2014 മുതൽ തിരിച്ചടയ്ക്കാ ത്തതിനാൽ കുടിശിഖ ഒഴിവാക്കാൻ കേന്ദ്ര സർക്കാരാണ് കുടിശിഖ അടച്ചതെന്നും സുപ്രീംകോടതിയെ അറിയിച്ചിരി ക്കുന്നു.




## കേരള ധനകാര്യത്തിലെ പ്ലാൻ ബി പാവ പ്പെട്ടവരുടെ മേലുള്ള നികുതികൂട്ടി മലയാ ളിയെ കൂടുതൽ പിഴിയും

കേരള ബജറ്റിന്റെ (2023-24) 33-ാം ഖണ്ഡികയുടെ പ്രസക്ത ഭാഗങ്ങളിങ്ങനെ. സംസ്ഥാനങ്ങളോട് പൊതു വെയും കേരളത്തോട് പ്രത്യേകിച്ചുമുള്ള കേന്ദ്രത്തിന്റെ അവ ഗണനയിൽ നിന്നുണ്ടാകുന്നതാണ്. നടപ്പുവർഷമാണ് (2023 -24) കേരളത്തോടുള്ള അവഗണന അതിന്റെ പാരമ്യതയി ലെത്തിയത്. സുപ്രീംകോടതിയിലെ നിയമപോരാട്ടവും കോട തിക്ക് പുറത്ത് നടത്തുന്ന രാഷ്ട്രീയ സമരവും കാര്യങ്ങൾ മെച്ചപ്പെടുത്തും എന്നാണ് പ്രതീക്ഷിക്കുന്നത്.

കാര്യങ്ങൾ മെച്ചപ്പെടുമെന്ന പ്രതീക്ഷയിലാണ് ബജറ്റ് തയ്യാറാക്കുന്നത്. അതല്ല ധനവ്യവസ്ഥയെ കൂടുതൽ കേന്ദ്രീകരിക്കുന്ന നടപടിയാണ് കേന്ദ്രം സ്വീകരിക്കുന്നതെ ങ്കിലോ? കേരളത്തോടുള്ള അവഗണന തുടരുകയാണെ ങ്കിലോ? തീർച്ചയായും നമുക്ക് ഒരു പ്ലാൻ ബിയെക്കുറിച്ച് ആ കാലഘട്ടത്തിൽ ആലോചിക്കേണ്ടി വരും. സംസ്ഥാനം ജനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ ഒരു വെട്ടി ക്കുറവും വരുത്താൻ നമ്മൾ തയ്യാറല്ല. (ജനങ്ങൾ എന്നതിന് പകരം സ്വന്തം പാർട്ടിക്കാരായ 88% സർക്കാർ ജീവനക്കാരും പെൻഷൻകാരും എന്നുപറയുന്നതായിരുന്നു ഉചിതം). വിക സനപ്രവർത്തനങ്ങളിലും ഈ ഘട്ടത്തിൽ പുറകോട്ട് പോകാ നില്ല. മുഴുവൻ നികുതി/ നികുതിയേതര പണവും വേണ്ട പ്പെട്ടവർക്കായി (ശമ്പളം, പെൻഷൻ) മാറ്റിവച്ചിട്ട് വികസന ത്തിനായി കിഫ്ബി കണ്ടുപിടിച്ച ധനശാസ്ത്രജ്ഞൻ തോമസ് ഐസക്ക് തന്നെ.

എന്തായിരിക്കാം പ്ലാൻ ബി?

നിലവിലെ സാഹചര്യത്തിൽ കേരളത്തിന് സ്വന്ത മായി നോട്ടടിക്കാനുള്ള അധികാരമില്ല. കേന്ദ്രത്തെ വരച്ചവ രയിൽ നിർത്തി കൂടുതൽ പണം നേടിയെടുക്കാനാകില്ല. പിന്നെന്തായിരിക്കും പ്ലാൻ ബി.




## എം.എൽ.എ., എം.പി. ശരിയല്ലെങ്കിൽ തിരിച്ചുവിളിക്കാമെന്നോ?

നമ്പർ വൺ സിനിമയിലെ കടക്കൽ ചന്ദ്രൻ എന്ന കേരള മുഖ്യമന്ത്രിയായി അഭിനയിച്ച മമ്മൂട്ടിയുടെ ഡയലോഗ്. റൈറ്റ് ടു റീകോൾ – ജനപ്രതിനിധികളെ ജനങ്ങൾക്ക് താല്പര്യമില്ലെങ്കിൽ അഞ്ച് വർഷ കാലാവധി കഴിയുന്നതിന് മുമ്പ് ആ സ്ഥാനത്തുനിന്ന് മാറ്റാൻ ജനങ്ങൾക്ക് അധികാരം കൊടുക്കുന്ന ബിൽ സഭയിൽ (നിയമസഭയിൽ) അവതരിപ്പിക്കുന്നതിന് മുഖ്യമന്ത്രിയെ (കടക്കൽ ചന്ദ്രൻ – മമ്മൂട്ടി) ക്ഷണിക്കുന്നു സ്പീക്കർ

''ഗവൺമെന്റ് എന്നാൽ അത് വെറുമൊരു വാക്ക് മാത്രമല്ല. അത് ആത്മാവുള്ള, ജീവനുള്ള, അസ്തിത്വമുള്ള ഒരു പ്രവർത്തന സംവിധാനമാണ്. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവർ അതുകൊണ്ടുതന്നെ ഞാനുൾപ്പെടെയുള്ള ജനപ്രതിനിധികൾ എത്രനാൾ അധികാരത്തിലുണ്ടാവണം എന്ന് തീരുമാനിക്കുന്നത് ജനങ്ങളാണ്'' മുഖ്യമന്ത്രി കടക്കൽ ചന്ദ്രൻ.

''വരും തലമുറക്കുവേണ്ടി നമുക്കെന്തെങ്കിലുമൊന്ന് കരുതിവയ്ക്കാം. ജനപ്രതിനിധികളെ തിരിച്ചു വിളിക്കാനുള്ള നിയമം നിലവിൽ വന്നാൽ ജനപ്രതിനിധികൾ അവരുടെ ജോലി ആത്മാർത്ഥമായി ചെയ്യും. കാര്യക്ഷമമായ പ്രവർത്തിക്കും അവരുടെ സ്ഥാനം നിലനിർത്താൻ പരമാവധി ശ്രമിക്കുകയും ചെയ്യും.... ജനങ്ങൾ അവരുടെ ഇഷ്ടപ്പെട്ട നേതാവിനെ മാറ്റാൻ ശ്രമിക്കുകയും ഇല്ല''. മുഖ്യമന്ത്രി കടക്കൽ ചന്ദ്രൻ.

''ജനപ്രതിനിധികളായ നാം ഇവിടെ എത്തിയത് നമുക്ക് വോട്ട് ചെയ്തു വിജയിപ്പിച്ച ജനങ്ങളുടെ ദയകൊണ്ടാണ്. അതുകൊണ്ട് നമ്മുടെയെല്ലാവരുടെയും (ജനപ്രതിനിധികളുടെ) ബാദ്ധ്യതയും കടപ്പാടും അവരോട് മാത്രമാണ്. അവരോട് മാത്രമാണെന്ന് സ്വയം ബോധ്യപ്പെടണം.'' മുഖ്യമന്ത്രി കടക്കൽ ചന്ദ്രൻ.

''അധികാരം ആരെയും അഴിമതിക്കാരാക്കുന്നില്ല. മനുഷ്യരാണ് അധികാര സ്ഥാനങ്ങളെ അഴിമതിയിലാക്കുന്നത്. നിങ്ങളുടെ ഒറ്റ ഒപ്പുമതി ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യാനും മനസാക്ഷിക്ക് വിരുദ്ധമായ ഒരു പ്രവൃത്തി ചെയ്യാൻ ആരംഭിക്കുമ്പോൾ അല്ലെങ്കിൽ അങ്ങനെയൊരു പ്രേരണ ഉണ്ടാകുമ്പോൾ കൈയ്യിൽ മഷിപുരട്ടി നമ്മളെ ഇങ്ങോട്ടയച്ച, നമ്മെ വോട്ടു ചെയ്ത് ഇങ്ങോട്ടയച്ച ജനങ്ങളുടെ മുഖം ഒന്നോർക്കണം'' മുഖ്യമന്ത്രി കടക്കൽ ചന്ദ്രൻ.

''ജനങ്ങൾ വോട്ട് ചെയ്ത് സഭയിലേക്ക് വന്നവരാണ് ഞങ്ങളെല്ലാവരും. അതുകൊണ്ട് സഭയിൽ നിയമനിർമ്മാണം നടത്താൻ ഭരണഘടന അനുവദിച്ചിട്ടുള്ള അവകാശം ഞങ്ങൾക്കുണ്ട്. ഇത് ഗ്യാലറിക്ക് വേണ്ടിയുള്ള കളിയാണ് '' പ്രതിപക്ഷ നേതാവ്.


സാധാരണക്കാർക്ക് വേണ്ടിയുള്ള സ്ഥലമാണ് ഗ്യാലറി. അതുകൊണ്ട് അവർക്കുവേണ്ടി തന്നെയാണ് എന്റെ കളി. പക്ഷെ നമ്മുടെ ഈ ഗ്യാലറി എവിടെയാണെന്ന് ആരെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? ദാ നമ്മുടെയൊക്കെ ഇരിപ്പിടങ്ങൾക്ക് വളരെ വളരെ മുകളിലാണ്.... ജനാധിപത്യത്തിന്റെ പവിത്രമായ സ്ഥാനമാണ്

എന്നിട്ട് സർ എവിടെയാണ് ജനാധിപത്യം. അതിന്റെ (ഗ്യാലറിയുടെ) ഉള്ളിലിരിക്കുന്നവർക്ക് ഒരു വാക്ക് സംസാരിക്കാൻ അനുവാദമുണ്ടോ? എന്തിന് ഒന്ന് എഴുന്നേറ്റ് നിൽക്കാൻ പോലും അനുവാദമില്ല. അവരൊക്കെ വോട്ട് ചെയ്ത് ഇങ്ങോട്ട് പറഞ്ഞുവിട്ട ആളുകൾ എന്തു ചെയ്താലും എന്തു പറഞ്ഞാലും അതൊക്കെ കണ്ടും കേട്ടും നിശബ്ദരായി കയ്യും കെട്ടി നിൽക്കാനെ അവർക്ക് സാധിക്കൂ... കുറെക്കൂടി നന്ദി കാണിക്കേണ്ടേ അവരോട്. ഞാനും നിങ്ങളും അടങ്ങുന്ന എല്ലാവർക്കും എല്ലാം തരുന്നത് അവരാണ്. നമ്മൾ താമസിക്കുന്ന വീട്, നമ്മൾ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഫ്രിഡ്ജ്, ടി.വി., കഴിക്കുന്ന ക്ഷണം, ഇട്ടിരിക്കുന്ന വസ്ത്രങ്ങൾ ഇതെല്ലാം തരുന്നത് അവരാണ് (ജനങ്ങൾ). അവരാണ് സർ യഥാർത്ഥത്തിൽ നമ്മളെ ഭരിക്കേണ്ടത്. നമ്മളെ കാണുമ്പോൾ അവരല്ല അവരെ കാണുമ്പോൾ നമ്മളാണ് സർ എഴുന്നേറ്റ് നിൽക്കേണ്ടത്. ജനങ്ങളെ ഭരിക്കാനല്ല സർ ജനാധിപത്യം, ജനങ്ങൾക്കുവേണ്ടി ഭരിക്കാനാണ്

ഞാനിവിടെ നിൽക്കുന്നത് ഒരു മാറ്റം വരാൻ ആഗ്രഹിച്ച സാധാരണ ജനപ്രതിനിധിയായാണ്. ഞാനിത് തുടങ്ങി വെച്ചന്നേയുള്ളൂ. എനിക്ക് ശേഷം വരുന്ന രണ്ടാമത്തെയോ അഞ്ചാമത്തെയോ ഏഴാമത്തെയോ പത്താമത്തെയോ മുഖ്യമന്ത്രിയായിരിക്കും ഒരുപക്ഷേ ഇത് നടപ്പിലാക്കുക (ജനപ്രതിനിധികളെ തിരിച്ചുവിളിക്കാൻ ജനങ്ങൾക്ക് അവകാശം നല്കുന്ന റൈറ്റ് ടു റീകോൾ നിയമം). ഞാൻ ഒരു നിമിത്തം മാത്രം. ആ ഒരു വിശ്വാസത്തോടെ ഞാൻ പടിയിറങ്ങുകയാണ് കടക്കൽ ചന്ദ്രൻ മുഖ്യമന്ത്രി.

നമ്പർ വൺ സിനിമ അവസാനിക്കുന്നത് റൈറ്റ് ടു റീകോൾ എന്ന ആശയം നിയമമാക്കി വീണ്ടും മുഖ്യമന്ത്രിയായ കടക്കൽ ചന്ദ്രനെ തന്നെ കാണിച്ചുകൊണ്ടാണ്.

''ഗ്രാമസഭകളാകട്ടെ കേരളത്തിൽ റൈറ്റ് ടു റീകോൾ വേദി''




## ഗ്രാമസഭ ആകട്ടെ വിപ്ലവവേദി

### അപര നീതിക്കുവേണ്ടി പോരാടാൻ, ഭരിക്കാൻ നാളിതുവരെ നമുക്ക് സാധിച്ചിട്ടില്ല.

75 വർഷം ജനാധിപത്യ ഭരണക്രമം നടപ്പായിട്ടും ഇന്നും രാജാക്കന്മാരുടെ ഭരണ രാഷ്ട്രീയ ശൈലിയിൽ നിന്നും ബ്രിട്ടീഷ് ഭരണത്തിന്റെ ഉദ്യോഗസ്ഥ ആധിപത്യ ഭരണ സംവിധാനത്തിൽ നിന്നും അതിന്റെ സ്വാധീനങ്ങളിൽ നിന്നും അകൽച്ച പാലിച്ച് യഥാർത്ഥ പൗര കേന്ദ്രീകൃത ഭരണം നടത്താൻ നമുക്ക് സാധിച്ചിട്ടില്ല. എല്ലാവരും സ്വന്തം താല്പര്യത്തിനായി ഭരണത്തെ സ്വാധീനിക്കുന്നു. അപര നീതിക്കുവേണ്ടി പോരാടാൻ ഭരിക്കാൻ നാളിതുവരെ നമുക്ക് സാധിച്ചിട്ടില്ല. 75 വർഷ സ്വാതന്ത്ര്യത്തിന് ശേഷം ജനാധിപത്യ ഭാരതവും ജനാധിപത്യ പുരോഗമനചിന്താ കേരളവും പൗരൻമാരെ അടിമത്വത്തിൽ തന്നെ നിലനിർത്തിയിരിക്കുന്നു. ജനപ്രതിനിധികൾ/ഉദ്യോഗസ്ഥർ ഒക്കെ യജമന്മാരും

പൗരൻ/വോട്ടർ അടിമയുമായി നാം മുന്നോട്ട് പോകുന്നു. അടിമത്വത്തിന്റെ സുഖം അനുഭവിക്കുന്ന മനോഭാവമാണ് സാധാരണ മലയാളിയുടേത്. ജനാധിപത്യത്തിൽ വോട്ടവകാശം ഉള്ള പൗരന്മാരാണ് രാജാവ്. അതുകൊണ്ടുതന്നെ പൗരൻമാർക്ക് രാജഭാവമുണ്ടാകണം. രാജഭാവം ഉണ്ടായാൽ പെട്ടന്നുതന്നെ ദേവ (ദൈവ)ഭാവത്തിലെത്താം. ദേവഭാവത്തിലെത്തിയാലെ എന്തും ത്യജിക്കാനുള്ള , അപരനുവേണ്ടി നിൽക്കാനുള്ള, ആർത്തി ഒഴിവാക്കുന്ന മനോഭാവം ഉണ്ടാകൂ.


വിപ്ലവകരമായ പല നടപടികളും ഉണ്ടായ സംസ്ഥാനമാണ് കേരളം. അന്ന് മലയാളിക്ക് ശൗര്യമുണ്ടായിരുന്നു. ഇന്ന് എല്ലാവരും സൗഖ്യം തേടുന്നു. അപ്പോൾ ശൗര്യം ഇല്ലാതായി. സൗഖ്യം തേടുന്നതിനായി വേണമെങ്കിൽ അടിമത്വത്തിന്റെ സുഖം (ശിക്ഷ) അനുഭവിക്കാനും മലയാളി തയ്യാറാകുന്നു. അത് പൗരന്മാരെ യാചക മനോഭാവത്തിലേക്ക് നയിക്കും. പൗരൻമാർ യാചക മനോഭാവം കാട്ടിയാൽ അധികാരി (മന്ത്രി, ജനപ്രതിനിധി, ഉദ്യോഗസ്ഥർ) തസ്കര മനോഭാവം കാട്ടും.



## ഉപാധിരഹിത സർവ്വസ്വാതന്ത്ര്യ കൃഷി ഭൂമി കർഷക അവകാശം

കേരളത്തിലെ ഭൂമി നിയമങ്ങൾ കൂടുതൽ കൂടുതൽ സങ്കീർണമാകുകയാണ്. അഴിമതി ലക്ഷ്യമിട്ടു ചില ഉദ്യോഗസ്ഥർ തയാറാക്കുന്ന നിയമങ്ങളും ചട്ടങ്ങളും, പഠനങ്ങളും സംവാദങ്ങളും ചർച്ചകളുമില്ലാതെ, പാസ്സാക്കുന്ന ജോലിയാണ് കേരള നിയമസഭ നിർവഹിക്കുന്നത് എന്നതാണ് ചരിത്ര സത്യം. കേരള നിയമസഭ പാസ്സാക്കിയ നിയമത്തെ പോലും അത് ഭേദഗതി ചെയ്യാതെ ഉദ്യോഗസ്ഥ ഉത്തരവ് വഴി പരാജയപ്പെടുത്തുന്നതിനും നിരവധി ഉദാഹരണങ്ങൾ.

**1960 കൾക്കു ശേഷം സർക്കാർ പതിച്ചു നൽകിയ ഭൂമിയുടെ പട്ടയങ്ങൾ ഭൂമിയുടെ ഉടമസ്ഥത എന്ന സങ്കൽപം മാറി പാട്ടം എന്ന നിലയിലെത്തിക്കാനുള്ള ശ്രമങ്ങളും** അണിയറയിൽ നടക്കുന്നു. കേരള സംസ്ഥാനം രൂപം നൽകുന്നതിന് മുമ്പുതന്നെ ഭൂമിയിൽ നടന്നു വന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ മുൻകാല പ്രബല്യത്തോടെ നിയമവിരുദ്ധമാക്കുകയും അത് ക്രമവൽക്കരിക്കാൻ അഴിമതി നടത്തുക എന്ന ലക്ഷ്യത്തോടെ ജനപ്രതിനിധികളറിയാതെ നിയമസഭ നിയമം നിർമ്മിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. രാഷ്ട്രീയാടിസ്ഥാനത്തിലുള്ള തെറ്റായ പ്രചരണം ജനങ്ങളെ പ്രതിസന്ധിയിലാഴ്ത്തിയിരിക്കുന്നു. **കേരളത്തിലെ പശ്ചിമഘട്ടത്തിലെ 70% കർഷകരുടെ പൈതൃകമായി ലഭിച്ച ഭൂമിയും നിയമകുരുക്കിൽ പെടുത്തിയിരിക്കുന്നു. ഇതിനൊരു ശാശ്വത പരിഹാരമായി "ഉപാധിരഹിത സർവ്വസ്വാതന്ത്ര്യ ഭൂമി" എന്നത് കർഷകരുടെ അവകാശമാകണം**




## കേരള മോഡൽ മൃഗീയ ചൂഷണം

ഉയർന്ന ശമ്പളം വാങ്ങുന്ന സമ്പന്നന്റെ കൂടിയ വരുമാനം ആരും ചോദ്യം ചെയ്യാതിരിക്കാൻ വലിയ ശമ്പളക്കാരനെയും "കുറഞ്ഞ"ശമ്പളക്കാരനെയും ഒരേ തൊഴിലാളി യൂണിയനിൽ നിലനിർത്തി "കുറഞ്ഞ"ശമ്പളക്കാരനെ നിശബ്ദനാക്കുന്നു. പുറമെ കാണുന്നതുപോലെയല്ല കേരളം എന്നതാണ് സത്യം. **ലോകമെമ്പാടും കൊട്ടിഘോഷിക്കുന്ന കേരള മോഡൽ വികസനത്തിന് പിന്നിൽ കണ്ടെത്താവുന്നത് സംഘടിത ശക്തികളുടെ മൃഗീയ ചൂഷണമാണ്. ഉള്ളവൻ സമ്പത്ത് കൂട്ടുന്നു. അതിന് സംഘടനാ ശക്തി ദുരുപയോഗിക്കുന്നു. ഭരണകൂടം അത്തരം ചൂഷണങ്ങൾക്ക് കൂട്ടുനിൽക്കുന്നു.**

**കേരളത്തിലെ സാമ്പത്തിക ചിന്തകരും ഗവേഷകരും നയരൂപീകരണക്കാരും സംഘടിത മേഖലയിലെ ശമ്പളത്തിന്റെയോ പെൻഷന്റെയോ ഗുണഭോക്താക്കളാണ്.** അവരാരും ഇരിക്കുന്ന കൊമ്പ് മുറിച്ച് സത്യം തുറന്ന് പറയില്ല. അതിന് കർഷകപക്ഷ സാമ്പത്തിക വിദഗ്ധർ മുമ്പോട്ട് വരേണ്ടിയിരിക്കുന്നു.




## വന്യജീവി മനുഷ്യ കൊലപാതകങ്ങൾ - ആധുനിക നീറോ ചക്രവർത്തിമാർ

വനത്തിൽ മൃഗങ്ങൾ നിയന്ത്രണമില്ലാതെ പെരുകുന്നതും അവ വനത്തിന് പുറത്തേക്കു വ്യാപിക്കുന്നതും പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമാണെന്ന ചിന്തയും വന്യജീവി സംഘർഷത്തിൽ മൃഗങ്ങളുടെ ഭാഗത്താണ് ശരി എന്ന തെറ്റായ തീസീസ് മണ്ണിൽ കൈതൊടാത്ത, നഗരങ്ങളിൽ എയർകണ്ടീഷൻ മുറികളിൽ വസിക്കുന്ന കപട പരിസ്ഥിതി വാദികളും സംഘടനകളും കണക്കില്ലാതെത്തുന്ന വിദേശപണം ചിലവഴിച്ച് പ്രചരിപ്പിക്കുന്നു.

## കർഷക വിരുദ്ധ പരിസ്ഥിതി തീവ്രവാദം

കേരളത്തിൽ സമീപകാലത്തുണ്ടായ പരിസ്ഥിതി തീവ്രവാദം യഥാർത്ഥ പ്രകൃതി പുനസ്ഥാപകരായ കൃഷിയും കർഷകരും പരിസ്ഥിതി സന്തുലനം നഷ്ടപ്പെടുത്തുന്നവരാണെന്നും അവരുടെ "മനുഷ്യ സംസ്കാരത്തോളം പഴക്കമുള്ള" കാർഷികവൃത്തി തെറ്റാണെന്ന

ചിന്ത സമൂഹത്തിൽ പടർത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

സർക്കാർ നിയമപരമായി സംരക്ഷിക്കുന്ന വനത്തെക്കാൾ കൂടുതൽ വനാവരണം കൃഷിയിടത്തിൽ സൂക്ഷിക്കുന്ന പശ്ചിമഘട്ടത്തിലെ കേരള കർഷകർ വനം കയ്യേറ്റക്കാരും, പരിസ്ഥിതി വിരുദ്ധരുമായി തെറ്റായി മുദ്രകുത്തപ്പെടുകയും പൊതുസമൂഹത്തിൽ അത്തരമൊരു തെറ്റായ ചിന്ത ആത്യന്തികമായി പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഇതു തിരുത്തണം.




## പരിസ്ഥിതി സംരക്ഷണ വൈരുദ്ധ്യങ്ങൾ

പശ്ചിമഘട്ട ഭൂവിസ്തൃതിയുടെ 2% താഴെ മാത്രമുള്ള മലയോരത്തെ നിർമാണങ്ങൾ ലോകത്തിന്റെ കാലാവസ്ഥയെ സ്വാധീനിക്കുന്നു എന്ന തെറ്റായ പ്രചരണവും മലയോരത്തു കല്ല് പൊട്ടിക്കുന്നത് പ്രകൃതി വിരുദ്ധവും അതേ പശ്ചിമഘട്ടത്തിന്റെ എതിർവശത്തു മറ്റൊരു സംസ്ഥാനത്ത് പാറ തുരന്നു വലിയ ഭാരവാഹനങ്ങളിൽ അവ ഇവിടെ എത്തിക്കുന്നത് പ്രകൃതി സംരക്ഷണവും ആണെന്ന ഇരട്ടത്താപ്പും കേരളത്തിൽ പ്രചരിക്കുന്നു. വനങ്ങൾ മാത്രമാണ് ഭൂമിയിലെ ഓക്സിജൻ സന്തുലനം സാധ്യമാക്കുന്നത് എന്ന ചിന്തയും. **മലയോരത്തെ ജനസഞ്ചാരം നിയന്ത്രിച്ചു, കാർഷിക മേഖലയെ നിയന്ത്രിച്ചു, ജനസംഖ്യ കുറച്ചാൽ ആഗോളതാപനം കുറയുമെന്ന ചിന്തയും തെറ്റായ പരിസ്ഥിതി വാദത്തിന്റെ ഉല്പ്പന്നങ്ങളാണ്.**




## പരിസ്ഥിതി സംരക്ഷണ, വികസന മുന്നേറ്റത്തിൽ അന്യം നിന്നു പോകുന്ന ആദിവാസി ദളിത് വിഭാഗങ്ങൾ

ആദിവാസി, ദളിത് അവകാശ സംരക്ഷണത്തിനായി സൃഷ്ടിച്ച കേന്ദ്രസംസ്ഥാന നിയമങ്ങളെ നോക്കുകുത്തികളാക്കി വനാവകാശനിയമ സംരക്ഷണമുള്ള വിഭാഗങ്ങൾ വരെ കുടിയൊഴിപ്പിക്കപ്പെടുന്നു. വന്യജീവി ആക്രമണങ്ങൾക്കു വിധേയരാക്കുന്നു, **വാഗ്ദാനം ചെയ്ത ഭൂമി നൽകുന്നില്ലെന്നു മാത്രമല്ല നിലവിലെ ആവാസ മേഖലകളിൽ നിന്നും കുടിയൊഴിക്കപ്പെടുന്നു. ഇവരും ഒഴിവാക്കപ്പെട്ടവരുടെ പട്ടികയിലുള്ളവർ തന്നെ.**



## എന്തായിരിക്കാം പ്ലാൻ ബി?

ഐസക്കിന്റെ ബുദ്ധിയിലുദിച്ചതും ഇന്ന് കേന്ദ്ര സർക്കാർ കടത്തിന്റെ ഭാഗമാക്കിയ 'കിഫ്ബി/സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി' പോലെ എന്തെങ്കിലു തന്ത്രങ്ങളായിരിക്കുമോ? അറിയില്ല. പിന്നെ സംസ്ഥാനത്തിനുള്ള വരുമാന മാർഗ്ഗങ്ങൾ സംസ്ഥാന നികുതികളും മറ്റ് സർക്കാർ ഫീസുകളുമാണ്.

നിലവിൽ രാജ്യത്തെ മുൻനിര സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ നികുതി ഈടാക്കുന്ന സംസ്ഥാനം കേരളമാണ്. 2023-24 ലെ സംസ്ഥാന ധനവകുപ്പിന്റെ ബജറ്റ് ഇൻ ബ്രീഫ് പ്രകാരം സംസ്ഥാന നികുതികളുടെ ആളോഹരി അഖിലേന്ത്യാ ശരാശരി 13022 രൂപയാണെങ്കിൽ കേരളത്തിലെ ഓരോരുത്തരിൽ നിന്നും പ്രതിവർഷം പിരിക്കുന്നത് 20795 രൂപയാണ്.

രാജ്യത്ത് ഓരോ പൗരന്റെയുംമേൽ ഏറ്റവും കൂടുതൽ സംസ്ഥാന നികുതികൾ ഈടാക്കുന്ന സംസ്ഥാനം കേരളമാണ്. അടുത്ത ദിവസം കേരള സംസ്ഥാന ധനകാര്യ മന്ത്രി എടുത്തുപറഞ്ഞ ഒരു നേട്ടം ഏറ്റവും കൂടുതൽ ശമ്പളം സർക്കാർ ജീവനക്കാർക്കും/ അധ്യാപകർക്കും നൽകുന്ന സംസ്ഥാനം കേരളമാണെന്നാണ്.




## ദരിദ്രനെ കൊള്ളയടിക്കാൻ സെസ് / ഫീസ്

വൈദ്യുതി നിരക്കിലും ബസ് ചാർജ്ജിലും സാധാരണക്കാരായ ജനങ്ങളെ ചൂഷണം ചെയ്യുന്നതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നതും കേരളമാണ്. 250 യൂണിറ്റ് വൈദ്യുതിക്ക് തമിഴ്നാട്ടിൽ 405 രൂപാ. കേരളത്തിൽ 1292 രൂപാ. ഇനിയും നിരക്ക് കുത്തനെ കൂട്ടാനുള്ള നീക്കം അവസാന ഘട്ടത്തിലാണ്. രണ്ട് കിലോമീറ്റർ ഓർഡിനറി ബസ് യാത്രക്കൂലി തമിഴ്നാട്ടിൽ 5 രൂപാ. കേരളത്തിൽ 2.5 കി.മീ.ന് 10 രൂപാ. 2022-23 കാലഘട്ടത്തിൽ കേരളത്തിലെ 33406061 ജനങ്ങളിൽ ഓരോ വ്യക്തിയിൽ നിന്നും കേരള സർക്കാർ നികുതിയായി പിരിച്ചത് 20795 രൂപയാണ്. 365 ദിവസം ഉള്ള ഒരു

വർഷം പ്രതിദിനം 57 രൂപയാണ് ഓരോ പൗരനും (ജനിച്ചു വീണ കുട്ടി അടക്കം) സംസ്ഥാന സർക്കാരിലേക്ക് വിവിധ നികുതികളായി അടയ്ക്കുന്നത്.

കേരളത്തിന് തൊട്ടുതാഴെ നിൽക്കുന്നത് രാജ്യത്തെ വ്യവസായ വികസിത സംസ്ഥാനമായ മഹാരാഷ്ട്രയാണ്. ആളോഹരി സംസ്ഥാന നികുതി 20455 രൂപ മാത്രമാണ്. മൂന്നാം സ്ഥാനത്ത് നിൽക്കുന്നത് കർണ്ണാടകമാണ്. 18862 രൂപാ. നാലാം സ്ഥാനത്ത് നിൽക്കുന്നത് 18635 രൂപയുമായി തമിഴ്നാടും. അഞ്ചാം സ്ഥാനത്ത് ആന്ധ്രയും 17182 രൂപ, ആറാം സ്ഥാനത്ത് ഗുജറാത്തും 16969 രൂപാ, ഏഴാം സ്ഥാനത്ത പഞ്ചാബും 14930 രൂപാ. രാജ്യത്തെ ഏറ്റവും വലിയ സംസ്ഥാനമായ ഉത്തർപ്രദേശിൽ ഒരു പൗരൻ നൽകുന്ന നികുതി 9458 രൂപ മാത്രമാണ്. പശ്ചിമ ബംഗാളിൽ 8047 രൂപാ. ത്രിപുരയിൽ 6158 രൂപാ (രണ്ടും മുൻ മാർക്സിസ്റ്റ് ഭരണം). ദേശീയ ശരാശരി ആകട്ടെ 13022 രൂപാ മാത്രം. ചുരുക്കത്തിൽ നികുതി കൂട്ടി ഇനിയങ്ങോട്ട് കേരളത്തിന് പിടിച്ചു നിൽക്കാനാവില്ല. ഇനിയും നികുതി കൂട്ടിയാൽ ജനങ്ങൾ പ്രതികരിക്കും.




## പെൻഷൻ സോഷ്യലിസം

**പെൻഷൻ ചിലവായ 29459.83 കോടി രൂപയെ 727303 കൊണ്ട് ഹരിച്ചാൽ ഒരു പെൻഷൻകാരന്റെ ശരാശരി വാർഷിക പെൻഷൻ കിട്ടും. അത് 405055 രൂപയാണ്. പ്രതിമാസ ശരാശരി പെൻഷൻ 33755 രൂപാ. ഈ പെൻഷൻ 20,000 രൂപാ പരമാവധി എന്ന് നിജപ്പെടുത്തിയാൽ (1960കളിലെ വിപ്ലവ ഭൂപരിഷ്കരണ നിയമം പോലെ) പെൻഷൻ ചിലവ് 17455.27 കോടി രൂപാ ആയി കുറയും. ബാക്കി 12004.56 കോടി രൂപാ. വരുമാനാടിസ്ഥാനത്തിൽ ഏറ്റവും ദരിദ്രരായ 20 ലക്ഷം പേർക്ക് 5000 രൂപാ പ്രതിമാസ പെൻഷൻ നൽകാൻ വേണ്ടത് 12000 കോടി രൂപ മാത്രമാണ്.**

പെൻഷൻ 20,000 രൂപാ ആയി പരിമിതപ്പെടുത്തിയാൽ 20 ലക്ഷം പേർക്ക് പ്രതിമാസം 5000 രൂപാ പെൻഷൻ നൽകാനാകും.

കേരളത്തിലെ ആകെ പെൻഷൻകാർ

| | |
|---|---|
| സ്റ്റാറ്റ്യൂട്ടറി | – 549948 |
| പങ്കാളിത്ത പെൻഷൻ | – 177355 |
| ആകെ | – 727303 |

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻകാരുടെ ചിലവിങ്ങനെ

| വർഷം | രൂപാ കോടിയിൽ |
|---|---|
| 2022 - 23 | 26090.04 |
| 2023 - 24 | 25644.24 |
| 2024 - 25 (RE) | 27581.63 |
| 2025 - 26 (BE) | 29459.83 |

(അവലംബം: Budget in Brief 2025 – 26 Page A12)




## ദരിദ്രനെ കൊള്ളയടിച്ച ഭൂനികുതി

ജനങ്ങളുടെ മേൽ ഏറ്റവും കൂടുതൽ നികുതി ഭാരം അടിച്ചേൽപ്പിക്കുന്നതിൽ ഒന്നാം സ്ഥാനം ആർക്കും വിട്ടുകൊടുക്കാതെ ഇത്തവണയും കേരളം. എന്നാൽ നികുതി ഈടാക്കുന്നതിലെ സോഷ്യലിസം ഇത്തവണ എൽ.ഡി.എഫ്. ഒഴിവാക്കി. 6 അക്ക ശമ്പളം വാങ്ങുന്നവരെയും സമ്പന്നരെയും അതിസമ്പന്നരെയും അധിക നികുതി ഭാരത്തിൽ നിന്നൊഴിവാക്കി. ഇത്തവണ അധിക നികുതി 'ഭൂനികുതി' യായി അടിച്ചേൽപ്പിച്ചതോ ഉല്പാദന ചിലവ് പോലും കിട്ടാത്ത ദരിദ്ര കർഷകരുടെ മേൽ.



## വിപ്ലവം ഗ്രാമസഭയിലൂടെ

1993 ൽ പാർലമെന്റ് പാസ്സാക്കിയ 73, 74 ഭരണഘടന ഭേദഗതികളിലൂടെ നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്കൊപ്പം ഭരണഘടനാ പദവി ലഭിച്ചിട്ടുണ്ട്. ഇക്കാര്യം ആവർത്തിച്ച് വ്യക്തമാക്കിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി നിരവധി വിധിന്യായങ്ങൾ പാസ്സാക്കിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളായ പഞ്ചായത്തുകളെയും മിനിസിപ്പാലിറ്റികളെയും മുനിസിപ്പൽ

കോർപ്പറേഷനുകളെയും പ്രാദേശിക സർക്കാർ എന്നാണ് പുനർനാമകരണം ചെയ്തിട്ടുള്ളത്. അതിനനുസൃതമായി അവയ്ക്ക് വിപുലമായ ചുമതലകളും ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നതിനുള്ള അധികാരങ്ങളും വരുമാന സ്രോതസ്സുകളും നിയമപരമായിത്തന്നെ നൽകിയിട്ടുണ്ട്. മുമ്പ്, സംസ്ഥാന സർക്കാരിന്റെ ഭരണത്തിൻ കീഴിലായിരുന്ന ഒട്ടനവധി സ്ഥാപനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കേരള സർക്കാർ കൈമാറി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേരള സർക്കാർ രാജ്യത്തിനൊട്ടാകെ മാതൃകയാണെന്ന് അഭിമാനപൂർവ്വം പറയാൻ കഴിയും. മറ്റു സംസ്ഥാന സർക്കാരുകൾ കേരള മാതൃക പിൻതുടരാൻ ശ്രമങ്ങൾ നടത്തുന്നുണ്ട്.

സംസ്ഥാന സർക്കാരിന്റെ ഭരണം സുതാര്യവും കാര്യക്ഷമവും ജനോപകാരപ്രദവുമാണെന്ന് ഉറപ്പു വരുത്തുന്നതിനും ഒപ്പം, നിയമനിർമ്മാണം നടത്തുന്നതിനുമാണല്ലോ ഭരണഘടന നിയമനിർമ്മാണസഭകൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ കാര്യത്തിൽ അക്കാര്യം നിർവ്വഹിക്കുന്നത് പാർലമെന്റാണ് എന്നും നമുക്കറിയാം. പ്രാദേശിക സർക്കാരുകളായ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും സുതാര്യമായും കാര്യക്ഷമതയോടെയും ജനോപകാരപ്രദമായും ഭരണം നടത്തുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനുള്ള അധികാരം ഭരണഘടന വോട്ടർമാർക്ക് നൽകിയിട്ടുണ്ട്. അധികാരം ഏറ്റവും ഫലപ്രദമായി നിറവേറ്റപ്പെടുന്നതിനുവേണ്ടി ഓരോ വാർഡിലെയും വോട്ടർമാരെ ഒരു യൂണിറ്റായി കരുതിക്കൊണ്ട് ആ യൂണിറ്റിന് നൽകിയിരിക്കുകയാണ്. പഞ്ചായത്തുകളിൽ അത് ഗ്രാമസഭയും മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളിലും അത് വാർഡ് സഭയുമാണ്. കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളിൽ വാർഡുസഭയ്ക്കു പുറമേ ഒരു വാർഡ് കമ്മിറ്റിയ്ക്കു കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്, ഭരണഘടന.

പഞ്ചായത്തുകളിലെ ഗ്രാമസഭയേയും മുനിസിപ്പാലിറ്റിയിലെയും മുനിസിപ്പൽ കോർപ്പറേഷനിലെയും വാർഡ് സഭാ-വാർഡ് കമ്മിറ്റി സംവിധാനത്തേയും ജനപങ്കാളിത്തം കൊണ്ട് സജീവമാക്കി ശാക്തീകരിക്കുന്നതിനുള്ളതാണ് പഞ്ചായത്തീരാജ് പ്രസ്ഥാനം. ആ ലക്ഷ്യം നേടാൻ ആദ്യം വേണ്ടത് വോട്ടർമാർ അറിവ് നേടുകയാണ്. അറിവാണ് ശക്തി എന്ന് പഠിപ്പിച്ചിട്ടുള്ള ആചാര്യന്മാർ അനവധിയാണല്ലോ.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ, അധികാരങ്ങൾ, വരുമാന സ്രോതസ്സുകൾ, ഭരണ സംവിധാനം, ഗ്രാമസഭയുടെയും വാർഡ് സഭാ-വാർഡ് കമ്മിറ്റി സംവിധാനത്തിന്റെയും അധികാരങ്ങൾ, അവയുടെ യോഗം ചേരുന്നത് സംബന്ധിച്ച നിയമവ്യവസ്ഥകൾ, വോട്ടർമാർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളെ നിയമാനുസൃതം പ്രവർത്തിക്കുന്നതിന് ഗ്രാമസഭാ-വാർഡ് സഭാ സംവിധാനങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താം എന്നീ വിഷയങ്ങൾ വോട്ടർമാർ നിശ്ചയമായും അറിഞ്ഞിരിക്കണം.

ഓരോ സിവിൽ സമൂഹത്തിന്റെയും ഉയിർത്തെഴുന്നേൽപ്പിന് ആവശ്യമായ വിത്ത് കേരള സമൂഹത്തിൽ ഇപ്പോഴും അവശേഷിക്കുന്നുണ്ട്. അവ ഇനിയും കിളിർക്കുകയും വളരുകയും തളിർക്കുകയും പൂക്കുകയും ഫലദായകമാകുകയും ചെയ്യേണ്ടതുണ്ട്. ഓരോന്നുകൊണ്ടും സമൂഹത്തിന് ഉണ്ടാകാവുന്ന നേട്ടങ്ങളിൽ ചെറിയ ഒരംശം മാത്രമേ ഇപ്പോൾ അവയ്ക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളൂ. അതിനു കാരണം, നമ്മുടെ രാഷ്ട്രീയം സംശുദ്ധവും ലക്ഷ്യോന്മുഖവും അല്ലെന്നതാണ്. രാഷ്ട്രീയവും ഭരണവും സംശുദ്ധവും ലക്ഷ്യോന്മുഖ വുമായാൽ അവയിൽ ഓരോന്നിനും പതിന്മടങ്ങ് നേട്ടങ്ങൾ ജനങ്ങൾക്കു സംഭാവന ചെയ്യാൻ കഴിയും. അങ്ങനെ ഒരുനാൾ നാമൊക്കെ ജീവിച്ചിരിക്കുമ്പോൾ തന്നെ കേരളത്തിൽ വിരിയുമെന്നു നമുക്കു പ്രതീക്ഷിക്കാം.



## ഗ്രാമസഭ എന്നാലെന്ത്?

ഭരണഘടന അംഗീകരിച്ചിട്ടുള്ള ജനങ്ങളുടെ വേദിയാണ് ഗ്രാമസഭ/വാർഡ് സഭ. കേരള പഞ്ചായത്ത് രാജ് നിയമം ഗ്രാമസഭകൾക്ക് വിപുലമായ അധികാരാവകാശങ്ങൾ വ്യവസ്ഥ ചെയ്യുന്നു. ഒരു പഞ്ചായത്തിന്റെ ഓരോ നിയോജകമണ്ഡലവും ഒരു വാർഡ് ആണ്. ഓരോ നിയോജക മണ്ഡലത്തിലേയും (വാർഡ്) വോട്ടർ പട്ടികയിൽ പേരുള്ള എല്ലാവരും ഉൾപ്പെടുന്നതാണ് ഗ്രാമസഭ.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3, 3എ, 3ബി എന്നിവ യഥാക്രമം ഗ്രാമസഭയുടെ ഘടന, അധികാരങ്ങൾ, ഉത്തരവാദിത്തങ്ങൾ എന്നിവ വിശദമാക്കുന്നു.

## ഗ്രാമസഭ മെമ്പർ ആരാണ്?


പഞ്ചായത്തിലെ ഒരു വാർഡിലെവോട്ടർ ആ വാർഡിലെ ഗ്രാമസഭാ മെമ്പറാണ്. അതായത് ഒരു വാർഡിലെ വോട്ടർപട്ടികയിൽ പേരുള്ള എല്ലാ ആളുകളും ആ വാർഡിലെ ഗ്രാമസഭാ മെമ്പർമാരാണ്.

## ആ ഗ്രാമസഭ സംഘടിപ്പിക്കേണ്ടത് ആരാണ്?

ഗ്രാമസഭ സംഘടിപ്പിക്കേണ്ടത് കൺവീനറാണ്. വാർഡ് മെമ്പറാണ് ഗ്രാമസഭയുടെ കൺവീനർ. എന്നാൽ ഒരു കൺവീനർക്ക് തന്റെ കടമകൾ നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യം വന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷന്, തൊട്ടടുത്തുള്ള ഒരു വാർഡിലെ മെമ്പറെ ആ വാർഡിലെ ഗ്രാമസഭയുടെ കൺവീനറായി ചുമതലപ്പെടുത്താവുന്നതാണ്.

## ആരാണ് ഗ്രാമസഭാ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടത്?

ഗ്രാമസഭ യോഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആണ് അദ്ധ്യക്ഷത വഹിക്കേണ്ടത്. പ്രസിഡന്റിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് പ്രസിഡന്റോ രണ്ടുപേരുടേയും അസാന്നിദ്ധ്യത്തിൽ കൺവീനറോ അദ്ധ്യക്ഷത വഹിക്കണം.




## ഗ്രാമസഭ യോഗങ്ങൾ

- കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും നിശ്ചയിക്കുന്ന സ്ഥലത്ത് ഗ്രാമസഭാ യോഗം ചേരണം.
- ഓരോ ഗ്രാമസഭാ യോഗത്തിലും ചർച്ച ചെയ്യേണ്ട അജണ്ട, പ്രസിഡന്റുമായി കൂടിയാലോചിച്ച് സെക്രട്ടറി തയ്യാറാക്കണം.
- യോഗങ്ങൾ വിളിച്ച് ചേർക്കേണ്ട ഉത്തരവാദിത്തം കൺവീനർ കൂടിയായ വാർഡ് മെമ്പറിൽ നിക്ഷിപ്തമാണ്.
- ഗ്രാമസഭയിൽ അംഗങ്ങളായിട്ടുള്ള മുഴുവൻ പേർക്കും യോഗ അറിയിപ്പ് നൽകേണ്ടതാണ്. യോഗ അറിയിപ്പിൽ യോഗസ്ഥലം, തിയ്യതി, സമയം, അജണ്ട എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ പ്രസ്തുത യോഗത്തിലേക്ക് ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് - ജില്ലാ പഞ്ചായത്ത് മെമ്പർമാരേയും എം.എൽ.എ, എം.പി. എന്നിവരേയും കൺവീനർ ക്ഷണിക്കേണ്ടതാണ്.
- രാവിലെ 8 നും വൈകിട്ട് 6 നും മദ്ധ്യേയാണ് ഗ്രാമസഭ യോഗം ചേരേണ്ടത്.
- ഗ്രാമസഭയുടെ ക്വാറം ആകെ വോട്ടർമാരുടെ 10 ശതമാനം ആണ്. എന്നാൽ ക്വാറം തികയാതെ മാറ്റിവച്ച് വീണ്ടും ചേരുമ്പോൾ അപ്രകാരമുള്ള യോഗത്തിന്റെ ക്വാറം 50 പേരാണ്.
- ഒരു വാർഡിലെ വോട്ടർമാരിൽ 10 ശതമാനത്തിൽ കുറയാത്ത എണ്ണം വോട്ടർമാർ രേഖാമൂലം ആവശ്യപ്പെട്ടാൽ ഗ്രാമസഭയുടെ ഒരു പ്രത്യേക യോഗം 15 ദിവസത്തിനകം കൺവീനർ വിളിച്ച് കൂട്ടേണ്ടതാണ്.
- പ്രസിഡന്റ് ആവശ്യപ്പെടുന്നതനുസരിച്ച് തദ്ദേശഭരണ സ്ഥാപന ഓഫീസിലെയും തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങളിലേയും ഏതൊരു ഉദ്യോഗസ്ഥനും ഗ്രാമസ യുടെ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.



## ഗ്രാമസഭാ സംഘാടനം

- ഗ്രാമപഞ്ചായത്ത് തീരുമാനിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ഗ്രാമസഭയുടെ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കേണ്ടതാണ്. ഗ്രാമസഭയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും കൺവീനറെ കോ-ഓർ ഡിനേറ്റർ സഹായിക്കേണ്ടതാണ്.
- വോട്ടർമാർക്ക് മിനിറ്റ്സിൽ ഒപ്പിടാവുന്നതാണ്. പകർപ്പ് ആവശ്യപ്പെടാവുന്നതാണ്. മിനിറ്റ്സ് തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ട ചുമതല കോ-ഓർഡിനേറ്റർക്കാണ്. മിനിറ്റ്സ്, തീരുമാനങ്ങൾ, ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവ യോഗത്തിന്റെ പിറ്റേ ദിവസം കോ-ഓർഡിനേറ്റർ പഞ്ചായത്ത് സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്.
- ഗ്രാമസഭാ യോഗത്തിന്റെ മിനിറ്റ്സും തീരുമാനങ്ങളും യോഗസ്ഥലത്ത് വെച്ച് തന്നെ എഴുതി പൂർത്തീകരിക്കേണ്ടതും തീരുമാനങ്ങൾ യോഗാവസാനം അംഗങ്ങളെ വായിച്ച് കേൾപ്പിക്കേണ്ടതുമാണ്.
- ഗ്രാമസഭാ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് വേണ്ടി വാർഡിൽ നിന്നും ഫെസിലിറ്റേറ്റർമാരെ കണ്ടെത്തി ചുമതല നൽകേണ്ടതാണ്. വിഷയാവതരണം നടത്തുന്നതിനും ഗ്രൂപ്പ് ചർച്ചകൾക്ക് നേതൃത്വം നൽകുന്നതിനും സംഘാടനത്തിനും ഇവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.
- ഗ്രാമസഭകൾക്ക് ഏതെങ്കിലും പദ്ധതിയോ തീരുമാനമോ പൊതുവായോ പ്രത്യേകമായോ നടപ്പാക്കുന്നതിനായി അതിനെ സഹായിക്കുന്നതിലേക്കും അതിന്റെ അവകാശങ്ങളും ചുമതലകളും നിറവേറ്റുന്നതിലേക്കുമായി 10 ൽ കുറയാത്ത അംഗങ്ങളുള്ള ഒരു സബ്കമ്മറ്റി രൂപീകരിക്കാവുന്നതാണ്.

## ഗ്രാമസഭാ യോഗങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും ചിട്ടയായും നടത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- വാർഡ്തലത്തിൽ ഓരോ തവണയും സംഘാടകസമിതി രൂപീകരിച്ച് പ്രചാരണ-സംഘാടന പ്രവർത്തനങ്ങൾ നടത്തണം.
- യോഗത്തിന്റെ ഏഴ് ദിവസം മുമ്പെങ്കിലും വീടുകളിൽ നോട്ടീസ് നൽകി ഒപ്പിട്ട് വാങ്ങണം. നോട്ടീസിൽ ഇനം തിരിച്ചുള്ള അജണ്ട കാണിച്ചിരിക്കണം.
- സാധ്യമാകുന്ന എല്ലാ രീതികളിലും പ്രചാരണം നടത്തണം - സ്ക്വാഡ്, ബാനർ, നോട്ടീസ്, പോസ്റ്റർ, സ്കൂൾ അസംബ്ലി, അനൗൺസ്മെന്റ് മുതലായവ.

## പ്രധാന അജണ്ടകൾ

- വർഷാരംഭത്തിൽ ചേരുന്ന ആദ്യ ഗ്രാമസഭയിൽ വാർഷിക കണക്കുകളും റിപ്പോർട്ടുകളും പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ടും അവതരിപ്പിക്കണം.
- പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭയിൽ മുൻവർഷ പദ്ധതി അവലോകനം, പ്രോജക്ടുകളുടെ വരവ്-ചെലവ് കണക്കുകൾ എന്നിവയും തയ്യാറാക്കാൻ പോകുന്ന പദ്ധതിയുടെ ഫണ്ട് വിശദാംശങ്ങളും പ്രോജക്ട് വിശദാംശങ്ങളും നൽകണം.
- ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനായി ചേരുന്ന ഗ്രാമസഭയിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പിനുള്ള അർഹതാ-മുൻഗണനാ മാനദണ്ഡങ്ങളും അപേക്ഷകരെ സംബന്ധിച്ച വിശദാംശങ്ങളും നൽകണം.
- ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യണം.

## ചോദ്യങ്ങൾ, നിർദ്ദേശങ്ങൾ, പ്രമേയങ്ങൾ

- ഗ്രാമസഭയിൽ പരിഗണിക്കേണ്ട ചോദ്യങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ യോഗത്തിന് മുമ്പോ യോഗം നടക്കുമ്പോഴോ എഴുതി സമർപ്പിക്കുവാൻ അംഗങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.
- ഗ്രാമസഭയുടെ അധികാരപരിധിയിൽപ്പെട്ട ഏതു പ്രശ്നത്തെക്കുറിച്ചും അതിന്റെ യോഗത്തിൽ ഭൂരിപക്ഷ അടിസ്ഥാനത്തിൽ പ്രമേയം പാസ്സാക്കാവുന്നതാണ്. ഗ്രാമസഭയുടെ ശുപാർശകൾക്കും നിർദ്ദേശങ്ങൾക്കും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ അർഹമായ പരിഗണന നൽകേണ്ടതാണ്.



## ഗ്രാമസഭാ യോഗവും മെമ്പറുടെ അയോഗ്യതയും

ഗ്രാമസഭയുടെ യോഗം മൂന്ന് മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ മൂന്നു തവണ തുടർച്ചയായി വീഴ്ച വരുത്തിയാൽ ആ വാർഡ് മെമ്പറുടെ സ്ഥാനം നഷ്ടപ്പെടുന്നതാണ്.

## ഗ്രാമസഭയുടെ അധികാരങ്ങൾ, ചുമതലകൾ

**1. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവയുമായി ബന്ധപ്പെട്ടവ**

a. വികസന പരിപാടികളുടെ നിർദ്ദേശങ്ങൾ തയ്യാറാക്കുവാനും പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കുവാനും അവകാശമുണ്ട്.

b. നടപ്പാക്കുന്ന വികസന-സേവന-ക്ഷേമ പരിപാടികൾ പരിശോധിക്കുവാനും വിലയിരുത്തുവാനും കാര്യക്ഷമത ഉറപ്പുവരുത്തുവാനും അവകാശമുണ്ട്.

**2. പൊതു സൗകര്യങ്ങളുമായി ബന്ധപ്പെട്ടവ**

a. തെരുവ് വിളക്കുകൾ, പൊതു വാട്ടർ ടാപ്പുകൾ, പൊതു കിണറുകൾ, പൊതു കുളങ്ങൾ, പൊതുസാനിറ്റേഷൻ യൂണിറ്റുകൾ, പൊതു ജലസേചന സൗകര്യങ്ങൾ, മറ്റ് പൊതു സൗകര്യ പദ്ധതികൾ എന്നിവ എവിടെ വേണമെന്ന് നിശ്ചയിക്കുവാൻ അവകാശമുണ്ട്.

**3. മരാമത്ത് പണികളുമായി ബന്ധപ്പെട്ടവ**

a. ഗ്രാമസഭാ പ്രദേശത്ത് നടപ്പാക്കാനുദ്ദേശിക്കുന്നതോ നടപ്പിലാക്കിയതോ ആയ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, സാധനസാമഗ്രികളുടെ കണക്ക്, ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ എന്നിവ അറിയാൻ അവകാശമുണ്ട്.

**4. ഗുണഭോക്താക്കളുടെ അർഹതാപരിശോധന, തിരഞ്ഞെടുക്കൽ**

a. വികസന-ക്ഷേമ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് മുൻഗണന നിശ്ചയിക്കാനുള്ള അധികാരം ഗ്രാമസഭക്കാണ്. ഗ്രാമസഭ നിശ്ചയിച്ച മുൻഗണനാക്രമം ഗ്രാമപഞ്ചായത്ത് മാറ്റം വരുത്തുവാൻ പാടില്ല.

b. വിവിധ പെൻഷനുകൾ ലഭിക്കുന്നവർ, ബി.പി.എൽ. കുടുംബമായി തിരഞ്ഞെടുക്കപ്പെട്ടവർ, ആശ്രയ ഗുണഭോക്താക്കൾ, പൊതുവിതരണ സംവിധാനത്തിൽ പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കുന്നവർ, വിവിധ വികസന പരിപാടികളുടെ ഗുണഭാക്താക്കളായി തിരഞ്ഞെടുക്ക പ്പെട്ടവർ ആരൊക്കെ ആണെന്നറിയാൻ ഗ്രാമസഭക്ക് അവകാശമുണ്ട്. അതുകൊണ്ട്, ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ട് ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന വരുടെ ലിസ്റ്റ് എല്ലാ വർഷവും ഗ്രാമസഭയിൽ വയ്ക്കേണ്ടതാണ്.

**5. ഉദ്യോഗസ്ഥരുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനം സംബന്ധിച്ച്**

a. ഉദ്യോഗസ്ഥരുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനം പരിശോധിക്കാനും വിലയിരുത്താനും നിർദ്ദേശം നൽകാനും ഗ്രാമസഭയ്ക്ക് അധികാരമുണ്ട്.

**6. വരവ്-ചെലവ് കണക്ക് സംബന്ധിച്ച്**

a. ബജറ്റ് വിവരങ്ങൾ, ഫണ്ടുകളുടെ ഇനം തിരിച്ചുള്ള വരവ്-ചെലവ് വിശദാംശങ്ങൾ, പ്രോജക്റ്റുകളുടെ ചെലവ് കണക്കുകൾ, ഭരണച്ചെലവുകൾ എന്നിവ അറിയാൻ അവകാശമുണ്ട്.

b. ഓഡിറ്റ് റിപ്പോർട്ടുകൾ അറിയാൻ അവകാശമുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ/ വാർഡ് സഭയിൽ വയ്ക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമാണ്.

**7. സോഷ്യൽ ഓഡിറ്റ്**

a. തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ, സോഷ്യൽ ഓഡിറ്റ് ചെയ്യാവുന്നതാണ്. അതിനായി സോഷ്യൽ ഓഡിറ്റ് ടീമിനെ ഗ്രാമസഭക്ക് നിയോഗിക്കാവുന്നതാണ്.

**8. ഗ്രാമസഭാ തീരുമാനങ്ങളുമായി ബന്ധപ്പെട്ടവ**

a. ഗ്രാമസഭ/ വാർഡ് സഭ തീരുമാനങ്ങളിൽ തദ്ദേശഭരണ സ്ഥാപനം എടുത്ത തുടർ നടപടികൾ അറിയാനും, നടപ്പാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം അറിയാനും അവകാശമുണ്ട്.





## സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ സ്ഥാപനങ്ങളിലൂടെയും അതിലെ ഉദ്യോഗസ്ഥരിലൂടെയും ആണ് ചുമതലകൾ നിറവേറ്റുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന്റെ നിദാനം അവയുടെ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ മാനേജ്മെന്റും അതിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമമായ പ്രവർത്തനവുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനുള്ളിലെ ഉദ്യോഗസ്ഥരെ മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപന ജീവനക്കാരായി സാധാരണ കണക്കാക്കുന്നത്. എന്നാൽ പഞ്ചായത്തി രാജ്/ മുനിസിപ്പൽ സംവിധാ നത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ ജീവനക്കാരും സ്ഥാപനങ്ങളും ഘടക സ്ഥാപനങ്ങളെന്ന നിലയിൽ ഇന്ന് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ കീഴിലും നിയന്ത്രണത്തിലുമാണ്.




## "സാമൂഹികാധികാരം സമൂഹത്തിന് സഹകരണം വഴി സമഗ്രപുരോഗതി"

ജനാധിപത്യത്തിന് പുതിയൊരു ഉണർവ്വേകാൻ ജാതി മത വർഗ്ഗ കക്ഷി രാഷ്ട്രീയം ഇല്ലാത്ത എന്നാൽ എല്ലാവർക്കും എല്ലായ്പ്പോഴും സുരക്ഷിതത്വം നൽകുന്ന സംഘടനയിലും പ്രവർത്തനങ്ങളിലും ഒരു വാർഡിൽത്തന്നെ പൂർണ്ണമാകുന്ന ഒരു സ്വയംപര്യാപ്ത സമൂഹം എന്ന ഒരു പുത്തൻ വ്യവസ്ഥിതിയിലേയ്ക്ക് ഒരു കാൽവയ്പ് നടത്താനാകുമോ ?

സാമൂഹിക അറിവിനായി, അറിവിന്റെ നേട്ടങ്ങൾക്കായി, സാമ്പത്തിക സുരക്ഷയ്ക്കായി സാമൂഹിക സുരക്ഷയ്ക്ക് വേണ്ടി കൃഷിക്കാരുടെ ഗവൺമെന്റ്. അഴിമതിക്കെതിരെ പ്രതികരിക്കുവാനായി പ്രതികരണശേഷിയുള്ള ഒരു പുത്തൻ തലമുറക്കുവേണ്ടി തുറന്നമനസ്സോടെ ഒരു മാറ്റത്തിന് തയ്യാറാകാം.

കഴിവുകൾ ഉണ്ടായിട്ടും രാപ്പകൽ അദ്ധ്വാനിച്ചിട്ടും ഉല്പാദന ചിലവിന് അനുസരിച്ചുള്ള വിലപോലും ഭൂരിഭാഗം സമയത്തും കിട്ടാതെ എന്നും ദാരിദ്ര്യത്തിൽ കഴിയുവാൻ മാത്രം വിധിക്കപ്പെട്ട ഭൂരിപക്ഷ കർഷകർ.

അവർ കൃഷിക്കാരാകട്ടെ, ചെറുകിട കച്ചവടക്കാർ ആകട്ടെ, ഓട്ടോ തൊഴിലാളികളാകട്ടെ, ടാക്സി ഡ്രൈവേഴ്സാകട്ടെ, തൊഴിലാളികളാകട്ടെ, കടലിന്റെ മക്കളാകട്ടെ, ആരുമാകട്ടെ.

ഗവ. ജോലികൾ ഏവർക്കും പറഞ്ഞിട്ടില്ല. എന്നാൽ കയ്യുംമെയ്യും മറന്ന് അദ്ധ്വാനിച്ച കൃഷിക്കാരന് യാതൊരുവിധ നീതിയും ഒരിടത്തുനിന്നും ലഭിക്കുന്നില്ല. ബ്യൂറോക്രസിയുടെ ഇടപെടലുകളിൽ അവർ വീർപ്പുമുട്ടുകയാണ്.

ഗവൺമെന്റുകൾ മാറിമാറി വന്നിട്ടും സംഘടിതശക്തികളുടെ കീഴിൽ നമ്മൾ ഞെരിഞ്ഞമരുകയാണ്.. കൃഷിക്കാരന് സംഘടിക്കാൻ അറിയില്ല. തന്നെയുമല്ല സംഘടിക്കുവാൻ വരുന്നവരെ ജാതിരാഷ്ട്രീയവും സമുദായരാഷ്ട്രീയവും കളിച്ച് കൃഷിക്കാരനെ തുണ്ടംതുണ്ടമാക്കും.

ഇതിനെല്ലാം ഉള്ള ഒരു പ്രതിവിധിയാണ് ഉരുത്തിരിയേണ്ടത്.




1. ഒരു പുതിയ വ്യവസ്ഥിതി സൃഷ്ടിക്കുന്നു.
2. വാർഡ് തലത്തിൽ മാത്രം പ്രവർത്തിക്കുന്നു.
3. ശക്തമായ ഒരു ഭരണഘടന ഉണ്ടാകുന്നു.
4. എല്ലാ വാർഡുകളിലും നമ്മൾ വിജയിക്കുന്നു. അതിനുള്ള ശക്തി നമ്മൾക്കുണ്ട്.
5. അവരവരുടെ വാർഡുകൾ വിട്ട് ഒരിടത്തും നമ്മൾ പോകണ്ട.
6. ഈ വ്യവസ്ഥിതിയിൽ ഗ്രാമസഭകൾ മുഴവനും നമ്മുടേതായി മാറുന്നു.
7. നമ്മുടെ മെമ്പറെ തിരഞ്ഞെടുക്കുവാനും തിരിച്ചുവിളിക്കാനും നമ്മൾക്കാവുന്നു.

ഭൂരിപക്ഷത്തിന്റെ അഭിപ്രായങ്ങൾക്ക് പുല്ലുവില. സംഘടിത ശക്തികൾ അവർക്കുവേണ്ടി എന്തും നേടിയെടുക്കുന്നു. ജനങ്ങൾ ചിതറികിടക്കുന്നു. ഒരാശയും പ്രത്യാശയും ഇല്ലാത്ത വിലാപങ്ങൾ! ഭരണപ്രതിപക്ഷങ്ങൾ ബ്യൂറോക്രസിയുടെ തട്ടകത്തിൽ ഒന്നുംചെയ്യാൻ സാധിക്കാതിരിക്കുന്നു.

വിയർപ്പൊഴുക്കുന്ന അദ്ധ്വാനിക്കുന്ന ചോരനീരാക്കുന്ന കർഷക മക്കൾ, മടങ്ങിവരുന്ന പ്രവാസികൾ, കടലിന്റെ മക്കൾ, ദളിതരും, പാർശ്വവൽക്കരിക്കപ്പെട്ടവരും, ഒഴിവാക്കപ്പെട്ടവരും ഒത്തുചേർന്ന് ഒരു ചെറിയ വലിയ മാറ്റത്തിലൂടെ ഈ സമൂഹത്തെ പുനരുദ്ധരിക്കാൻ സ്വന്തമായി ഗവൺമെന്റ് ഉണ്ടാക്കുവാൻ സാധിക്കില്ല.?

ഇതിനുവേണ്ടി വാർഡ് വിട്ടുപോകേണ്ട. പഞ്ചായത്ത്

വാർഡുകൾ, മുനിസിപ്പൽ വാർഡുകൾ തുടങ്ങിയവല്ലൊം ഓരോ പുതിയ, സമൂഹമായി മാറുന്നു. ഇവിടെ ജാതിയില്ല, മതമില്ല, വർഗ്ഗീയതയില്ല, വർണ്ണമില്ല. മനുഷ്യൻ മാത്രം. എല്ലാ സമുദായങ്ങളും ആദരിച്ചുകൊണ്ട് ഏവരുടേയും ആഘോഷങ്ങൾ ഏറ്റെടുത്ത് നടത്തിക്കൊണ്ട് മുന്നേറുന്ന ചെറിയ സമൂഹങ്ങൾ. സമൂഹത്തിന്റെ അധികാരം എപ്പോഴും രാഷ്ട്രീയ അധികാരത്തിനും സമുദായ അധികാരത്തിനും മുകളിലായിരിക്കണം എന്ന ഉയർന്ന ചിന്തയിൽ.

കേരള ജനത അതിബുദ്ധിമാൻമാരാണന്ന് അഭിമാനിക്കുന്ന ജനതയാണ്. കർഷകർ അദ്ധ്വാനശീലരാണ്. കാർഷിക മേഖല തകർന്നടിഞ്ഞതോടുകൂടി കർഷക മക്കൾ ജീവിക്കുവാൻവേണ്ടി വിദേശരാജ്യങ്ങളിലേയ്ക്ക് ചേക്കേറി. എവിടെ പോയാലും അദ്ധ്വാനിക്കുവാൻ തയ്യാറുള്ളവരാണ് കേരളമക്കൾ.


കുടുംബം ഒരു സമൂഹത്തിലെ അടിസ്ഥാന യൂണിറ്റ്. ഇത് സംരക്ഷിക്കേണ്ടത് അവിടുത്തെ സമൂഹവും സ്റ്റേറ്റും ആണ്.

ഒരു പ്രദേശത്തെ ആൾക്കാരുടെ ജീവിതരീതികളും വിശ്വാസവും സമ്പ്രദായങ്ങളും എല്ലാം കൂടിച്ചേരുന്നതാണ് ഒരു സമൂഹം. നമ്മൾ ലക്ഷ്യം വയ്ക്കുന്നത് സാമൂഹിക അധികാരം ആണ്. രാഷ്ട്രീയ അധികാരത്തെക്കാളും സാമുദായിക അധികാരത്തെക്കാളും വളരെ വലുതാണ് സാമൂഹിക അധികാരം.



സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ വാർഡുകളിൽ ഭരണം ശുദ്ധമായ ജനാധിപത്യത്തിലൂടെ ആണ് നടത്തപ്പെടേണ്ടത്. അതായത് നമ്മളെ സേവിക്കാനുള്ള ജനപ്രതിനിധികളെ നമ്മൾതന്നെ നേരിട്ട് തെരഞ്ഞെടുക്കുകയും അവരെ തങ്ങൾതന്നെ നിയന്ത്രിക്കുകയും നിലനിർത്തുകയും ചെയ്യുന്നു. ഈ വ്യവസ്ഥിതിയിൽ സാമൂഹിക അധികാരം കൈയ്യാളുന്ന ജനങ്ങളുടെ കൂട്ടായ്മയാണ് സമൂഹത്തെ സേവിക്കാനുള്ള ജനപ്രതിനിധികളെ തെരഞ്ഞെടുക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. ഈ ജനപ്രതിനിധികളുടെ പ്രവർത്തനം ജനങ്ങൾ നേരിട്ട് നിയന്ത്രിക്കുന്നു. ഇവർ സമൂഹത്തിന് അനഭിമതരാവുകയോ, സ്വേച്ഛാധിപത്യം കാണിക്കുകയോ ചെയ്താൽ അധികാര സ്ഥാനങ്ങളിൽ നിന്ന് അവരെ പിൻവലിച്ച് നിർവ്വീര്യമാക്കാനുള്ള അധികാരം എപ്പോഴും സമൂഹത്തിൽ നിക്ഷിപ്തമായിരിക്കും. അങ്ങനെ ജനങ്ങൾ സ്വയംഭരിക്കപ്പെടുന്ന ഒരു സമൂഹമായി തീരുന്നു. അതുവഴി ഇപ്പോഴുള്ള വ്യവസ്ഥിതി പാടേമാറുന്നു.

ഒരു പഞ്ചായത്തിലെ, ഒരു വാർഡിലെ ജനങ്ങളെ കക്ഷിരാഷ്ട്രീയത്തിന് അതീതമായി ഒന്നിപ്പിച്ച് പ്രസ്തുത വാർഡിന്റെ സമഗ്ര വികസനത്തിനായിട്ടുള്ള ജനങ്ങളുടെ കൂട്ടായ്മയാണ് ഉണ്ടാകേണ്ടത്. ജനങ്ങളുടെ സമ്മതിദാനാവകാശമാകുന്ന സാമൂഹിക അധികാരം ജനങ്ങളിൽ തന്നെ നിലനിർത്തിക്കൊണ്ട് വാർഡുകളുടെയും പഞ്ചായത്തുകളുടെയും സമഗ്രവികസനവും ഭരണസാരഥ്യവും ജനങ്ങളിൽതന്നെ എല്ലായ്പ്പോഴും നിക്ഷിപ്തമാക്കണം. ഇന്നത്തെ രാഷ്ട്രീയ അധികാരവും സാമുദായിക അധികാരവും ഈ കമ്മ്യൂണിറ്റിയുടെ അധികാരത്തിനുള്ളിൽ അന്തർലീനമായിരിക്കും. ജനങ്ങളിൽ അടങ്ങിയിരിക്കുന്ന സാമൂഹിക അധികാരത്തെ ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി പ്രയോഗിക്കുകയാണ് ഇവിടെ ചെയ്യുക. അതുവഴി രാഷ്ട്രീയ പാർട്ടികളുടെയും സാമുദായിക സംഘടനകളുടെയും പ്രസക്തി സമൂഹത്തിലെ അടിസ്ഥാന ജനവിഭാഗങ്ങളുടെ ഇടയിൽ നിന്ന് അപ്രത്യക്ഷമാകും. അതുവഴി ഇന്നത്തെ അന്ധമായ രാഷ്ട്രീയ കുടിപ്പകയും കൊലപാതകങ്ങളും സമൂഹത്തിൽ നിന്ന് തുടച്ചുനീക്കപ്പെടും.




ഒരു വാർഡിലെ ഭൂരിപക്ഷം വോട്ടർമാരെയും ബോധവൽക്കരിച്ച് ഈ ലക്ഷ്യത്തിനായി ഒത്തൊരുമിപ്പിക്കണം. അങ്ങനെ ആ വാർഡിന്റെ സാമൂഹിക അധികാരം ഭൂരിപക്ഷംവരുന്ന വോട്ടർമാരിലൂടെ നേടിയെടക്കുകയും ആ വാർഡിൽനിന്ന് കക്ഷിരാഷ്ട്രീയത്തെ തുടച്ചുനീക്കിക്കൊണ്ട് വാർഡിന്റെ സമഗ്രവികസനം കൂട്ടായ പ്രവർത്തനത്തിലൂടെ നേടിയെടുക്കുകയും വേണം.



ഒരു വാർഡിലെ ജനങ്ങൾ അതിന്റെ സംഘടനയിലും പ്രവർത്തനത്തിലും പൂർണ്ണമായിരിക്കും. ആ വാർഡിലെ ജനങ്ങൾ മാത്രമായിരിക്കും അതിലെ അംഗങ്ങൾ. ഈ അംഗങ്ങളിൽനിന്ന് മാത്രമായിരിക്കും ഭാരവാഹികൾ തിരഞ്ഞെടുക്കപ്പെടുക. ഈ അംഗങ്ങളിൽ നിന്ന് സമാഹരിക്കുന്ന ധനം മാത്രമായിരിക്കും പ്രവർത്തന മൂലധനം. ഇവർക്ക് സമാന രീതിയിലുള്ള മറ്റു വാർഡുകളിലെയോ പ്രദേശങ്ങളിലെയോ സമിതികളുമായി ഭരണപരമായ യാതൊരുവിധ ഇടപാടുകളോ ഇടപെടലുകളോ ഉണ്ടായിരിക്കുന്നതല്ല. വാർഡിലെ ജനങ്ങളുടെ ആവശ്യങ്ങൾ ജനങ്ങൾ തന്നെ നിശ്ചയിച്ച് , നേടിയെടുത്ത് ഈ വാർഡിൽത്തന്നെ നടപ്പാക്കും. അങ്ങനെ ജനങ്ങൾ സംഘടനയിലും പ്രവർത്തനങ്ങളിലും ഈ വാർഡിൽ തന്നെ പൂർണ്ണമായി തീരുന്നു. ഒരു സ്വയംപര്യാപ്ത സമൂഹമായി വളരുന്നു. അതിനായി നമുക്കോരോരുത്തർക്കും നേതാക്കളാകാം നമ്മുടെകൂടെയുള്ളവരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി സംഘടിപ്പിക്കാം.

# ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / ബ്ലോക്ക് / ജില്ലാപഞ്ചായത്ത് അധികാരങ്ങൾ










## ഗ്രാമ പഞ്ചായത്ത്

| | | |
|---|---|---|
| 1 | കൃഷിവകുപ്പ് | കൃഷിഭവനും അതിലെ ഉദ്യോഗസ്ഥരും |
| 2 | മൃഗ സംരക്ഷണ വകുപ്പ് | വെറ്ററിനറി സബ്സെന്റർ / വെറ്ററിനറി ഡിസ്പെൻസറി / ആശുപത്രിയും ഉദ്യോഗസ്ഥരും |
| 3 | മത്സ്യബന്ധന വകുപ്പ് | മത്സ്യഭവനും അതിലെ ഫിഷറീസ് സബ് ഇൻസ്പെക്ടർ തസ്തികയും |
| 4 | ഗ്രാമ വികസന വകുപ്പ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വി.ഇ.ഒ) / തസ്തികയും ഓഫീസുകളും |
| 5 | സാമൂഹിക നീതി വകുപ്പ് | അതതു സ്ഥലത്തെ ഡേ കെയർ സെന്ററുകളും അങ്കണവാടികളും അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും ഐ.സി.ഡി.എസ് സൂപ്പർവൈസർ അടക്കമുള്ള തസ്തികകളും |
| 6 | പട്ടികജാതി വികസനവകുപ്പ് | ബാലവാടികൾ, ബാലവാടി കം ഫീഡിംഗ് സെന്റർ, സീസണൽ, ഡേ കെയർ സെന്റർ, ഡോർമിറ്ററി |
| 7 | ആരോഗ്യ വകുപ്പ് | ഹെൽത്ത് സെന്റർ/ ഡിസ്പെൻസറി, സബ് സെന്ററുകൾ, മാതൃശിശുക്ഷേമ കേന്ദ്രങ്ങൾ, അവയിലെ ഉദ്യോഗസ്ഥർ |
| 8 | പട്ടികവർഗ്ഗ വികസന വകുപ്പ് | ബാലവാടികൾ, മെഡിക്കൽ യൂണിറ്റ്, നഴ്സറി സ്കൂളുകൾ, മിഡ്വൈഫറി സെന്ററുകൾ, ആയുർവ്വേദ ഡിസ്പെൻസറികൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 9 | ഹോമിയോപ്പതി വകുപ്പ് | ഡിസ്പെൻസറി/ആശുപത്രി, ജീവനക്കാർ |
| 10 | ആയുർവ്വേദ വകുപ്പ് | ആയുർവ്വേദ ഡിസ്പെൻസറി/ആശുപത്രി, ജീവനക്കാർ |
| 11 | പൊതു വിദ്യാഭ്യാസ വകുപ്പ് | സർക്കാർ പ്രീപ്രൈമറി സ്കൂളുകൾ, ഹൈസ്കൂളിനോട് അനുബന്ധമല്ലാത്ത സർക്കാർ പ്രൈമറി സ്കൂളുകൾ (എൽ.പി, യു.പി സ്കൂളുകൾ) |





## ഇതര കമ്മറ്റികൾ അല്ലെങ്കിൽ മറ്റ് ജനാധിപത്യ വേദികൾ

| | |
|---|---|
| പ്രവർത്തന കമ്മറ്റികൾ(കേരള പഞ്ചായത്തി രാജ് നിയമം 163) കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 35 | കൃഷി, ശുചിത്വം, വാർത്താവിനിമയം, പൊതുശൗചാലയം, വിദ്യാഭ്യാസം എന്നിവക്കായി തദ്ദേശസ്ഥാപന ങ്ങൾക്ക് പ്രവർത്തന കമ്മറ്റികൾ തുടങ്ങാം. |
| സബ് കമ്മറ്റികൾ(കേരള പഞ്ചായത്തിരാജ് നിയമം 164) K.M.A. സെക്ഷൻ 37 | സ്റ്റാന്റിംഗ് കമ്മറ്റിയോ പ്രവർത്തന കമ്മറ്റിയോ .......... പദ്ധതിയോ പ്രോജക്ടോ പ്രവർത്തിയോ പ്ലാനോ നട...............ന്നതിനായി സബ് കമ്മറ്റികൾക്ക് രൂപം നൽകാവുന്നതാണ്. |
| വാർഡ് കമ്മറ്റികൾ(കേരള പഞ്ചായത്തിരാജ് നിയമം 164) കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 42, 42എ | ഗ്രാമപഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ .............ന്റെ ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് വാർഡ് കമ്മറ്റികൾക്ക് രൂപം നൽകാം. ഭരണഘടനയുടെ അനുച്ഛേദം 249(...) പ്രകാരം ഗ്രാമസഭയിലും വാർഡ് കമ്മറ്റിക്ക് രൂപം നൽകാം. എന്നാൽ ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഭകളിൽ വാർഡ് സഭയ്ക്ക്............ 42-ാം വകുപ്പ് പ്രകാരം ഓരോ വാർഡുകളിലുമായി............... രൂപം നൽകേണ്ടതാണ്. |
| ജോയിന്റ് കമ്മിറ്റികേരള പഞ്ചായത്തിരാജ് ആക്ട് സെക്ഷൻ 165 കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 37 | ഒന്നോ അതിലധികമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചേർന്ന് കൂട്ടായി ഒരു പ്രവർത്തി ഏറ്റെടുക്കേണ്ടി വരുമ്പോൾ അതിനായി ജോയിന്റ് കമ്മറ്റികൾക്ക് രൂപം നൽകാവുന്നതാണ്. കൂടാതെ മറ്റ് ധാരാളം കമ്മറ്റി സംവിധാനങ്ങളുമുണ്ട്. |
| ജനകീയ കമ്മിറ്റികൾകേരള പഞ്ചായത്തി രാജ് ആക്ട് സെക്ഷൻ 164 | ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, വായനശാലകൾ, പാടശേഖര സമിതി, മഹിളാ സമാജങ്ങൾ, ജാഗ്രതാ സമിതി, റസിഡൻസ് ........ ക്ലബ്ബുകൾ തുടങ്ങി ഒട്ടനവധി കമ്മറ്റികൾ ചുറ്റിനുമുണ്ട്. |







## ബ്ലോക്ക് പഞ്ചായത്ത്

| | | |
|---|---|---|
| 1 | സാമൂഹിക നീതി വകുപ്പ് | കെയർഹോമുകളും ഓൾഡേജ് ഹോമുകളും അതുപോലെയുള്ള മറ്റ് സ്ഥാപനങ്ങളും ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസറും. |
| 2 | പട്ടികജാതി വികസന വകുപ്പ് | 1. പ്രീമെട്രിക് ഹോസ്റ്റലുകളും അതിലെ ജീവനക്കാരും<br>2. എസ്.സി ഡവലപ്മെന്റ് ഓഫീസർ തസ്തിക (എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സേവനം ലഭ്യമാക്കണം) |
| 3 | പട്ടികവർഗ്ഗ വികസന വകുപ്പ് | 1. പ്രീമെട്രിക് ഹോസ്റ്റലുകൾ 2. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ (എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സേവനം ലഭ്യമാക്കണം) |
| 4 | ആരോഗ്യ വകുപ്പ് | അതതു സ്ഥലത്തെ ബ്ലോക്ക് ലെവൽ പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി/ഗവ ആശുപത്രി, ജീവനക്കാർ |
| 5 | ആയുർവ്വേദ വകുപ്പ് | അതതു സ്ഥലത്തെ താലൂക്ക് ആശുപത്രികൾ, ജീവനക്കാർ |
| 6 | ഹോമിയോപ്പതി വകുപ്പ് | അതതു സ്ഥലത്തെ താലൂക്ക് ആശുപത്രികൾ, ജീവനക്കാർ |
| 7 | ഗ്രാമ വികസന വകുപ്പ് | ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ തസ്തികയും അനുബന്ധ തസ്തികയും. വി.ഇ.ഒ, വി.ഇ.ഒ ഓഫീസുകളും തസ്തികകളും ഉൾപ്പെടുന്നതല്ല. |
| 8 | വ്യവസായ വകുപ്പ് | ഒരു ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തിക |
| 9 | കൃഷി വകുപ്പ് | അസിസ്റ്റന്റ് ഡയറക്ടർ തസ്തികയും അനുബന്ധ തസ്തികകളും |
| 10 | ക്ഷീര വികസന വകുപ്പ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 11 | മൃഗ സംരക്ഷണ വകുപ്പ് | വെറ്ററിനറി പോളിക്ലിനിക്ക് (എസ് എൽ.ബി.പി) ജില്ലാ ഓഫീസ്/കാഫ് ഫീഡ് സബ്സിഡി ജില്ലാ ഓഫീസ്/ ഐ.സി.ഡി.പി.പ്രോജക്ട്/ റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്റർ എന്നിവിടങ്ങളിൽ നിന്നുള്ള വെറ്ററിനറി സർജന്റെയോ അസി. ഡയറക്ടറുടെയോ സേവനം മൃഗസംരക്ഷണ വകുപ്പ് വിട്ടുകൊടുക്കണം |


## മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ

| | | |
|---|---|---|
| 1 | കൃഷി വകുപ്പ് | എ. അതതുസ്ഥലത്തെ കൃഷിഭവൻ, സ്റ്റാഫ്ബി. ഒരു കൃഷി ഡപ്യൂട്ടി ഡയറക്ടർ (ഈ തസ്തിക ജില്ലാ ആസ്ഥാനത്തെ നഗരസഭയ്ക്കാണ് വിട്ടുകൊടുക്കുക. എന്നാൽ സേവനം ജില്ലയിലെ മറ്റ് നഗരസഭകൾക്കും ലഭ്യമാക്കേണ്ടതാണ്) |
| 2 | വ്യവസായ വകുപ്പ് | ഒരു ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3 | മത്സ്യബന്ധന വകുപ്പ് | ഒരു ഫിഷറീസ് സബ് ഇൻസ്പെക്ടർ (ആവശ്യമുള്ള നഗരസകൾക്കു മാത്രം) |
| 4 | മൃഗസംരക്ഷണ വകുപ്പ് | അതതു സ്ഥലത്തെ ഒരു വെറ്ററിനറി പോളിക്ലിനിക്ക്, സബ്സെന്റർ, ഡിസ്പെൻസറി |
| 5 | പൊതുവിദ്യാഭ്യാസ വകുപ്പ് | അതതു സ്ഥലത്തെ ഹയർ സെക്കന്ററി വരെയുള്ള സർക്കാർ സ്കൂളുകൾ |
| 6 | സഹകരണ വകുപ്പ് | ഒരു സീനിയർ സഹകരണ ഇൻസ്പെക്ടർ (ഈ തസ്തിക ജില്ലാ ആസ്ഥാനത്തെ നഗരസഭയ്ക്കാണ് നൽകുക. എന്നാൽ, ജില്ലയിലെ എല്ലാ നഗരസഭകൾക്കും സേവനം ലഭ്യമാക്കേണ്ടതാണ്). |
| 7 | പട്ടികജാതി വികസന വകുപ്പ് | പട്ടികജാതി വികസന ഓഫീസർ (പട്ടികജാതി ക്ഷേമം, (പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ) |
| 8 | സാമൂഹിക നീതി വകുപ്പ് | അതതു സ്ഥലത്തെ ഡേകെയർ സെന്ററുകൾ, അങ്കണവാടികൾ, അതുപോലുള്ള മറ്റ് സ്ഥാപനങ്ങൾ (ഉദാ: വൃദ്ധസദനം), C.D.P.O./A.C.D.P.O. |
| 9 | ആരോഗ്യവകുപ്പ് | അതതു സ്ഥലത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പബ്ലിക് ഹെൽത്ത് സെന്ററുകൾ, ഗവ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ |
| 10 | ആയൂർവേദ വകുപ്പ് | അതതു സ്ഥലത്തെ താലൂക്കാശുപത്രികൾ, ജീവനക്കാർ |
| 11 | ഹോമിയോപ്പതി വകുപ്പ് | അതതു സ്ഥലത്തെ താലൂക്കാശുപത്രികൾ, ജീവനക്കാർ |

| ജില്ലാ പഞ്ചായത്ത് | | |
|---|---|---|
| 1 | കൃഷിവകുപ്പ് | 1. ജില്ലാതല പ്രിൻസിപ്പൽ അഗ്രികൾച്ചറൽ, ഓഫീസറും സ്റ്റാഫും 2. രണ്ടു കൃഷി ഡെ. ഡയറക്ടർ തസ്തികകളും അനുബന്ധ തസ്തികകളും 3. ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ തസ്തികയും അനുബന്ധ തസ്തികകളും 4. അസി. എക്സി എൻജിനീയർ തസ്തികയും അനുബന്ധ തസ്തികകളും5. അതതു സ്ഥലത്തെ മണ്ണുപരിശോധനാ ലബോറട്ടറി 6. മൊബൈൽ മണ്ണ് പരിശോധനാ ലബോറട്ടറി7. ജില്ലാ വിൽപ്പന കേന്ദ്രം.8. ജില്ലാ കൃഷിത്തോട്ടം/ തെങ്ങിൻ തൈ നഴ്സറി |
| 2 | മത്സ്യബന്ധന വകുപ്പ് | 1. ജില്ലാതല ഡപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസും സ്റ്റാഫും2 ഫിഷറീസ് സ്കൂൾ |
| 3 | മൃഗ സംരക്ഷണ | 1. ജില്ലാ മൃഗസംരക്ഷണ ഓഫീസറും സ്റ്റാഫും 2. ജില്ലാ ആശുപത്രി 3. റീജിയണൽ ഫാമുകളല്ലാത്ത ഫാമുകളും ബ്രീഡിംഗ് വകുപ്പ് ഫാമുകളും 4. വെറ്ററിനറി പോളിക്ലിനിക്ക്, ഏരിയാ ഓഫീസ്, മൊബൈൽ വെറ്ററിനറി ഡിസ്പെൻസറി, മൊബൈൽ ഫാം യൂണിറ്റ്, ജില്ലാ വെറ്ററിനറി കേന്ദ്രത്തോടു ബന്ധപ്പെട്ടതല്ലാത്ത ക്ലിനിക്കൽ ലബോറട്ടറി (മൊബൈൽ യൂണിറ്റുകളുടെയും ക്ലിനിക്കൽ ലബോറട്ടറികളുടെയും സേവനം നഗര പ്രദേശങ്ങളിലും ലഭ്യമാക്കണം) |
| 4 | പൊതുവിദ്യാഭ്യാസ | 1 വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അസി. വിദ്യാഭ്യാസ ഓഫീസർ എന്നിവരും അവരുടെ സ്റ്റാഫും 2. വകുപ്പ് അതതു സ്ഥലത്തെ ഹൈസ്കൂളുകളും ഹൈസ്കൂളിനോട് അനുസച്ചുള്ള പ്രൈമറി സ ്കൂളുകളും സ്റ്റാഫും 3. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ, സ്റ്റാഫ്, 4. ഹയർ സെക്കൻഡറി സ്കൂളുകൾ, സ്റ്റാഫ്, 5. ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം, 6. ടി.ടി.ഐ കൾ, പി.പി.ടി.ടി.ഐ കൾ, സ്പെഷ്യൽ സ്കൂളുകൾ |
| 5 | ചെറുകിട ജലസേചന വകുപ്പ് | ഒരു അസി. എൻജിനീയറും അനുബന്ധ സ്റ്റാഫും അടങ്ങുന്ന ഒരു സെഷൻ |
| 6 | സാങ്കേതിക വിദ്യാഭ്യാസ | 1. അതതു സ്ഥലത്തെ ടൈലറിംഗ് ഗാർമെന്റ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ, 2. അതതു സ്ഥലത്തെ ടൈലറിംഗ് ട്രേഡ് വകുപ്പ് സെന്റർ |
| 7 | ഗ്രാമവികസന വകുപ്പ് | 1. ഫംഗ്ഷണൽ ലിറ്ററസി പ്രോജക്റ്റ് ഓഫീസറും സ്റ്റാഫും, 2. വനിതാ ക്ഷേമ ഓഫീസറും സ്റ്റാഫും3. ദാരിദ്ര്യ ലഘൂകരണ വിഭാഗം (പി.എ.യു) ജീവനക്കാർ |
| 8 | വ്യവസായ വകുപ്പ് | ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം |
| 9 | ആരോഗ്യവകുപ്പ് | 1. ജില്ലാ മെഡിക്കൽ ഓഫീസറും സ്റ്റാഫും, 2. ജില്ലാതല ആശുപത്രിയും സ്റ്റാഫും |
| 10 | സഹകരണ വകുപ്പ് | ഒരു അസി. രജിസ്ട്രാർ തസ്തികയും ഒരു ക്ലർക്കും |
| 11 | ഹോമിയോ വകുപ്പ് | 1. ജില്ലാ മെഡിക്കൽ ഓഫീസറും സ്റ്റാഫും, 2. ജില്ലാതല ആശുപത്രിയും സ്റ്റാഫും |
| 12 | ആയുർവേദ വകുപ്പ് | 1. ജില്ലാ മെഡിക്കൽ ഓഫീസറും സ്റ്റാഫും, 2. ജില്ലാതല ആശുപത്രിയും സ്റ്റാഫും |
| 13 | ക്ഷീരവികസന വകുപ്പ് | ജില്ലാതല ഡപ്യൂട്ടി ഡയറക്ടറും സ്റ്റാഫും |
| 14 | സാമൂഹിക നീതി വകുപ്പ് | 1. ജില്ലാ സോഷ്യൽ വെൽഫയർ ഓഫീസറും സ്റ്റാഫും 2. ജില്ലാ പ്രോഗ്രാം ഓഫീസർ (ഐ.സി.ഡി.എസ്.) |
| 15 | പട്ടികവർഗ്ഗ വികസന വകുപ്പ് | ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ടുകളും/ ജില്ലാ ട്രൈബൽ ഡവലപ്മെന്റ് ഓഫീസറും |
| 16 | പട്ടികജാതി വികസന വകുപ്പ് | ജില്ലാ പട്ടികജാതി വികസന ഓഫീസറും സ്റ്റാഫും, പ്രീമെട്രിക് ഹോസ്റ്റലുകൾ, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ |
| 17 | ഖാദി | കേരളാ ഖാദി വ്യവസായ ബോർഡ് ജില്ലാതല ഉദ്യോഗസ്ഥർ |

| തദ്ദേശ സ്വയംഭരണ സ്ഥാപനം | അംഗങ്ങളുടെ എണ്ണം |
|---|---|
| ഗ്രാമപഞ്ചായത്ത് | കുറഞ്ഞത് 14 കൂടിയത് 24 |
| ബ്ലോക്ക് പഞ്ചായത്ത് | കുറഞ്ഞത് 14 കൂടിയത് 24 |
| ജില്ലാ പഞ്ചായത്ത് | കുറഞ്ഞത് 17 കൂടിയത് 33 |
| മുനിസിപ്പാലിറ്റി | കുറഞ്ഞത് 26 കൂടിയത് 53 |
| മുനിസിപ്പൽ കോർപ്പറേഷൻ | കുറഞ്ഞത് 56 കൂടിയത് 101 |

കേരള സംസ്ഥാന നിയമസഭയുടെ 28.05.2024 ലെ ബിൽ പ്രകാരം



*Printerd and Published By : Joy Joseph Mookkenthottam, Printerd at : St. Alphonsa Press pala, 1000 Copies for Private Circulation Only*



ജനാധിപത്യം സംരക്ഷിക്കാൻ ഒന്നിക്കൂ...
പങ്കെടുക്കൂ... പ്രതികരിക്കൂ... വോട്ടു ചെയ്യൂ...

# വിപ്ലവം
## 2025 ഗ്രാമപഞ്ചായത്തു തിരഞ്ഞെടുപ്പിൽ നിന്നു തുടങ്ങട്ടെ

**ജനസംഖ്യയിലെ 90% വരുന്ന ഒഴിവാക്കപ്പെട്ട ഭൂരിപക്ഷ കേരളമേ,**
**പൗരന്മാരുടെ (നിങ്ങളുടെ) യാചക മനോഭാവം ഉപേക്ഷിക്കൂ...**

**സംഘടിതർ** നിയന്ത്രിക്കുന്ന **ജനാധിപത്യം ഏകാധിപത്യ**മാണ്

**ഭൂരിപക്ഷം** നിയന്ത്രിക്കുന്ന **ജനാധിപത്യം** കേരളത്തിൽ നടപ്പിലാകട്ടെ

**ഗ്രാമസഭ** ആകട്ടെ വിപ്ലവവേദി



**10% താഴെ വരുന്ന സംഘടിതരെയും ജനപ്രതിനിധികളെയും ജനാധിപത്യത്തിലെ രാജാക്കന്മാരായ നിങ്ങൾ എന്തിനു സാറെ എന്നു വിളിക്കണം ? രാജാക്കന്മാരായി കരുതണം ?**

**യുവത വോട്ടവകാശം വിനിയോഗിക്കണം, ജനാധിപത്യത്തെ സംരക്ഷിക്കണം, നിങ്ങളുടെ മൊബൈൽ, വാട്സാപ്പ്, ഫേസ്ബുക്ക്, കണക്ടിവിറ്റി 24x7, 365 ദിവസം എന്നും നിലനിർത്താൻ**

സംഘടിതന്റെ ശമ്പളം 436 ഇരട്ടി കൂടിയപ്പോൾ 33 ഇരട്ടി മാത്രം വിലകൂടിയ റബർ കർഷകാ, 19 ഇരട്ടി മാത്രം കൂടിയ നെൽകർഷകാ, 30 ഇരട്ടി മാത്രം കൂടിയ ക്ഷീര കർഷകാ, ഇതിലും താഴെ മാത്രം വരുമാനം കൂടിയ മറ്റു കർഷകാ നിങ്ങളുടെ വരുമാനം കൂട്ടാൻ





- ലോകത്തിലെ ഏറ്റവും ഗൗരവമേറിയ "അവശ്യ സർവീസായ" വരുമാനമില്ലാത്ത വീട്ടമ്മമാർക്ക് പ്രതിമാസം 3000 രൂപ ഒന്നാം തീയതി തന്നെ ഇൻസെന്റീവ് നൽകാൻ.
- 1600 രൂപ സാമൂഹിക സുരക്ഷ പെൻഷൻ തിരഞ്ഞെടുപ്പുകാലത്ത് മാത്രം നൽകുന്ന രീതി അവസാനിപ്പിച്ച് പ്രതിമാസം സർക്കാർ ജീവനക്കാരുടെ ശമ്പളത്തോടൊപ്പം തന്നെ 3000 രൂപ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കാൻ.
- മറ്റു വരുമാന മാർഗ്ഗങ്ങളില്ലാത്ത 20 ലക്ഷം ദരിദ്ര കുടുംബങ്ങൾക്ക് സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകുന്ന അന്നുതന്നെ പ്രതിമാസം 5000 രൂപ നിങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കാൻ

- ഉപാധിരഹിത സർവ്വ സ്വാതന്ത്ര്യ ഭൂമി കർഷക പൗര അവകാശമാക്കാൻ
- മനുഷ്യജീവി കൊലപാതകങ്ങൾക്ക് അടിയന്തിര അന്ത്യം കുറിക്കാൻ
- കർഷക വിരുദ്ധ പരിസ്ഥിതി വാദത്തിനെതിരെ ശക്തമായ നിലപാടെടുക്കാൻ
- ആദിവാസി ദളിത് വിഭാഗങ്ങളെ ഐശ്വര്യത്തിലേക്ക് കൈപിടിച്ചുയർത്താൻ



ജനാധിപത്യത്തിൽ ഭരണം പൗരൻമാരുടേതാകണം

**വികസനമെത്താത്ത ഭൂരിപക്ഷ കേരളത്തിലെ ഒഴിവാക്കപ്പെട്ട ഭൂരിപക്ഷ കേരളത്തിന്റെ സ്വരമാകാൻ**

നമുക്ക് അണിചേരാം

# ജനശബ്ദം

2025 മെയ് 10, 11 തീയതികളിൽ മൂവാറ്റുപുഴ – ൽ നടന്ന ഒഴിവാക്കപ്പെട്ട ഭൂരിപക്ഷ കേരളം – കർഷക മഹാപഞ്ചായത്ത് തീരുമാനപ്രകാരം കേരളത്തിലെ 111 കർഷക/ജനകീയ സംഘടന നേതാക്കളിൽ നിന്നും രൂപീകരിച്ച ഉപസമിതി തയ്യാറാക്കിയ സാഹചര്യ വിശകലനരേഖ.

നന്മയുടെ, നേരിന്റെ, സത്യസന്ധതയുടെ, സാമൂഹിക നീതിയുടെ കൂട്ടായ പ്രസ്ഥാനത്തിൽ അണിചേരാം ഒന്നിക്കാം.